Reg. M. No. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."


പുസ്തകം 28 | 1130 ധനു 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജനുവരി 5 | ലക്കം 20

## സ്റ്റാലിനു ഫാത്തിമായുടെ മറുപടി

(മോൺ. ഫുൾട്ടൻ ജെ. ഷീൻ)

1951 ഒക്ടോബർ 13-ാംനു കമ്മ്യൂണിസം തോല്പിക്കപ്പെട്ടു: എന്നാൽ ആ വിവരം ഇതുവരെയും പുറത്തായിട്ടില്ല!

നീതിമാന്മാരായ പത്തുപേർ സോദോമിനും ഗോമോറായ്ക്കും ചെയ്യുമായിരുന്ന കാര്യം, തീർച്ചയായും ത്യാഗശീലികളായ 1,000,000 പേർക്ക ലോകത്തിനുവേണ്ടി ചെയ്യാൻ സാധിക്കും. സോവ്യററു ചിഹ്നങ്ങളായ അരിവാളും ചുററികയും ഫാത്തിമായിലെ ത്യാഗപ്രവൃത്തികളുടെ ഫലമായി പുതിയ ഒരു ആശയം സ്വീകരിക്കുന്നദിവസം വരും. കലപ്പകളായിത്തീരേണ്ട ഇരുമ്പിനെ വാളായി മാററുന്ന ചുററികയും, മനുഷ്യശിരസ്സുകളെ നെല്ലെന്നപോലെ കൊയ്തുകളഞ്ഞുകൊണ്ടിരിക്കുന്ന അരിവാളും അപ്രത്യക്ഷമാകതന്നെ ചെയ്യും. ചുററിക കുരിശിന്റെ രൂപം പ്രാപിക്കും: അരിവാൾ മാതാവിന്റെ പാദത്തിങ്കൽ ചിത്രീകരിച്ചിട്ടുള്ള ചന്ദ്രനായി മാറും.




**മാർഷൽ ടിറേറായെ "വെള്ളപൂശുന്നു"**

യൂഗോസ്ലാവിയായിലെ പ്രസിഡൻറു് മാർഷൽ ടിറേറാ ഒരു കമ്മ്യൂണിസ്റ്റാണെങ്കിലും സോവ്യററു് മേധാവിത്വം അദ്ദേഹത്തിനിഷ്ടമല്ല. ഏഷ്യൻ രാഷ്ട്രങ്ങളുമായുള്ള സഹവർത്തിത്വത്തിനു വഴിതെളിക്കുവാനായിരിക്കാം അദ്ദേഹത്തിന്റെ ഇന്ത്യാസന്ദർശനം. എത്ര വെള്ളതേച്ചാലും അദ്ദേഹം രക്തപങ്കിലമായ കമ്മ്യൂണിസത്തിൽ അടിയുറച്ച വിശ്വാസിയാണെന്നുള്ള വസ്തുത മറയ്ക്കാൻ സാദ്ധ്യമാകുമെന്നു തോന്നുന്നില്ല. (ഒരുകൊല്ലം മുമ്പു് ചില യൂറോപ്യൻ ശക്തികൾ ടിറേറായെ വെള്ളപൂശുന്നഭാവനാചിത്രം ഒരു ഇംഗ്ലീഷ് മാസികയിൽ കൊടുത്തിരുന്നതാണു് മുകളിൽ ചേർത്തിരിക്കുന്നതു്.)

കമ്മ്യൂണിസം ഒരു വിശ്വാസമാണു്, അതിനെ വിശ്വാസം കൊണ്ടു മാത്രമേ ജയിക്കാൻ നിവൃത്തിയുള്ളു. വൻശക്തികൾ കമ്മ്യൂണിസ്റ്റാക്രമണത്തെ തടുത്തേക്കാം. എന്നാൽ അവ കമ്മ്യൂണിസത്തെ നിറുത്തുകയില്ല. ത്യാഗം വഴിക്കും പരിഹാരപ്രവൃത്തികൾ മൂലവും ഫാത്തിമായിൽനിന്നു വരുന്ന ആക്രമണത്തെ കമ്മ്യൂണിസത്തിനു ചെറുക്കാൻ സാധിക്കയില്ല. മഴയും, ചേറും, ഉറക്കംകൂടാതെയുള്ള രാത്രിയും, മാതാവിനോടുള്ള ഭക്തിയും ഫാത്തിമായെ "നിർമ്മിക്കുന്നു." ലോകത്തിലെ എല്ലാ മനുഷ്യരുംതന്നെ രാത്രി കഴിക്കാൻ ഒരു കട്ടിലുകിട്ടാൻ ആഗ്രഹിക്കുന്നു. ഫാത്തിമായിലാകട്ടെ അവർക്ക രാത്രി കഴിക്കാനാവശ്യമായിരുന്നതു് ഒരു കൊന്ത മാത്രം. ആ രാത്രി വിശ്വാസികൾ ഉപയോഗിച്ചിരുന്ന ലക്ഷക്കണക്കിനു കൊന്തക്കുരുകൾക്കു് കമ്മ്യൂണിസത്തെ നശിപ്പിക്കുന്നതിനു്, അത്രയും വെടിയുണ്ടകളേക്കാൾ ശക്തിയുണ്ടായിരുന്നു.

സ്റ്റാലിൻ ഒരിക്കൽ പുച്ഛസ്വരത്തിൽ ചോദിക്കയുണ്ടായി "പോപ്പിനു എത്രകൂട്ടം (division) പടയാളികളുണ്ടു്" എന്നു്. ഫാത്തിമായിലാണു് അതിനു മറുപടി കൊടുത്തതു്. "ഒരു ലക്ഷം" ഒരു ലക്ഷത്തിൽ ഓരോരുത്തരും എരിയുന്ന സ്നേഹം നിറഞ്ഞ 15 രഹസ്യങ്ങൾകൊണ്ടു തയ്യാറെടുത്തിട്ടുള്ളവരാണു്.

സ്റ്റാലിൻ പറഞ്ഞിരുന്നു തനിക്കു് (Peace) സമാധാനമാണു് ആവശ്യമെന്നു്. എന്നാൽ സ്റ്റാലിൻ ഉദ്ദേശിച്ചതു് ചൈനയുടേയും പോളണ്ടിന്റേയും കൊറിയായുടെയും ഓരോ ഭാഗം (Piece) ആണു്. ഫാത്തിമായും സമാധാനം ആഗ്രഹിക്കുന്നു. എന്നാൽ അതിനറിയാം മനുഷ്യൻ തന്റെ ഏററം വലിയ ശത്രുക്കളോടു മല്ലിട്ടെങ്കിൽ മാത്രമേ സമാധാനം കൈവരികയുള്ളു. അതായതു് സ്വാർത്ഥതയോടും വൈരത്തോടും പാപത്തോടും. ഇരുൾനിറഞ്ഞതും, തണുപ്പുള്ളതുമായിരുന്ന ആ ഒക്ടോബർ 12-ാം തിയതി ആയിരക്കണക്കിനു സ്ത്രീകളും പുരുഷന്മാരും ദൈവികമല്ലാത്ത എല്ലാററിനോടും എതിരിടുകയാണു ചെയ്തിരുന്നതു്. പിറേറദിവസം നേരം വെളുത്തപ്പോൾ എല്ലാവർക്കും മനസ്സിലായി ദൈവം ജയിച്ചു എന്നു്.

1917 ഒക്ടോബർ 13-നു് ദിവ്യജനനി ഫാത്തിമായിൽ പ്രത്യക്ഷയായപ്പോൾ കമ്മ്യൂണിസം ലോകത്തിന്റെ ഉള്ളിലേക്കു നുഴഞ്ഞു കയറിക്കൊണ്ടിരിക്കയായിരുന്നു. അടുത്ത 34 വർഷങ്ങൾക്കുള്ളിൽ ഈ ബാധ ഭൂമുഖത്തുനിന്നു മറയാതിരിക്കയില്ല. ഭൂമിയിൽനിന്നു മറയുന്നതു് റഷ്യൻ തെരുവിൽനിന്നുംകൊണ്ടു് സൈന്യങ്ങ

(ശേഷം 3-ാം പേജിൽ)

പരിശുദ്ധ ജനനി 1917 ഒക്ടോബർ 13-ാംനു ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടപ്പോൾ മഴപെയ്തിരുന്നു. മഴപെയ്യുന്നതു് അനുഗ്രഹത്തിന്റെ ഒരു ലക്ഷ്യമാണെന്നു മനുഷ്യൻ ഊഹിക്കാറുണ്ടു്. പ്രത്യക്ഷപ്പെട്ടതിന്റെ തലേദിവസം അവിടെ തിങ്ങിക്കൂടിയ 60,000 ജനങ്ങളിൽ മുഴുവൻപേരും ആ മഴ നനഞ്ഞു പ്രാർത്ഥിച്ചുകൊണ്ടു് രാത്രി കഴിച്ചു. 13-ാംനു അവിടെ കൂടിയിരുന്ന ഒരു ലക്ഷം ആളുകളുടെ ദേഹത്തു് ഒരു ചാററൽ മഴമാത്രമേ വീണുള്ളു. എന്നാൽ അതു ധാരാളം മതിയായിരുന്നു അനുഗ്രഹവർഷത്തിന്റെ മുന്നോടിയാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താൻ.

ചെളിയിൽനിന്നു പ്രാർത്ഥിക്കണമെന്നു മനുഷ്യനു പ്രത്യേക ആഗ്രഹമൊന്നുമില്ല. സാധാരണമായി മഴ ശരീരത്തെയെന്നപോലെ ഹൃദയത്തെയും മന്ദീഭവിപ്പിക്കുകയാണു ചെയ്യുന്നതു്. എന്നാൽ മഴയും ചെളിയും അന്നവിടെ കൂടിയിരുന്ന തീർത്ഥകർക്കു് ലോകസമാധാനത്തിനുവേണ്ടി അല്പം ത്യാഗമനുഷ്ഠിക്കാൻ അവസരമായിത്തീരുകയാണു ചെയ്തതു്.

ഫാത്തിമാ രണ്ടു മഹാകാര്യങ്ങൾ ലോകത്തിനു വെളിവാക്കിയിരിക്കുന്നു. ഒന്നു കമ്മ്യൂണിസത്തെ സംബന്ധിച്ചും, മറേറതു് ഇസ്ലാമിനെ സംബന്ധിച്ചും.

ഫാത്തിമാ ലോകത്തിലെ ഏററം ചെറിയ പട്ടണങ്ങളിലൊന്നാണു്. എന്നാൽ കമ്മ്യൂണിസത്തിനെതിരായ ശക്തി അവിടെ നിന്നുണ്ടാകും. മോസ്ക്കോയിലെ ചെന്തെരുവിനെ (Red Square) വെല്ലുവിളിക്കാൻ പോരുന്ന ഏക മഹാശക്തി ഫാത്തിമായിലെ വെള്ളത്തെരു (White Square) വാണു്. മോസ്ക്കോ വൻതോക്കുകൾകൊണ്ടും കമ്മ്യൂണിസത്തിനിരയായ ലക്ഷക്കണക്കിനാളുകളുടെ രക്തം കൊണ്ടു് ചുവപ്പു പിടിപ്പിച്ചിട്ടുള്ള പതാകകൾകൊണ്ടും തിളങ്ങുന്നു. ഫാത്തിമായാകട്ടെ ഒരു ലക്ഷം ആളുകൾ വെള്ളത്തൂവാലകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു് സമാധാനത്തിന്റെ രാജ്ഞിയെ സ്വാഗതം ചെയ്യുന്നതിൽ ഉന്മേഷം കൊള്ളുന്നു.

മോസ്ക്കോക്കു് ആയുധധാരികളായ 14,000,000 പട്ടാളക്കാരുണ്ടു്. ഫാത്തിമായിൽ ഒക്ടോബർ 13-ാംനു കൊന്തയും കൈയിലേന്തിയിട്ടുള്ള 1,000,000 വിശ്വാസികളുണ്ടായിരുന്നു. ദൈവനീതിയുടെ മുമ്പിൽ ഒരാൾക്കു വിശ്വസിക്കാം, നന്മനിറഞ്ഞമറിയമേ എന്ന നമസ്കാരം എണ്ണുന്നുള്ള ആ കൊന്തക്കുരുകൾക്കു സ്റ്റാലിന്റെ ഇരുമ്പായുധങ്ങളെ ജയിപ്പാനുള്ള ശക്തിയുണ്ടായിരുന്നെന്നു്.

(പരിഭാഷകൻ പി. ജോസഫ്, റോം)

വിമർശനവീഥി

# ഇററലി പിടിച്ചടക്കാൻ കമ്മ്യൂണിസ്ററുകളുടെ ശ്രമം

**ക്രൈസ്തവസാമ്രാജ്യത്തിന്റെ ഹൃദയവും യൂറോപ്പിലെ ഒരു സംസ്കാരകേന്ദ്രവുമായ ഇററലി പിടിച്ചെടുത്താൽ അതൊരു വലിയ നേട്ടമായിരിക്കുമെന്നു കമ്മ്യൂണിസ്ററുകൾ മനസ്സിലാക്കി—അമേരിക്കൻ പ്രചാരണവകുപ്പ് ഇററലിയിൽ ചിലവാക്കുന്നതിന്റെ നാല്പതിരട്ടി പണം റഷ്യ ഇററലിയിലെ കമ്മ്യൂണിസ്ററുപ്രചാരണത്തിനു ചിലവിടുന്നു—ദിവസം മുഴുവനും റേഡിയോ പ്രക്ഷേപണങ്ങൾ—അതു് റോം റേഡിയോവിനെക്കാൾ കാര്യക്ഷമം—നാലു പ്രധാന ദിനപ്പത്രങ്ങൾ—35 ലക്ഷം അംഗങ്ങളുള്ള ഏററം വലിയ ട്രേഡ്യൂണിയൻ—കത്തോലിക്കാവോട്ടർമാരെ കബളിപ്പിക്കാൻ ചെങ്കൊടിയിൽ വിശുദ്ധന്മാരുടെ പടമൊട്ടിക്കുന്നു—കത്തോലിക്കർക്കു സഹകരണവും സംരക്ഷണവും വാഗ്ദാനം ചെയ്യുന്നു—വത്തിക്കാന്റെ സുധീര പ്രതിരോധനടപടികളെപ്പോലും ഈ കപടതന്ത്രങ്ങൾ ചിലപ്പോൾ ദുർബ്ബലങ്ങളാക്കാറുണ്ടു്.**

കമ്മ്യൂണിസ്റ്റുകൾ ഇററലിരാജ്യം പിടിച്ചടക്കുവാൻ എത്രവലരെ പണം ചിലവാക്കുന്നുണ്ടെന്നു് ഊഹിക്കാൻപോലും സാദ്ധ്യമല്ല. അവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് അതിന്റെ അംഗങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ട്രേഡ്യൂണിയനുകളിൽനിന്നും ലഭിക്കുന്ന അജ്ഞാതങ്ങളായ സംഖ്യകൾക്കും പുറമെ, കമ്മ്യൂണിസ്റ്റു് ആഭിമുഖ്യത്തിലുള്ള ബിസ്സിനസ്സ് പ്രസ്ഥാനങ്ങളിലും നിയമവിരുദ്ധങ്ങളായ വിദേശവ്യാപാരത്തിലുംനിന്നു് അവക്കു വരുമാനങ്ങളുണ്ടു്. ഇററലിയിലെ ഇപ്പോഴത്തെ പ്രധാനമന്ത്രി ഷെൽബായുടെ ഗവമ്മെൻറു ഏതാനും മാസങ്ങൾക്കു മുൻപു് നടത്തിയ അന്വേഷണത്തിൽനിന്നും തെളിയുന്നു, കൊല്ലംതോറും ഏകദേശം 500 ലക്ഷം ഡോളർ (ഏകദേശം 2375 ലക്ഷം രൂപ) കമ്മ്യൂണിസ്റ്റുപ്രചാരണത്തിനുവേണ്ടി ആ രാജ്യത്തു് പുറമെനിന്നും വരുന്നുണ്ടെന്നു്—അതായതു് അമേരിക്കൻ വിജ്ഞാനവിതരണ ഏജൻസി ഇററലിയിൽ വിനിയോഗിച്ചുകൊണ്ടിരിക്കുന്ന പണത്തിന്റെ 40 ഇരട്ടി.

## പ്രചാരണം വളരെ കാര്യക്ഷമം

ഈ പ്രചാരണം പല വഴിക്കും നടത്തപ്പെടുന്നതു്. വായിക്കുകളും കമ്മ്യൂണിസ്റ്റു് പരിപാടി സ്വീകരിക്കുന്ന ഇടതുപക്ഷസോഷ്യലിസ്റ്റുകാരുടെ പ്രസിദ്ധീകരണങ്ങളും കൂടാതെ, ഇററലിയിൽ നാലു പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റു് പത്രങ്ങൾ സംഘടിതമായി പ്രവർത്തിക്കുന്നു. മിലാൻ, ജിനോവ, ട്യൂറിൻ, റോമാ എന്നിവിടങ്ങളിൽനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഇവയുടെ 4 ലക്ഷത്തിൽപരം പ്രതികൾ ആകെക്കൂടി ചിലവാകുന്നുണ്ടു്. ഇററലിക്കു ചുററുമുള്ള കമ്മ്യൂണിസ്റ്റാധിപത്യ രാജ്യങ്ങളിൽനിന്നു് ഇററാലിയൻ ഭാഷയിലുള്ള 34 റേഡിയോ പ്രക്ഷേപണങ്ങൾ ഇററലിയിൽ മുഴുവനും ദിനംപ്രതി മുഴങ്ങുന്നുണ്ടു്. അൽബേനിയായിൽനിന്നു് കാലത്തു് 6-30നു് തുടങ്ങുന്ന ഈ പ്രക്ഷേപണങ്ങൾ ബൾഗേറിയ, പോളണ്ടു്, റുമേനിയാ, ഹംഗറി, റഷ്യാ, ചെക്കോസ്ലോവാക്യാ ഈ രാജ്യങ്ങളിൽനിന്നും തുടർന്നു ദിവസം മുഴുവനും നിറയ്ക്കുന്നു. ആ "ജനകീയ റിപ്പബ്ലിക്കു"കളിലെ ജീവിതരീതിയെപ്പററി പ്രക്ഷേപണങ്ങൾ യാതൊരു പ്രസ്താവവും ചെയ്യാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും, ഇററാലിയൻകാർക്കു് വിശേഷതാല്പര്യമുള്ള കാര്യങ്ങൾ കമ്മ്യൂണിസ്റ്റുനിറം കൊടുത്തു് പ്രചരിപ്പിക്കുവാൻ ഏകാഗ്രതയോടെ പരിശ്രമിക്കുകയും ചെയ്യുന്നു. റോം റേഡിയോ വാർത്താവിതരണം തുടങ്ങുന്നതിനു മുൻപു് പ്രേഗ് റേഡിയോ പലപ്പോഴും വിതരണം നടത്തുന്നു. അത്രയ്ക്കു കാര്യക്ഷമമാണു് ഈ പ്രക്ഷേപണസമ്പ്രദായം, മോസ്കോളും ഇററലിയിൽ വളരെ ക്രമികൃതമായ ഒരു വിജ്ഞാനവിതരണസർവ്വീസു് ഉണ്ടെന്നുള്ളതു് സുവിദിതമാണു്.

## കമ്മ്യൂണിസ്റ്റു് ട്രേഡ്യൂണിയൻ ഏററവുംവലുതു്

ഇററലിയിലെ ഏററവും വലിയ തൊഴിലാളിസംഘടന ഇററാലിയൻ ജനറൽ കോൺഫെഡറേഷൻ ഓഫ് ലേബർ (CGIL-സിജിഇൽ) ആണു്. അതിനു് 35 ലക്ഷം അംഗങ്ങൾ ഉണ്ടു്. 2-ാംലോകമഹായുദ്ധത്തിനു ശേഷം രൂപീകരിക്കപ്പെട്ട ഈ യൂണിയൻ രാഷ്ട്രീയകാര്യങ്ങളിൽ തലയിടാത്തതും പ്രജായത്തരീതിയിൽ ഭരിക്കപ്പെടുന്നതുമായിട്ടാണു് ആരംഭത്തിൽ ഉദ്ദേശിക്കപ്പെട്ടിരുന്നതു്. എന്നാൽ കമ്മ്യൂണിസ്റ്റുകൾ താമസംവിനാ അതിനെ പിടിച്ചടക്കി. ഈ യൂണിയനെ എതിർക്കാൻ പര്യാപ്തമായ വിധം ഏകീകൃതവും സുശക്തവും കമ്മ്യൂണിസ്റ്റുവിരുദ്ധവുമായ ഒററ യൂണിയനും ഇററലിയിലില്ല. ക്രിസ്റ്റ്യൻ ഡെമാക്രാററു് പാർട്ടിയുടെ (പ്രധാനമന്ത്രിയുൾപ്പെട്ട പാർട്ടിയുടെ) നേതൃത്വത്തിലുള്ള യൂണിയന്റെ (CISL-സിഇസൽ) അംഗത്വം ഏകദേശം 11 ലക്ഷമാണു്. മിതവാദി സോഷ്യലിസ്റ്റു് പാർട്ടിയുടെ നേതൃത്വത്തിലുള്ള യൂണിയനു് (UIL-യുഇൽ) 20,000-ൽ കുറവു് അംഗങ്ങളേ ഉള്ളു.

ഇങ്ങനെ നാനാവഴിക്കുള്ള പ്രവർത്തനശക്തികൾ സ്വാധീനത്തിലുള്ളതുകൊണ്ടു് ഇററാലിയൻ കമ്മ്യൂണിസത്തിനു വളരെ വിജയം കൈവരിക്കാൻ സാധിച്ചതിൽ അത്ഭുതപ്പെടുന്നതിനു വകയില്ല. ചുവപ്പന്മാർ ഇററലിയെ പിടിച്ചടക്കാൻ ഇത്ര കഠിനമായ പരിശ്രമം ചെയ്യുന്നതു് എന്തിനെന്നു മുഴുവൻ വിശദമല്ല. എങ്കിലും ചരിത്രവും ഭൂമിശാസ്ത്രവും ചില സൂചനകൾ നൽകുന്നുണ്ടു്.

## ഇററലിയുടെ പ്രാധാന്യം

റോമൻസാമ്രാജ്യത്തിന്റെ കാലം മുതൽ ഇററലി എല്ലായ്പ്പോഴും യൂറോപ്പിൽ സംസ്കാരികനേതൃത്വം വഹിച്ചിരുന്ന രാജ്യങ്ങളിലൊന്നായിരുന്നു. ഭൂമിശാസ്ത്രപരമായി ഇററലിക്കാണല്ലോ മദ്ധ്യധരണ്യാഴിയുടെ ഒരു വലിയ വിഭാഗത്തിന്മേൽ ആധിപത്യമുള്ളതു്. യൂറോപ്പും പൗരസ്ത്യരാജ്യങ്ങളും തമ്മിൽ ബന്ധിക്കുന്ന പ്രധാന കണ്ണികളിൽ ഒന്നു് എല്ലായ്പോഴും ഇററലിതന്നെയായിരുന്നു. ഇററലിയിൽനിന്നാണു് ക്രിസ്തുമതം ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പടർന്നുപിടിച്ചതു്. അതുപോലെതന്നെ മാർക്സിസവും ലോകമാസകലം പ്രചരിപ്പിക്കുന്നതിനു് ഇററലിയിൽനിന്നാരംഭിക്കുന്നതു നന്നായിരിക്കുമെന്നു സോവിയററധികാരികൾ വിചാരിക്കുന്നുണ്ടാവണം. ഇററലിയിലേയോ ഫ്രാൻസിലേയോ സാമ്പത്തിക, രാഷ്ട്രീയമേഖലകളിൽ എന്തെങ്കിലും പ്രധാനമായ മററമുണ്ടായാൽ താമസിയാതെ യൂറോപ്പിന്റെ മററു ഭാഗങ്ങളിലും, അമേരിക്കയിൽതന്നെയും അതു് ആവർത്തിക്കപ്പെടുക സാധാരണമാണു്. സർവ്വോപരി, ക്രൈസ്തവസാമ്രാജ്യത്തിന്റെ ഹൃദയമായ വത്തിക്കാൻ നഗരം സ്ഥിതിചെയ്യുന്നതു് ഇററലിയിലാണല്ലോ.

## കത്തോലിക്കരുമായി സഹകരണം!

കമ്മ്യൂണിസത്തിന്റെ വിപത്തുകളെപ്പററി മുന്നറിവു നൽകപ്പെട്ടപ്പോൾ, ഇററലിയിലെ സമ്മതിദായകന്മാർ അതിൽ പ്രതിഷേധിക്കാറുണ്ടു്. ഇററാലിയൻ കമ്മ്യൂണിസം മററു സ്ഥലങ്ങളിലെ കമ്മ്യൂണിസത്തിൽനിന്നും



For favours receive
Mrs. Elieswa Joseph
Vamattam, Manjalloor

"വ്യത്യസ്ത"മാണെന്നാണു് അവരുടെ വാദം. അങ്ങനെയൊരു തെററിദ്ധാരണ ജനങ്ങൾക്കു നൽകുന്നതിനു് അവിടത്തെ കമ്മ്യൂണിസ്റ്റുപാർട്ടി തീർച്ചയായും ശ്രമിക്കുന്നുണ്ടു്. പാർട്ടിലൈനിൽ ഏററം അവസാനമായി സ്വീകരിച്ചിരിക്കുന്ന അടവു് "യൂണിററാ" എന്ന പത്രത്തിന്റെ ഭാഷയിൽ കത്തോലിക്കരോടുള്ള "വിപുലതരമായ സമ്പർക്ക"ങ്ങളും "സഹകരണ"വുമാണു്.

ഇററലിയിലെ കമ്മ്യൂണിസ്റ്റു് നേതാവായ ടഗ്ലിയാററി പ്രചാരണസമ്പ്രദായങ്ങൾക്കു് മോസ്കോവിൽനിന്നു പ്രത്യേകപരിശീലനം നേടിയ ആളാണു്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു ഉടനെ മോസ്കോവിൽനിന്നു് അദ്ദേഹം സുരക്ഷിതനായി മടങ്ങിയെത്തി. "കമ്മ്യൂണിസം കത്തോലിക്കാമതത്തെ ആദരിക്കു"മെന്നു് ഉറപ്പുനൽകിക്കൊണ്ടാണു് അദ്ദേഹം തന്റെ ചുവപ്പു പടനീക്കം ആരംഭിച്ചതു്. ഈ മിത്ഥ്യാവാഗ്ദാനത്തിൽ അനവധി ഇററാലിയൻ സമ്മതിദായകന്മാരെ വിശ്വസിപ്പിക്കുന്നതിനു് അദ്ദേഹത്തിനു കഴിഞ്ഞു. ഇററലിയിലെ പുതിയ ഭരണഘടനയിൽ ലാററൻ ഉടമ്പടികൾ കൂട്ടിച്ചേർത്തതിനെ കമ്മ്യൂണിസ്റ്റുകൾ പിന്താങ്ങുകയുണ്ടായി. തന്നെയല്ല, ചില അവസരങ്ങളിൽ അരിവാളും ചുററികയും മാററി വിശുദ്ധ ഡോൺ ബോസ്കോയെപ്പോലുള്ള വിശുദ്ധന്മാരുടെ പടങ്ങൾ കൊടിയടയാളമായി സ്വീകരിക്കുന്നതിനും അവർ മടിച്ചിട്ടില്ല. ഇത്തരം കപടതന്ത്രങ്ങൾകൊണ്ടു് കമ്മ്യൂണിസത്തിനെതിരായുള്ള പരിശുദ്ധ സിംഹാസനത്തിന്റെ പരസ്യപ്രഖ്യാപനങ്ങൾക്കു് ചിലപ്പോൾ വേണ്ടത്ര ഫലം കിട്ടാതെ പോയിട്ടുമുണ്ടു്.

യുദ്ധം കഴിഞ്ഞ ഉടനെ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലുണ്ടായ നയവ്യതിയാനവും ഇററാലിയൻ വോട്ടർമാരുടെ ആശയക്കുഴപ്പം വർദ്ധിപ്പിച്ചിട്ടുണ്ടു്. അവരുടെ അയൽരാജ്യത്തിലെ ഭരണാധിപനായ ടിറേറായെ പല അമേരിക്കക്കാരും ഒരു "നല്ലവനായ" കമ്മ്യൂണിസ്റ്റുകാരൻ എന്നു കരുതിപ്പോരുന്നതും വേറൊരു കാരണമാണു്. കമ്മ്യൂണിസത്തിനു പൊതുവായുള്ള തരക്കേടുകൾ ഒഴിച്ചാൽ കമ്മ്യൂണിസ്റ്റുകൾക്കു രാജ്യസ്നേഹികളും നല്ലവരും ആയിരിക്കാൻ കഴിയുകയില്ലേ എന്ന സംശയത്തിനു് ഇതു വഴിതെളിക്കുന്നു. ഇററലിയിലെ പാർട്ടിലൈൻ നാം പ്രതീക്ഷിക്കുന്ന മാതിരിയൊക്കെത്തന്നെയാണു്. സാമൂഹ്യസ്ഥിതികളിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടു്, ഇററാലിയൻ ദേശീയതയ്ക്കും ഐക്യത്തിനും സമാധാനത്തിനുംവേണ്ടി വാദിച്ചുകൊണ്ടു് അവർ മുന്നേറുകയാണു്. പിന്തുണസമ്പാദിക്കാൻ ഏററവും എളുപ്പമാർഗ്ഗം വാഗ്ദാനങ്ങൾ വാരിവിതറുകയാണല്ലോ. അതു് അവർ നിർല്ലോഭം ചെയ്തുകൊണ്ടിരിക്കുന്നു. E D C തുടങ്ങിയ അമേരിക്കയുടെയും ഐക്യരാഷ്ട്രസഭയുടെയും സഹായപദ്ധതികളെ അവർ ശക്തിയായി എതിർക്കുന്നു.

## സഭയുടെ സുധീരമായ എതിർനടപടികൾ

ഈ കമ്മ്യൂണിസ്ററുപടനീക്കത്തെ നേരിടുന്നതിനു് സഭ അതിന്റെ കൈവശമുള്ള എല്ലാ ആത്മീയായുധങ്ങളും അണിനിരത്തിക്കഴിഞ്ഞു. "ഒസ്സർവത്തോരെ റൊമാനോ"യും മററു കത്തോലിക്കാപ്പത്രങ്ങളും മുഖപ്രസംഗങ്ങൾ എഴുതിയതുമുതൽ 1949 ജൂലൈ മാസത്തിൽ കമ്മ്യൂണിസ്ററുകാരെ ഒന്നടങ്കം മഹറോൻശിക്ഷയിൽ ഉൾപ്പെടുത്തിയതുവരെയുള്ള സുധീരനടപടികൾ സുവിദിതങ്ങളാണല്ലോ. ഇററലിയിലെ അതിപ്രശസ്തമായ കമ്മ്യൂണിസ്ററുവിരുദ്ധപ്രവർത്തനങ്ങളിൽ ഒന്നു്, കർദ്ദിനാൾ ലെർക്കാറോ തിരുമേനി രൂപീകരിച്ചിരിക്കുന്ന സന്യാസികളുടെ "ഷെഫ്ളയിംഗ് സ്ക്വാഡ്" ആണു്. ഈ സംഘാംഗങ്ങൾ മിഷണറിമാരെപ്പോലെ കമ്മ്യൂണിസ്റ്റധീനപ്രദേശങ്ങളിൽ കടന്നുചെന്നു് അവരോടു് സമരം ചെയ്യുന്നു. (ജീവരക്ഷയ്ക്കുവേണ്ടി യഥാർത്ഥ "സമരം" തന്നെയും നടത്തേണ്ടിവരുന്ന ഘട്ടങ്ങൾ അപൂർവ്വമല്ല). ഇതിനൊക്കെ പുറമേ ഇററാലിയൻ കത്തോലിക്കപ്രവർത്തനസംഘത്തിന്റെ യത്നങ്ങളും വൈദികരുടെയും അത്മായരുടെയും വ്യക്തിഗതപരിശ്രമങ്ങളും, വിദേശത്തുനിന്നു പ്രചോദനമുൾക്കൊണ്ടുവളരുന്ന കമ്മ്യൂണിസ്ററു മുന്നേററത്തെ തടയുവാൻ അങ്ങേയററം സഹായിക്കുന്നുണ്ടു്.

കമ്മ്യൂണിസത്തിനെതിരായുള്ള ഗവണ്മെൻറിന്റെ നിലപാടു ശക്തിപ്പെടുത്തുന്നതിനും പരസ്യമാക്കുന്നതിനും മേരിയോസിൽബാ പ്രധാനമന്ത്രിയായതിൽ പിന്നെ ശ്രമിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ തീരൂ. അടുത്തകാലംവരെ ഗവണ്മെൻറിന്റെ പണവും ആഫീസുകളും മററു സാമഗ്രികളും കമ്മ്യൂണിസ്ററു പ്രചാരണത്തിനുവേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്നു. ഇന്നു് ആ ഏർപ്പാടു് തീർത്തും നിർത്തലാക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടു്.

## ദാരിദ്ര്യമല്ല കാരണം

ദാരിദ്ര്യത്തെ ഒരു രാത്രികൊണ്ടു് ഉന്മൂലനം ചെയ്യാനാക്കു് സാധ്യമല്ല; കമ്മ്യൂണിസത്തെയുമങ്ങനെതന്നെ. ദാരിദ്ര്യവും കമ്മ്യൂണിസവുമായുള്ള ബന്ധം അഭേദ്യമാണെന്ന അഭിപ്രായത്തിനു പ്രാബല്യം നൽകിക്കാണുന്നുണ്ടു്. ഇററലിയിലെ തൊഴിലില്ലാത്തവരുടെ ജനസംഖ്യ ഏകദേശം രണ്ടുലക്ഷമാണു്. കമ്മ്യൂണിസ്ററു കൊടിപിടുത്തക്കാരുടെ സംഖ്യയും ഏകദേശം അത്രയുംതന്നെ വരുമെന്നറിയുമ്പോൾ ദാരിദ്ര്യമാണു് കമ്മ്യൂണിസത്തിനു കാരണമെന്നു തോന്നാം. എന്നാൽ ഭൂമിശാസ്ത്രപരമായ ഒരു വിചിന്തനത്തിനു് നാം മുതിരുന്നപക്ഷം ഈ തോന്നലിൽ വലിയ കഴമ്പൊന്നുമില്ലെന്നു മനസ്സിലാകും. രാജ്യത്തിന്റെ ഉത്തരമദ്ധ്യപ്രദേശങ്ങളിലാണു് കമ്മ്യൂണിസത്തിനു വലിയ പ്രാബല്യമുള്ളതു്. അവിടങ്ങളിൽ ഏതാണ്ടു് ഒന്നര ശതമാനം മുതൽ ആറുശതമാനംവരെ മാത്രമേ ദാരിദ്ര്യപീഡിതരായിട്ടുള്ളു. ദക്ഷിണ ഇററലിയിൽ 28 ശതമാനമാളുകൾ ദരിദ്രനാരായണന്മാരാണു്. എങ്കിലും കമ്മ്യൂണിസ്ററുകൾക്കു് അവിടെ വലിയ പിടിപാടൊന്നുമില്ല.

ഇററലിയുടെ ഉത്തരമദ്ധ്യപ്രദേശങ്ങളിൽ വൻതോതിലുള്ള വ്യവസായം ധാരാളം നടക്കുന്നതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിച്ചതു്. വലിയൊരു വിഭാഗം ജനങ്ങൾ കമ്മ്യൂണിസ്ററുകാരുടെ വ്യവസായത്തൊഴിലാളിയൂണിയനുകളുടെ സ്വാധീനത്തിൽ വർത്തിക്കുന്നതു് ഇതിനു കാരണമായിരിക്കാം. ഈ വിഭാഗങ്ങളിലുള്ള ആളുകളെ വിദേശീയ പ്രചരണോപാധികളും, റേഡിയോ പ്രക്ഷേപണങ്ങളും കമ്മ്യൂണിസ്ററു ദിനപ്പത്രങ്ങളുമായി സമീപിക്കാൻ ധാരാളം സൗകര്യവുമുണ്ടല്ലോ.

ക്രൈസ്തവകേന്ദ്രമായ ഇററലി പിടിച്ചടക്കുന്നതിനു് എത്ര തീക്ഷ്ണതയോടെ കമ്മ്യൂണിസ്ററുകൾ പരിശ്രമിക്കുന്നു! എത്ര ജാഗ്രതയോടെ ക്രെംലിൻ അതിനു ചരടു പിടിക്കുന്നു!!

—o—

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്

(1-ാംപേജ് തുടർച്ച)

ളെ പരിശോധിക്കുന്ന കമ്മ്യൂണിസ്റ്റ് ഏകാധിപത്യവും പിന്നീട തിജീവിക്കുന്നതു് വെള്ളത്തൊവിയുള്ള ലീജിയൻ ഓഫ് മേരി സംഘങ്ങളെ പരിശോധിക്കുന്ന ക്രെംലിൻ മാതാവുമായിരിക്കും.

തലമറിഞ്ഞുനിന്നിരുന്ന ഒരു ലോകത്തെ നേരെ കൊണ്ടുവന്നു സമാധാനവും സന്തുഷ്ടിയും പ്രദാനം ചെയ്ത മഹാസംഭവത്തെക്കുറിച്ച് ഭാവിയിലെ ചരിത്രകാരന്മാർ അന്വേഷിക്കുമ്പോൾ അവർക്കു ബോദ്ധ്യമാകും അതൊരു യുദ്ധമല്ലായിരുന്നു എന്നാൽ പ്രാർത്ഥനയായിരുന്നു എന്നും, ഒരു പകൽ സമയമല്ലായിരുന്നു എന്നാൽ ഒരു രാത്രി—അതും 1951 ഒക്ടോബർ 12-ാംതിയതിയിലെ തണുപ്പുനിറഞ്ഞ ആ രാത്രി—ആധുനികലോകത്തിലെ ഏറ്റം വലിയ ആത്മീയസംഭവം—ആയിരുന്നുവെന്നും.

ഫാത്തിമാ ഉൾക്കൊള്ളുന്ന മറ്റൊരു മഹാകാര്യം, മുസ്ലീമുകളുടെ മാനസാന്തരമാണു്. ലോകത്തിൽ ഇന്നു് 374 000 000 മുസ്ലീമുകൾ ഉണ്ടു്. അവർ വളരെ മതവിശ്വാസമുള്ളവരും മാനസാന്തരപ്പെടുത്താൻ അല്പം പ്രയാസമുള്ളവരുമാണു്. എന്നാൽ ഞാൻ വിശ്വസിക്കുന്നു, ദിവ്യജനനിയുടെ പ്രത്യക്ഷപ്പെടൽ മുസ്ലീംചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങുമെന്നു്. എന്റെ ഈ വിശ്വാസത്തിനു മൂന്നു കാരണങ്ങൾ ഉണ്ടു്.



**Thanksgiving**
for the recovery of our child
Mr. & Mrs. Jacob
Kochumuttom· Ennanalloor

മാതാവു് എന്തുകൊണ്ടു പോർട്ടുഗലിനെ തന്റെ പ്രത്യക്ഷസ്ഥലമായി തിരഞ്ഞെടുത്തു എന്നു് മനസ്സിലാക്കാൻ വിഷമമൊന്നുമില്ല. അവിടത്തെ ജനങ്ങൾ നല്ലവരും വിശ്വാസവും ത്യാഗവും ഉള്ളവരുമാണു്. എന്നാൽ അപ്രധാനവും ചെറുതുമായ ഒരു ഗ്രാമം തിരഞ്ഞെടുത്തുകൊണ്ടു് ഫാത്തിമാറാണിയെന്നു വിളിക്കപ്പെടാൻ മാതാവു് ആഗ്രഹിക്കാൻ കാരണമെന്തു്?

മറുപടി, നിസ്സാരമാണു്: ഇസ്ലാമിന്റെ സ്ഥാപകനായ മഹമ്മദിന്റെ പുത്രിയുടെ പേർ ഫാത്തിമാ എന്നായിരുന്നു. അവളുടെ മരണാനന്തരം മഹമ്മദു് ഇപ്രകാരം എഴുതി: "മറിയമൊഴിച്ചു് സ്വർഗ്ഗത്തിലെ അതിവിശുദ്ധ സ്ത്രീയാണു് ഫാത്തിമാ. മഹമ്മദെഴുതിയ ഖൊറാന്റെ 19-ാം അദ്ധ്യായത്തിൽ മാതാവിനെക്കുറിച്ചു് 41 വാക്യങ്ങളുണ്ടു്. മാതാവിന്റെ തിരുക്കുമാരന്റെ ദൈവത്വത്തിൽ മുസ്ലീമിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിലും മറിയത്തിന്റെ നിർമ്മലാവതാരത്തിലും കന്യാത്വത്തിലും അവർ വിശ്വസിച്ചുപോരുന്നു.

മുസ്ലീമിങ്ങളുടെ ശരണത്തിനച്ചാരവും ലക്ഷണവുമായിട്ടും, തന്നോടു ഇത്രമാത്രം ബഹുമാനം പ്രകടിപ്പിക്കുന്ന ഇക്കൂട്ടർ ഒരു ദിവസം തന്റെ ദിവ്യകുമാരന്റെ ദൈവത്വവും അംഗീകരിക്കുമെന്നുള്ളതിനുറപ്പുകൊടുക്കാൻ വേണ്ടിയുമാണു് ദിവ്യജനനി "ഫാത്തിമാറാണി" എന്ന പേരിൽ അറിയപ്പെടാൻ ആഗ്രഹിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ ഈ അഭിപ്രായത്തെ പിൻതാങ്ങുന്ന ചരിത്രസംഭവം ശതാബ്ദങ്ങളോളമായി പോർട്ടുഗലിൽ മുസ്ലീങ്ങൾ ആക്രമിച്ചുകയറി പാർത്തിരുന്നു എന്നതാണു്. അവർ അവസാനമായി പുറംതള്ളപ്പെട്ടപ്പോൾ ദിവ്യജനനി പ്രത്യക്ഷപ്പെട്ട സ്ഥലത്തുണ്ടായിരുന്ന അവരുടെ ഒരു മുസ്ലീംപ്രമാണിക്കു് സുന്ദരിയായ ഒരു പുത്രിയുണ്ടായിരുന്നു. അവളുടെ പേർ ഫാത്തിമാ എന്നായിരുന്നു. ഒരു കത്തോലിക്കാ യുവാവു് അവളെ വിവാഹം കഴിച്ചിരുന്നതുമൂലം ഫാത്തിമായ്ക്കു തിരിയെ പോകാൻ കഴിഞ്ഞില്ല. കുറെ കാലങ്ങൾക്കുശേഷം അവർ കത്തോലിക്കയായിത്തീർന്നു. അവളുടെ ഭർത്താവു് തന്റെ വിവാഹം നടന്ന ആ സ്ഥലത്തിനു ഫാത്തിമാ എന്നു പേരിടുകയുണ്ടായി. ഇങ്ങനെ 1917-ൽ മാതാവു പ്രത്യക്ഷപ്പെട്ട ആ സ്ഥലത്തിനു മഹമ്മദിന്റെ പുത്രിയായ ഫാത്തിമായുമായി ചരിത്രബന്ധമുള്ളതാണു്.

ഫാത്തിമായുമായി മുസ്ലീങ്ങൾക്കുള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന മറെറാരു സംഗതി ഫാത്തിമാസ്വരൂപത്തിനു് ഇൻഡ്യയിലും ആഫ്രിക്കയിലും മുസ്ലീങ്ങൾ നൽകിയ സ്വാഗതമാണു്. സ്വീകരണത്തിനുവേണ്ടി നടത്തിയ മതചടങ്ങുകളിൽപോലും മുസ്ലീങ്ങൾ സംബന്ധിച്ചു. ആഫ്രിക്കയിൽ മസ്സാമ്പിക്കു് എന്ന സ്ഥലത്തു ഫാത്തിമാസ്വരൂപപ്രതിഷ്ഠാപനത്തിനുശേഷം മാനസാന്തരത്തിനു വിസമ്മതിച്ചിരുന്ന അനേകം മുസ്ലീങ്ങൾ ക്രിസ്തുമതം സ്വീകരിക്കുകയുണ്ടായി. ഫാത്തിമാമാതാവിനോടുള്ള ഭക്തി ഏററവും സ്വാഭാവികവും അതു് അവരുടെ "ഫാത്തിമാ"യോടുള്ള ഒരു ബഹുമാനം കാണിക്കൽകൂടിയുമാണെന്നു് അവർ വിശ്വസിച്ചുവരുന്നു.

ഭാവിയിലെ മിഷൻ പ്രവർത്തകർ മനസ്സിലാക്കും മുസ്ലീങ്ങളുടെ ഇടയ്ക്കുള്ള മാനസാന്തരം ത്വരിതപ്പെടുത്താൻ ഫാത്തിമാനാഥയോടുള്ള ഭക്തി പ്രചരിപ്പിക്കേണ്ടതത്യാവശ്യമാണെന്നു്. മാതാവു ക്രിസ്തുവിന്റെ മുന്നോടിയാണു്—ജനിച്ചിട്ടില്ലായിരുന്ന ക്രിസ്തുവിനെ എലിസബത്തിന്റെ പക്കലേക്കു കൊണ്ടുപോയതുപോലെ ക്രിസ്തുവിനു മുമ്പതന്നെ ക്രിസ്തുവിനെ ജനങ്ങളുടെ മദ്ധ്യത്തിൽ അവിടുന്നു കൊണ്ടുചെല്ലും.

ഫാത്തിമാ ഒരുപമ(Parable) പോലെയുള്ളതാണു്. മറഞ്ഞുകിടക്കുന്നതും ഇനിയും പുറത്തായിട്ടില്ലാത്തതുമായ മഹാരഹസ്യങ്ങൾ അതുൾക്കൊള്ളുന്നുണ്ടു്. എന്നാൽ ഒരുകാര്യം തീർച്ചയാണു്. അന്നു അവിടെ കൂടിയിരുന്ന ലക്ഷമാളുകളിൽ ആർക്കും സംശയമില്ല ഫാത്തിമാറാണി ലോകത്തിനു സമാധാനം നൽകുമെന്നതിനു്.

ഫാത്തിമായിലെപ്പോലെ മററു രാജ്യങ്ങളിലും പ്രായശ്ചിത്തം ചെയ്തിരുന്നെങ്കിൽ യുദ്ധത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. ഫാത്തിമായിൽ മാത്രമേ പ്രായശ്ചിത്തം അനുഷ്ഠിക്കുന്നുള്ളുവെങ്കിൽ സമാധാനം കൈവരുന്നതിനു മുമ്പായി വല്ല ദുരന്തസംഭവങ്ങളും ഉണ്ടായേക്കാം. രാത്രിയാരാധനകളും സഹനങ്ങളും ലോകസമാധാനത്തെ വിളിച്ചുവരുത്തും. ഭാവിയെന്താണെന്നു ദൈവത്തിനു മാത്രമേ അറിയാവൂ. എന്നാൽ ഭാവിയിൽ എന്തു സംഭവിക്കുമെന്നുള്ളതു് ഒരർത്ഥത്തിൽ നാം എങ്ങനെ നമ്മുടെ രാത്രികളും പകലുകളും ചിലവഴിക്കുന്നു എന്നതനുസരിച്ചിരിക്കും. അവ ഫാത്തിമായിലെ ഒക്ടോബർ 12 13 തിയതികളോടു എന്തുമാത്രം സമാനമുള്ളതായിരിക്കുമോ അത്രയും വേഗം സമാധാനം കൈവരികയും റഷ്യ മാനസാന്തരപ്പെടുകയും ചെയ്യും.





# വാർത്തകൾ

(പി. ജോസഫ്, റോം)


മിലാനിലെ നിയമിതമെത്രാപ്പോലീത്താ മോൺസിഞ്ഞോർ മൊന്തീനി തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകചടങ്ങുകൾ ഡിസംബർ 12-ാംനു- വി. പത്രോസിന്റെ ബസിലിക്കായിൽ വച്ചു നിർവ്വഹിക്കപ്പെട്ടു. ഈയിടെ ആലസ്യത്തിലിരുന്ന പ. പിതാവിനു നേരിട്ടു അഭിഷേകകർമ്മം നടത്താൻ സാധിക്കാത്തതിനാൽ തന്റെ പ്രതിനിധിയായി കർദ്ദിനാൾസംഘത്തിന്റെ അദ്ധ്യക്ഷനായ ടിസറന്റു് തിരുമേനിയാണു് ചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിച്ചതു്.

14 കർദ്ദിനാളന്മാരും 60-ൽപരം മെത്രാന്മാരും ആയിരക്കണക്കിനു വിശ്വാസികളും ചടങ്ങുകളിൽ പങ്കുകൊണ്ടു. കൂടാതെ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള നയതന്ത്രപ്രതിനിധികളും ചടങ്ങുകളിൽ സംബന്ധിക്കുകയുണ്ടായി. അനേകകൊല്ലക്കാലം വത്തിക്കാനിലെ പ്രൊസെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയി ജോലി നോക്കിയ മോൺ മൊന്തീനി പരി പിതാവിന്റെ മാത്രമല്ല സെക്രട്ടറിയേററിൽ മററുദ്യോഗങ്ങൾ നോക്കുന്നവരുടെയും നയതന്ത്രപ്രതിനിധികളുടെയും റോമൻജനതയുടെയും പ്രത്യേകസ്നേഹത്തിനു പാത്രമാണു്.

പട്ടാഭിഷേകചടങ്ങുകളുടെ അവസാനത്തിൽ അസ്വാസ്ഥ്യബാധിതനായിരുന്ന പ. പിതാവു് റേഡിയോ വഴി 8 മിനിട്ടുനേരത്തേക്കു സംസാരിച്ചു. തനിക്കു നേരിട്ടു മെത്രാഭിഷേകച്ചടങ്ങുകൾ നിർവ്വഹിക്കാൻ സാധിക്കാത്തതിൽ വ്യസനിക്കുന്നതായും എങ്കിലും തന്റെ നാമത്തിൽ കർദ്ദിനാൾസംഘത്തിന്റെ തലവൻ ടിസറന്റു് തിരുമേനി ചടങ്ങുകളിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നതിൽ താൻ സന്തോഷിക്കുന്നതായും മാർപ്പാപ്പാ തിരുമേനി പ്രസ്താവിച്ചു. ചടങ്ങുകളിൽ സംബന്ധിച്ചവരെയും മിലാൻ അതിരൂപതയെയും ആശീർവ്വദിക്കുന്നതിനുമുമ്പു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു: "ആത്മീയചൈതന്യംനിറഞ്ഞ ഈ മെത്രാപ്പോലീത്തായെ നിയമിച്ചതുമൂലം മിലാൻ രൂപതയ്ക്കു നാം വലിയ ഒരു കാര്യംതന്നെ ചെയ്തിരിക്കുന്നു. അതിന്റെ പ്രതിനന്ദിപ്രകടനമായിട്ടാണല്ലോ ഇന്നിവിടെ ഈ അപ്പസ്തോലത്തലവന്റെ ബസിലിക്കായിൽ വിദൂരദേശമായ മിലാനിൽനിന്നു ഇത്രയധികം വിശ്വാ



പുതിയ മെത്രാപ്പോലീത്താ കർദ്ദിനാളന്മാരുടേയും മററു മെത്രാന്മാരുടേയും മംഗളാശംസകൾ സ്വീകരിക്കുന്നു. കർദ്ദി: കനാലിയേയും, കർദ്ദി: കോൺസ്ലൊനീറിയേയും ചിത്രത്തിൽ കാണാം.



വടിയും മുടിയും ധരിച്ച പുതിയ മെത്രാപ്പോലീത്താ സിംഹാസനത്തിലിരിക്കുന്നു. കർമ്മികനായ കർദ്ദിനാൾ തിസ്സരാന്ദു് അദ്ദേഹത്തിന്റെ വലതുവശത്തു നില്ക്കുന്നു.



സീകൾ സംബന്ധിച്ചിട്ടുള്ളൂ". വി. അന്ത്രോസ് മെത്രാനായി വാണ ആ സ്ഥാപനത്തെ നിയമിതനായിരിക്കുന്ന പുതിയ മെത്രാപ്പോലീത്തായിൽ നാം നമ്മുടെ സകല ആശകളും വച്ചിരിക്കുന്നു."

## റോമിലെ ഇൻഡ്യൻ വിദ്യാർത്ഥികൾ

നൂറിൽപരം വരുന്ന ഇൻഡ്യൻ വിദ്യാർത്ഥികൾ ബോംബെയിൽ നടന്ന മരിയൻ കോൺഗ്രസ്സിൽ ആദ്ധ്യാത്മികമായി പങ്കുകൊള്ളുന്നതിനുവേണ്ടി മാതാവിൻെറ ബസിലിക്കയിൽ ഡിസംബർ 7-നു് ഒരു മണിക്കൂർ ആരാധന നടത്തി. തദവസരത്തിൽ റവ. ഫാദർ സിറിൽ ബെർനാഡ് ഒരു പ്രസംഗം ചെയ്യുകയും ഗായകസംഘം ഹിന്ദിയിലും തമിഴിലും വിശുദ്ധഗാനങ്ങൾ പാടുകയുമുണ്ടായി.

ഡിസംബർ 21-ാംതിയതി വി. തോമാശ്ലീഹായുടെ തിരുനാൾ ഇൻഡ്യാക്കാരെല്ലാവരുംകൂടി ആഘോഷിച്ചു. രാവിലെ മലങ്കര റീത്തിൽ, നവവൈദികനായ ഐസക്ക് കൂട്ടാപ്ലാക്കൽ പ്രൊപ്പഗാന്താ കോളേജ് കപ്പേളയിൽ ഒരു പാട്ടുകുർബാന ചൊല്ലി. വൈകുന്നേരം ഒരു യോഗം കൂടുകയും ഇൻഡ്യയെ സംബന്ധിക്കുന്ന കൊഡോക്കുമെൻററി ഫിലിമുകൾ കാണിക്കുകയുമുണ്ടായി.

ക്രിസ്മസ് പ്രമാണിച്ച് ഇൻഡ്യാക്കാരായ സകല മതസ്ഥരും കൂടി ഒരുദിവസം ആഘോഷങ്ങൾ നടത്തുന്ന പതിവു് ഈയാണ്ടിലും ഡിസമ്പറിൽ നടത്തുകയുണ്ടായി.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ടി. കെ. മേരി, മേലൂർ

---

(10-ാംപേജ് തുടർച്ച)

വിവാഹാഭ്യർത്ഥനയെപ്പററി ഭാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ ശ്രദ്ധേയങ്ങളാണു്. "പററിയ ഇണയെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ചെലുത്തുന്ന പ്രത്യേക ശ്രദ്ധയിലാണു് വിവാഹത്തിൻെറ ഏററവും അടുത്ത ഒരുക്കം അടങ്ങിയിരിക്കുന്നതു്. ആസന്നമായിരിക്കുന്ന വിവാഹത്തിൻെറ വിജയമോ അപജയമോ പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു് തെരഞ്ഞെടുക്കപ്പെടുന്ന ആൾ തെരഞ്ഞെടുക്കുന്ന ആളിനു് ഉത്തമക്രൈസ്തവജീവിതം നയിക്കുന്നതിനു സഹായകവും പ്രേരകവുമായി ഭവിക്കുന്നുണ്ടോ ഇല്ലയോ എന്ന കാര്യത്തിലാണു്. അതുകൊണ്ടു് തങ്ങളുടെ ഭാവിജീവിതം വിവാഹംമൂലം ഇരുവരുടെയും ഒന്നായിത്തീരാനിരിക്കുന്നതിനു് വിവാഹത്തിനുമുമ്പു് യുവതീയുവാക്കന്മാർ പററിയ ആളുകളെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇതിനു് അവർ ആദ്യമായി ദൈവത്തേയും മതത്തേയുംപററി ചിന്തിക്കണം, രണ്ടാമതായി തങ്ങളെപ്പററിത്തന്നേയും തങ്ങൾക്കു സംജാതമാകാവുന്ന സന്താനങ്ങളെപ്പററിയും ചിന്തിക്കണം. മൂന്നാമതായി തങ്ങളുടെ ഭവനത്തേയും തങ്ങളുടെ കുടുംബത്തെ ഉൾക്കൊള്ളുന്ന സമുദായത്തേയുംപററി ചിന്തിക്കണം. അന്ധമായ ജഢികാസക്തിയാൽ പ്രേരിതരാകാതെ ക്രിസ്തീയവിവേകത്തിനൊത്തവിധം പററിയ ഇണയെ തെരഞ്ഞെടുക്കുന്നതിനു് വേണ്ട ദൈവാനുഗ്രഹം അവർ പ്രാർത്ഥിക്കട്ടെ. സ്ഥാനമാനമോ, സുഖാനുഭൂതിയോ, മററു ലൗകികമായ ഏതാദൃശമോ ആയിരിക്കരുതു് ഈ തെരഞ്ഞെടുപ്പിൽ അവർക്കുണ്ടായിരിക്കേണ്ട ഉദ്ദേശം, പ്രത്യുത തെരഞ്ഞെടുക്കപ്പെടുന്ന ആളിനോടുള്ള യഥാർത്ഥവാത്സല്യവും നിസ്വാർത്ഥസ്നേഹവുമായിരിക്കണം അവരെ പ്രേരിപ്പിക്കുന്നതു്. അപ്പോൾ മാത്രമേ അവർ പ്രവേശിക്കുന്ന വൈവാഹികജീവിതത്തിൻെറ ദൈവനിശ്ചിതമായ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു് അവർക്കു സാധിക്കയുള്ളൂ. യുവജനങ്ങൾ പരിചിതരും പക്വമതികളുമായ ആളുകളുടെ അഭിപ്രായങ്ങൾ ആരായുന്നതും ഉപദേശങ്ങൾ സ്വീകരിക്കുന്നതും ആശാസ്യമായിരിക്കും. ഇതുമൂലം അവർ "നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കുക" എന്ന പ്രമാണത്തെ വിലമതിക്കുകയും പാലിക്കയും ചെയ്യുന്നു. അതുവഴിയായി, ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള ദീർഘായുസ്സു് അവർ കണ്ടെത്തുകയും ചെയ്യും." (Pius XI—Christian Marriage)

### ഉത്തമയായ ഭാര്യ

ഭാര്യമാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പുരാതന ഇംഗ്ലീഷുകാർ ചില നിയമങ്ങൾ അനുസരിച്ചുപോന്നിരുന്നു. ഇതായിരുന്നു അവരുടെ നിയമം: "A good wife shou'd be like three things, which three things she should not be like." ഒരു നല്ല ഭാര്യയെ മൂന്നു വസ്തുക്കളോടാണു് അവർ ഉപമിക്കുന്നതു്; അച്ചിൾ, പ്രതിധ്വനി, ഗോപുരശൃംഗത്തിലെ ഘടികാരം. അവരുടെ നിയമമനുസരിച്ചു് ഭാര്യ അച്ചിളിനെപ്പോലെ ഭവനത്തിങ്കൽ ഒതുങ്ങിജീവിക്കണം, എന്നാൽ അതിനെപ്പോലെ തനിക്കുള്ളതെല്ലാം മുതുകത്തു പേറിക്കൊണ്ടു നടക്കരുതു്. ഭർത്താവിനെ അനുസരിക്കുന്ന വിഷയത്തിൽ, പ്രതിധ്വനിപോലെ അവൾ സന്നദ്ധയായിരിക്കണം, എന്നാൽ സ്വരത്തിനുശേഷം മാത്രം പുറപ്പെടുന്ന പ്രതിധ്വനിപോലെ അവൾ അവസാനംമാത്രം സംസാരിക്കുന്നവളായിരിക്കരുതു്. പട്ടണമദ്ധ്യത്തിൽ കൃത്യസമയം കാണിക്കുന്ന ഘടികാരംപോലെ അവൾ കൃത്യനിഷ്ഠയുള്ളവളായിരിക്കണം, എന്നാൽ ആ ഘടികാരത്തിൻെറ സ്വരം പട്ടണത്തിലെവിടേയും കേൾക്കുന്നതുപോലെ അവളുടെ സ്വരം പുറത്തു കേൾക്കരുതു്.

ഉത്തമയായ ഒരു ഭാര്യക്കുണ്ടായിരിക്കേണ്ട ഒരു ഗുണവിശേഷമാണു് വിവേകം. ഞാൻ പഠിച്ചിരുന്ന കാലത്തു് ചിന്തിക്കാതെ ചോദ്യങ്ങൾക്കു തെററായ ഉത്തരം നൽകുമ്പോൾ എൻെറ ഒരു അദ്ധ്യാപകൻ പറയുമായിരുന്നു, ചന്തയിൽ കിട്ടാത്ത ആ സാധനം കുറച്ചു് എവിടെനിന്നെങ്കിലും വാങ്ങിക്കണമെന്നു്. അതെ ബുദ്ധിമുട്ടിത്തന്നെ എല്ലാവരും സമ്പാദിക്കേണ്ട ഒന്നാണു് വിവേകം, പ്രത്യേകിച്ചു് സ്ത്രീകൾ. വിവാഹജീവിതത്തിൽനിന്നു് ഭാര്യയും ഭർത്താവും പലതും പഠിക്കും.

മലബന്ധം
അർശസ്സ് (മൂലക്കുരു)
വായുസ്തംഭനം (ഗ്യാസ്ട്രബിൾ)
നീർവീഴ്ച (നീരിറക്കം)
ചുമ
ഏങ്ങൽ
ക്ഷയം
പ്രമേഹം
വയറുവേദന
അസ്ഥിസ്രാവം
രക്തക്ഷയം
ഈ രോഗങ്ങൾക്കു വേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായി തീർന്നിട്ടുള്ളവർ താഴെകാണുന്ന വിലാസത്തിൽ എഴുതുക:
കാളൻ, നെല്ലായി


പരസ്പരം പഠിപ്പിക്കുകയുംചെയ്യും. എന്നാൽ വിവാഹത്തിനുശേഷം എത്ര ശ്രമിച്ചാലും ഭാര്യമാരെ പഠിപ്പിക്കാൻ സാധിക്കുന്ന ഒന്നല്ല വിവേകം. അതവർ വിവാഹത്തിനു മുമ്പുതന്നെ കരസ്ഥമാക്കിയിരിക്കണം. ഭാര്യ വിവേകമുള്ളവളാണെങ്കിൽ ഭർത്താവിൻെറ ജീവിതവും സമാധാനപൂർണ്ണമായിരിക്കും. അല്ലെങ്കിൽ അവൾ അവനെ വിഡ്ഢിയാക്കും. സ്ത്രീയുടെ വിവേകരഹിതമായ സംസാരവും പെരുമാററവും കുടുംബത്തിലെ സമാധാനത്തെ പരിപൂർണ്ണമായി ഹനിക്കുന്നതിനു് ധാരാളം പോരുന്നവയാണു്.

മിതവ്യയശീലം ഉത്തമകളായ ഭാര്യമാരുടെ മറെറാരു ലക്ഷണമാണു്. വിവാഹത്തിനുമുമ്പു് തൻെറ ഭാവിഭാര്യയാകുവാനുള്ള സ്ത്രീ ഈ ഗുണമുള്ളവളാണോയെന്നു് ശരിയായി മനസ്സിലാക്കുന്നതിനു് ഒരു യുവാവിനു സാധിച്ചുവെന്നു വരികയില്ല. എങ്കിലും ചില പ്രത്യേകസാഹചര്യങ്ങളെ പരിശോധിച്ചാൽ അതു ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയും. അവൾ വേഷവിധാനത്തിലും ആഡംബരത്തിലും ഭ്രമമുള്ളവളാണോ എന്നന്വേഷിക്കുക. ഈ വിഷയത്തിൽ വേണ്ടത്ര ശ്രദ്ധിക്കാത്തതിൻെറ ഫലമായി പല യുവാക്കന്മാരും വിവാഹത്തിനുശേഷം വളരെ ക്ലേശിക്കുന്നതിനു ഇടവന്നിട്ടുണ്ടു്. സിനിമാനടികൾ ഓരോ രംഗത്തിനും ആടപുടവകൾ മാറുന്നതുപോലെ ദിവസത്തിൽ പല പ്രാവശ്യം അല്ലെങ്കിൽ ദിവസംതോറും വിവിധവേഷങ്ങൾ ഉടുത്തുചമഞ്ഞു് വിഹരിക്കുന്ന യുവതികളുടെ സൗന്ദര്യംകാരണം അതിൽതന്നെ ദർശിച്ചിട്ടു് ചില യുവാക്കന്മാർ അവരെ വിവാഹം ചെയ്യാറുണ്ടു്. വിവാഹാനന്തരം ഇക്കൂട്ടർ തങ്ങളുടെ ഭാര്യമാർക്കു സാരികളും ആഭരണങ്ങളും വാങ്ങുന്നതിനായി തങ്ങളുടെ സമ്പാദ്യത്തിൽ ഒരു ഗണ്യമായ ഭാഗം ചെലവഴിക്കുന്നു, അല്ലാ നശിപ്പിക്കുന്നു. മിതവ്യയശീലം അഭ്യസിച്ചിട്ടില്ലാത്ത സ്ത്രീകൾ ഒരിക്കലും ഒന്നുകൊണ്ടും തൃപ്തരാകുന്നില്ല. നൂതനങ്ങളായ വസ്ത്രങ്ങളിലും ആഭരണങ്ങളിലും ഇതരസാധനങ്ങളിലും അവരുടെ ശ്രദ്ധ എപ്പോഴും പതിഞ്ഞുകൊണ്ടിരിക്കും. സിനിമാകാണുന്നതിനും വിനോദരംഗങ്ങളിൽ വിഹരിക്കുന്നതിനും അതിവതാല്പര്യം പ്രകടിപ്പിക്കുന്ന സ്ത്രീകളും മിതവ്യയശീലമുള്ളവരായിരിക്കയില്ല.

ഭാവിഭാര്യയെ കണ്ടുപിടിക്കുന്ന കാര്യത്തിൽ മൂന്നാമതായി ശ്രദ്ധിക്കേണ്ട കാര്യം അവൾ "തരപ്പടി"യാണോ എന്നുള്ളതാണു്. സാധാരണയായി വരനൊത്ത പൊക്കം, വണ്ണം, നിറം ഇവയൊക്കെയാണു് ഈ വാക്കുകൊണ്ടു ഉദ്ദേശിക്കുന്നതു്. ജീവിതയോജിപ്പിനു് ഇങ്ങനെയുള്ള ശാരീരികസംയോജ്യത നോക്കേണ്ടതുണ്ടു്. എന്നാൽ അതിൽ കൂടുതലായി ശ്രദ്ധിക്കേണ്ടതു് സ്വഭാവസംയോജ്യതയിലാണു്. ഭർത്താവിനോടൊത്തുജീവിക്കുന്നതിനു പററിയവളായിരിക്കണം ഭാര്യ. ഏതു വിഷമസന്ധിയിലും ഭർത്താവിൻെറ അഭിപ്രായങ്ങൾക്കു വിലങ്ങടിച്ചുനില്ക്കാതെ അദ്ദേഹത്തിൻെറ അഭിലാഷങ്ങൾക്കും അഭീഷ്ടങ്ങൾക്കും ഒത്തിണങ്ങി ഭാര്യ നിലകൊള്ളണം. എങ്കിൽ മാത്രമേ അവരുടെ കുടുംബജീവിതം വിജയപ്രദമാകൂ.

—o—

## ധർമ്മഗിരി ശാഖ എറണാകുളത്ത്



എറണാകുളം അതിരൂപതയിൽ പ്രശസ്തമായി ആതുരസേവനം നിർവ്വഹിച്ചുപോരുന്ന മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻറ് ജോസഫ് എന്ന സന്യാസിനിസമൂഹത്തിൻെറ ആഭിമുഖ്യത്തിൽ കോതമംഗലത്തു് ധർമ്മഗിരി ആസ്ഥാനമാക്കി നടത്തിവരുന്ന ആതുരസംരക്ഷണകേന്ദ്രത്തിൻെറ ഒരു ശാഖ എറണാകുളത്തു് നോർത്തു് സ്റ്റേഷനു് സമീപം, എറണാകുളം മെത്രാപ്പോലീത്താ അതിവന്ദ്യദിവ്യശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടു് ഈ ഡിസംബർ 21-ാംനു ഉൽഘാടനം ചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

ആദ്ധ്യാത്മികവഴി 37

## "എൻെറ മിത്രം"

ദൈവത്തിൻെറ വത്സലമക്കളേ,

"എൻെറ മിത്ര"മെന്ന ആ വിശിഷ്ടഗ്രന്ഥം നിങ്ങളെ പരിചയപ്പെടുത്താനായി അതിൽനിന്നും പല ഭാഗങ്ങൾ ഉദ്ധരിക്കയുണ്ടായി. ദിവ്യബലി, അതിൽ സംബന്ധിക്കുന്നതിനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങൾ, രോഗികളുടെ ദിവ്യകാരുണ്യസ്വീകരണം പ്രമാണിച്ചു വീട്ടിലും മററും ചെയ്യേണ്ട സജ്ജീകരണങ്ങൾ, കുടുംബപ്രതിഷ്ഠ, അതിഥിസൽക്കാരം, സംഭാഷണം, വീട്ടിലും, തെരുവിലും, സ്കൂളിലും മററും അനുഷ്ഠിക്കേണ്ട ആചാരമര്യാദകൾ ഇങ്ങനെ വേറെ ചില ഭാഗങ്ങൾ കൂടി ഉദ്ധരിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. എങ്കിലും ഇപ്പോൾതന്നെ ഉദ്ധരണം വളരെ ദീർഘിച്ചുപോയതുകൊണ്ടു തൽക്കാലം അതു നിറുത്തുകയാണു്. നിങ്ങളിൽ പലരും "എൻെറമിത്രം" വാങ്ങിച്ചുകണ്ടേക്കുമെന്നു വിശ്വസിക്കുന്നു. ഇതുവരെ അതിനു സൗകര്യപ്പെട്ടിട്ടില്ലാത്തവർ സെഡോലിററി ബുക്കു് ഡിപ്പോ, പുളിങ്കുന്നു് എന്ന മേൽവിലാസത്തിൽ പതിനഞ്ചണ മണിയോർഡറായോ സ്റ്റാമ്പായോ അയച്ചുകൊടുത്താൽ പുസ്തകം ബുക്കുപോസ്റ്റായി ലഭിക്കുന്നതാണു്.

രാത്രിയിലുള്ള കൂട്ടമായ പ്രാർത്ഥനയ്ക്കുശേഷമോ അത്താഴം കഴിഞ്ഞോ എപ്പോഴെങ്കിലും സൗകര്യംപോലെ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി "എൻെറ മിത്ര"ത്തിൽനിന്നു കുറേ ഭാഗം വായിച്ചു, അതിൽ പ്രായോഗികമായ ഭാഗം കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതു വളരെ നല്ലതാണു്. പറയുന്നതുകൊണ്ടു മാത്രമായില്ല. അവസരോചിതമായ ചോദ്യങ്ങൾകൊണ്ടു അവക്കു സംഗതി മനസ്സിലായോ എന്നു പരീക്ഷിക്കണം. മനസ്സിലായകാര്യങ്ങൾ അവർ പ്രവൃത്തിയിൽ വരുത്തുന്നതിനു് ഉത്സാഹപൂർവ്വം നിഷ്കർഷിക്കയും വേണം.

എളിമ, പരിത്യാഗം, പരസ്നേഹം മുതലായവയുടെ അഭ്യാസത്തെ സംബന്ധിച്ചും, ദൈവാലയത്തിലും, സ്വന്ത ഭവനത്തിലും, വെളിക്കും അനുഷ്ഠിക്കേണ്ട ആചാരമര്യാദകളെക്കുറിച്ചും മററും പറഞ്ഞിട്ടുള്ള ഭാഗം ഇപ്രകാരം പഠിച്ചഭ്യസിക്കുവാൻ നമ്മുടെ കുട്ടികളെ പ്രേരിപ്പിക്കുന്ന പക്ഷം അവർ ദൈവസന്നിധിയിലും മനുഷ്യരുടെ മുൻപിലും ഉത്തമന്മാരായിത്തീരുമെന്നു് നിസ്സംശയം പറയാം. ലോകം ദിനംപ്രതി വഷളായിക്കൊണ്ടിരിക്കുന്നു എന്നു വിലപിക്കുന്നവർ, അതിൻെറ അധോഗതിയെ തടയുന്നതിനു ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, മേല്പറഞ്ഞ നിർദ്ദേശം പ്രായോഗികമാക്കട്ടെ. വേദപാഠക്ലാസ്സുകളിൽ ദിവസേന അഞ്ചോ പത്തോ മിനിററു നേരമെങ്കിലും മുൻ പറഞ്ഞതുപോലെ എൻെറ മിത്രത്തിൽനിന്നു കുറേഭാഗം വായിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കും. ദിവസേന സാദ്ധ്യമല്ലെങ്കിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ആകാമല്ലോ.

നടയ്ക്കലച്ചൻെറ "പ്രഥമ ദിവ്യകാരുണ്യസ്വീകരണം" എന്ന പുസ്തകവും കുട്ടികൾക്കും അദ്ധ്യാപകന്മാർക്കും വളരെ ഉപകാരപ്രദമാണു്. 80-ൽപരം പേജുള്ള ആ പുസ്തകത്തിനു വെറും മൂന്നരയണ മാത്രമാണു് വില. അഞ്ചണയ്ക്കു സ്റ്റാമ്പയച്ചുകൊടുത്താൽ അതും പുളിങ്കുന്നു സെഡാലിററി ബുക്കു ഡിപ്പോയിൽനിന്നു കിട്ടും. "എൻെറമിത്ര"ത്തോടുകൂടി വരുത്തുന്ന പക്ഷം രണ്ടിനുംകൂടി 1രു 3ണ അയച്ചുകൊടുത്താൽ മതി.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## എസ്. എച്ച്. ലീഗ് വാർഷികം

കേരളകത്തോലിക്കാ സാഹിത്യത്തിൻെറ പരിപോഷണത്തിനും പ്രചാരണത്തിനുംവേണ്ടി അനവരതം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന എസ്. എച്ച്. ലീഗിൻെറ 34-ാമത്തെ വാർഷികമഹം ഡിസമ്പർ 28-ാംനു സമംഗളം ആഘോഷിച്ചിരിക്കുന്നു. തലശ്ശേരിരൂപതാ അഡ്മിനിസ്ട്രേററർ റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് ലീഗിൻെറ അഭ്യുദയത്തിനുവേണ്ടി രാവിലെ സെമ്മി

നാരിക്കൽപ്പള്ളയിൽവച്ചു ദിവ്യബലി അർപ്പിക്കുകയും തുടർന്നു 10 മണിക്കു നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയുംചെയ്തു. ലീഗിൻെറ സേവനങ്ങളെ അഭിനന്ദിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ നമ്മുടെ പ്രസിദ്ധീകരണങ്ങൾ സമാകർഷകങ്ങളാക്കിത്തീർക്കേണ്ടതിൻെറ ആവശ്യകതയെപ്പററി തിരുമേനി ഊന്നിപ്പറയുകയുണ്ടായി.

മതതത്വബോധകവും ഭക്തിസംവർദ്ധകവുമായ ഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, യുവഹൃദയങ്ങളെ ആനന്ദിപ്പിക്കുകയും സന്മാർഗ്ഗത്തിലേക്കു നയിക്കുകയുംചെയ്യുന്ന ചെറുകഥകൾ, നാടകങ്ങൾ, കമ്മ്യൂണിസത്തിൻെറ അബദ്ധോപദേശങ്ങളെ നഗ്നമായി ചൂണ്ടിക്കാണിക്കുന്ന ലഘുഗ്രന്ഥങ്ങൾ, ഗാനകൃതികൾ മുതലായവ എസ്. എച്ച്. ലീഗിൻെറ പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുന്നു. കുറഞ്ഞവിലയ്ക്കു് ഉത്തമസാഹിത്യം പ്രചരിപ്പിക്കുന്നതിൽ ലീഗു മുന്നണിയിൽ നില്ക്കുന്നുവെന്നുള്ളതും ഇത്തരുണത്തിൽ സ്മരണീയമത്രെ. പ്രതിമാസം നിശ്ചിതസമയങ്ങളിൽ എസ്. എച്ച്. ലീഗ് കത്തോലിക്കാ കുടുംബം, പ്രേഷിതകേരളം എന്ന നാമധേയങ്ങളിൽ ലീഗു യഥാക്രമം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ദ്വൈമാസികങ്ങളും അവസരോചിതമായ വിജ്ഞാനഗ്രന്ഥങ്ങളും പ്രോത്സാഹനാർഹങ്ങളാണ്.

## ഇടവകവാർത്തകൾ

**കണ്ണോം:** ഈ പള്ളിയിലെ തിരുനാളവസരം പ്രമാണിച്ചു സന്ദർശനാർത്ഥം അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്കാ മോൺ. വള്ളോപ്പിള്ളി തിരുമേനി കണ്ണോം സന്ദർശിച്ചിരിക്കുന്നു. കോഴിക്കോട്ടു് വയനാട്ടു് റോഡ് 24-ാം മയിലിൽ തയാർ ചെയ്തിരുന്ന പൂപ്പന്തലിൽവച്ചു തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു് വൈദികരും ജനങ്ങളുംകൂടി കണ്ണോംദേവാലയത്തിലേക്കു് ആനയിച്ചു തിരുമേനി കാറിൽനിന്നു് ഇറങ്ങി ജനസമൂഹത്തെ ആശീർവ്വദിച്ചു. പതിനൊന്നു മണിക്കു് അലങ്കരിച്ച കണ്ണോം സ്കൂൾ മൈതാനിയുടെ കവാടത്തിൽ എത്തുകയും തിരുമേനി കാറിൽനിന്നു് ഇറങ്ങിയ ഉടനെ സ്കൂൾ കമ്മററിക്കുവേണ്ടി ശ്രീ എൻ. എം. വർക്കി ഹാരമണിയിച്ചുസ്വീകരിക്കുകയും ചെയ്തു. മെയിൻ റോഡിൽനിന്നു പുതിയതായി വെട്ടിത്തുറന്നിരിക്കുന്ന റോഡിനെപ്പററിയും സ്ഥലവാസികൾ ചെയ്യുന്ന പൊതുജനസേവനങ്ങളെപ്പററിയും ചോദിച്ചറിഞ്ഞു തിരുമേനി സന്തോഷം പ്രകടിപ്പിച്ചു. സ്കൂളും പരിസരങ്ങളും കണ്ടശേഷം ദേവാലയത്തിലേക്കു പോവുകയും പള്ളിവികാരി അലങ്കരിച്ചു സിലി കത്തിച്ചുകൊടുത്തു ദേവാലയത്തിൽ സ്വീകരിക്കുകയും ചെയ്തു. അവിടെവച്ചു തിരുമേനി ജനങ്ങളോടു ഒരു പ്രസംഗം ചെയ്തു. 3 മണിക്കു് സ്ഥൈര്യലേപനംനടന്നു. ശ്രീ കെ ററി തോമസ്സ് കരുണാശ്ശേരി തിരുമേനിയുടെ ബഹുമാനാർത്ഥം കുട്ടികളും സദ്യകളുമടക്കം 400-ൽപരം ആളുകൾക്കു ഒരു പായസസല്ക്കാരം നൽകി. അതിനുശേഷം സ്ഥലത്തു പുതുതായിപണിതീർത്ത ഗ്രോട്ടോയുടെ വെഞ്ചരിപ്പുനടന്നു. കുടിയേററക്കാരുടെ ഇടവകകളിൽ ആദ്യമായി കണ്ണോത്തു് ഇത്ര മനോഹരമായ ഒരു ഗ്രോട്ടോ പണിതീർത്തതിൽ ബ. വികാരിയെ തിരുമേനി അനുമോദിക്കുകയും പരിശുദ്ധകന്യകാമറിയം വഴി അനേകം ദൈവാനുഗ്രഹങ്ങൾ അതുവഴി ലഭിക്കുന്നതിനു അമലോത്ഭവനാഥയോടു പ്രാർത്ഥിക്കുകയും ചെയ്തു. അനന്തരം തിരുനാൾ ചടങ്ങുകൾ ആരംഭിച്ചു. തിരുകർമ്മങ്ങൾക്കുശേഷം ദീപക്കാഴ്ചയും കരിമരുന്നുപ്രയോഗവും ഉണ്ടായിരുന്നു. അനന്തരം തിരുമേനിയുടെ ബഹുമാനാർത്ഥം സ്ഥലം വില്ലേജ് കോൺഗ്രസ് പ്രസിഡൻറ് എം ഡി തോമസ്സ് ഒരു ഡിന്നർ നടത്തി തിരുമേനിയും വൈദികരും 200-ൽപരം ആളുകളും സന്നിഹിതരായിരുന്നു. 15-ാംനു ബുധനാഴ്ച കാലത്തു് 6-30നു് തിരുമേനി ഗ്രോട്ടോയിൽ ആഘോഷമായ പാട്ടുകുർബാനയും പരിശുദ്ധകുർബാനയുടെ ആശീർവ്വാദവും നടത്തി. അനന്തരം കണ്ണോം കോടഞ്ചേരിറോഡും അവിടത്തെ ഹയർ എലിമെൻററി സ്കൂളും പുതുതായി പണുതുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ് ഹൈസ്കൂളും സന്ദർശിക്കുന്നതിനു തിരുമേനി കോടഞ്ചേരിക്കു പോയി. ഇംഗ്ലീഷ് ഹൈസ്കൂൾ വിശുദ്ധയൗസേപ്പുപിതാവിൻെറ നാമത്തിൽ പ്രതിഷ്ഠിക്കുകയും പുണ്യപിതാവിൻെറ ഒരു ഛായാപടം സ്കൂൾകവാടത്തിൽ അനാച്ഛാദനം ചെയ്യുകയും ചെയ്തു. കട്ടപ്പാറപള്ളി വികാരിയുടെ പ്രധാന കാർമ്മികത്വത്തിൽ തിരുനാൾകർബാന നടന്നു. പ്രസംഗം അഡ്മിനിസ്ത്രേററർ തിരുമേനിയുടെ സിക്രട്ടറി റവ. ഫാദർ അഗസ്റ്റിൻ നിർവ്വഹിച്ചു ഉച്ചകഴിഞ്ഞു പുതുതായി പണിചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്ന ദേവാലയത്തിൻെറ ശിലാസ്ഥാപനം തിരുമേനി നിർവ്വഹിച്ചു. തദവസരത്തിൽ തിരുമേനിക്കു് സമ്മാനിക്കപ്പെട്ടതായ പണക്കിഴിയിൽ ഗണ്യമായ ഒരു തുക കൂട്ടിച്ചേർത്തു ദേവാലയം സ്കൂൾ റോഡ് ഇതുകളുടെ ചിലവിലേക്കു വികാരിയെ ഏല്പിക്കുകയുണ്ടായി. തിരുമേനി തുടർന്നിങ്ങനെ പ്രസ്താവിച്ചു: "അടുത്തുതന്നെ ഞാൻ നമ്മുടെ പൊതുതറവാടായ തിരുക്കൊച്ചിയിൽ പോകുന്നുണ്ടു്. നമ്മുടെ പിതാക്കന്മാരെ നമ്മളുടെ സ്ഥിതിഗതികളെ അറിയിക്കുന്നതും അവരുടെപിതൃവാത്സല്യമുള്ള ഹസ്തങ്ങളിൽനിന്നു് കിട്ടുന്ന ഇനത്തിൽ നിന്നു നിങ്ങൾക്കുതന്നെ ഒരു ഓഹരി ആദ്യമായി തരുന്നതുമാണു്." അതിനു ശേഷം ഇടവകജനങ്ങളുടെ ഒരു യോഗം തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തി. ഇടവകയിൽ എല്ലാം വിശ്വാസികളും ആത്മീയപ്രബുദ്ധതയോടുകൂടിയവരായിരിക്കണമെന്നും രാഷ്ട്രീയകാര്യങ്ങളിലും പൊതുജനസേവനത്തിലും നമ്മുടെ രക്തത്തിൽ പരമ്പരയായി സിദ്ധിച്ചിട്ടുള്ള മാഹാത്മ്യം പുലർത്തിപ്പോരണമെന്നും ജനങ്ങളോടു ആഹ്വാനം ചെയ്തു. പലരുടേയും പണക്കിഴി സമ്മാനങ്ങളും മിഷൻലീഗിൻെറ ജ്ഞാനമഞ്ജരിയും ഹാരാർപ്പണങ്ങളും നടന്നു. നാലുമണിയോടുകൂടി തിരുമേനി തലശേരിക്കു തിരിച്ചുപോയി.

**പൊൻകുന്നം:** ഈ പള്ളിയിലെ അമലോത്ഭവതിരുനാൾ ഇക്കൊല്ലം വിവിധ പരിപാടികളോടുകൂടി പൂർവ്വാധികം ആഡംബരസമന്വിതം ഡിസംബർ 10, 11, 12 തിയതികളിൽ നടത്തപ്പെട്ടിരിക്കുന്നു. സുപ്രസിദ്ധവാഗ്മികളുടെ പ്രസംഗങ്ങളും, അലങ്കരിച്ച തെരുവീഥികളിൽക്കൂടി പ്രദക്ഷിണവും ഉണ്ടായിരുന്നു.

സ്ഥലത്തെ സി. വൈ. എം. എ. യുടെ ആഭിമുഖ്യത്തിൽ ഡിസംബർ 19-ാംനു, ആണ്ടുതോറും നടത്തിവരാറുള്ള കാർഷികപ്രദർശനം പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. പല വിലപിടിപ്പുള്ള കൃഷിസാധനങ്ങളും കരകൗശലസാധനങ്ങളും അവയിൽ ഉൾപ്പെടുന്നു.

**തുണ്ടത്തുംകടവു്:** സ്ഥലം ദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന മരിയൻസൊഡാലിററിയുടെ 16-ാമതു വാർഷികം രണ്ടു ദിവസത്തെ വിവിധപരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. അവസാനദിവസമായ ഡിസമ്പർ 26-ാംതിയതി ഉച്ചകഴിഞ്ഞു നടന്ന പൊതുസമ്മേളനത്തിൽ ശ്രീ തോമസ് സെബാസ്ത്യൻ ബി. എ. എൽ. ടി. അദ്ധ്യക്ഷതവഹിക്കുകയും, മിസ്സസ് ലില്ലി സെബാസ്ത്യൻ ബി. എ., ശ്രീ കാക്കി ജെ അറക്കൽ എന്നിവർ പ്രസംഗിക്കുകയുംചെയ്തു. ഇടയ്ക്കിടയ്ക്കു ബാലികമാരുടെ വിവിധകലാപ്രകടനങ്ങളും, ആലുവാ സെൻറ് സിസിലിയൻ മ്യൂസിക്ക് ക്ലബ്ബ്കാരുടെ ഗാനമേളവും, സഖ്യാംഗങ്ങൾചേർന്നു "തകർന്ന ഹൃദയം" എന്ന നാടകവും ഉണ്ടായിരുന്നു.

**കടുത്തുരുത്തി:** സ്ഥലം താഴത്തുപള്ളിയുടെ കുരിശുപള്ളിയായി മാന്നാർകരയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് മേരീസ് മൗണ്ടുപള്ളിയിലെ ചെറുപുഷ്പമിഷൻലീഗിൻേറയും സ്ഥലത്തെ സൺഡേസ്കൂളിൻേറയും സംയുക്തവാർഷികസമ്മേളനം ഡിസമ്പർ 26-ാംതിയതി ഞായറാഴ്ച പകൽ 3-30-നു് നടത്തിയിരിക്കുന്നു തദവസരത്തിൽ റവ. ഫാ. പോൾ കുഴിക്കാട്ടു് ബി. എ. അദ്ധ്യക്ഷതവഹിക്കുകയും, മെ വറുഗീസ് കാഞ്ഞിരത്തുങ്കൽ, സി. സി. ചാണ്ടി മണ്ണഞ്ഞാനം, റവ. ബ്രദർ ജോസഫ് വേലംപറമ്പിൽ എൽ. പി എച്ച്. എന്നിവർ ഓരോ പ്രസംഗം ചെയ്യുകയും ചെയ്തു. മീററിംഗിൽ ആദ്യവസാനം കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു അവസാനത്തിൽ "ഭൃത്യന്മാർ" എന്ന പ്രഹസനം കുട്ടികൾ ഏററവും തന്മയത്വപൂർവ്വം അഭിനയിക്കുകയും ചെയ്തു.

**അമ്പാറനിരപ്പേൽ:** സ്ഥലം പള്ളിവികാരി റവ. ഫാദർ മൈക്കൾ പനച്ചിക്കൽ അവർകളുടെ പൗരോഹിത്യരജതജൂബിലിയാഘോഷവും മിഷൻവാർഷികവും ഏകോപിച്ചുള്ള മീററിംഗ് റവ. ഫാദർ ജോൺ മററം എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം സ്കൂൾഹാളിൽ വച്ചു ഡിസംബർ 19-ാംനു സമ്മേളിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ പൗരോഹിത്യമഹത്വത്തേയും പുരോഹിതന്മാരുടെ നേർക്കുള്ള വിദ്വേഷമനോഭാവത്തിൻെറ അടിസ്ഥാനമില്ലായ്മയേയും കാര്യകാരണസഹിതം വെളിപ്പെടുത്തി. റവ. ഫാദർ ജോസഫ് പാറേൽ, ശ്രീ കെ. ഇസഡ്. ജോർജ്ജ് ബി. എ. എന്നിവർ പ്രസംഗിച്ചു. ജൂബിലേറിയൻ അദ്ദേഹത്തോടു പ്രദർശിപ്പിച്ച സ്നേഹാദരങ്ങൾക്കു കൃതജ്ഞത പ്രകടിപ്പിച്ചു. യോഗസാധാരണമായ മററു പരിപാടികളോടുകൂടി സമ്മേളനം മംഗളകരമായി പര്യവസാനിച്ചു.

**പള്ളിപ്പുറം:** സ്ഥലം ഫൊ: പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള നാല്പതുമണിആരാധന ഡിസംബർ 14-ാംനു ആരംഭിച്ചു 16-ാംനു വ്യാഴാഴ്ച നടന്ന ഭക്തിനിർഭരവും ആഡംബരപൂർണ്ണവുമായ വിശുദ്ധ കർബാനയുടെപ്രദക്ഷിണത്തോടുകൂടിസമാപിച്ചിരിക്കുന്നു. ആരാധനയുടെ ഒന്നാം ദിവസം മരിയഭക്തിയെക്കുറിച്ചു അഡ്വക്കേററ് മി. തോമ്മസ് തച്ചേടനും, ബുധനും, വ്യാഴവും പരിശുദ്ധകുർബാനയുടെ ഭക്തിയെക്കുറിച്ചു് സത്യദീപം പത്രാധിപർ റവ: ഫാ: ജോസഫ് വിതയത്തിൽ, വെ: റവ: ഫാ: ഗീവർഗ്ഗീസ് കവലക്കാട്ടു എന്നിവരും പ്രസംഗിച്ചു. പ്രാരംഭമായ പൊതുധ്യാനം ഡിസംബർ 9,10,11 എന്നി തിയതികളിൽ വെ: റവ: ഫാ: തോമ്മസ് വടശേരി എൽ. ഡി. അവർകളായിരുന്നു നടത്തിയതു്.



തോപ്പിൽ ലാസർ പെരയിര
മത്തേവൂസ്സ് പെരയിര
ജനനം 1891 ജൂൺ 19
മരണം 1954 ഡിസംബർ 26
"ദയാപരനായ ഈശോ,
ഈ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ."
R. I. P.

**അരിമ്പൂർ:** അരിമ്പൂർ പള്ളിയുടെ ആഭിമുഖ്യത്തിൽ വിൻസെൻറ്ഡിപോൾ സംഘവും മരിയൻസഖ്യവും ഏകോപിച്ചുമരിയൻജൂബിലി സമാപനയോഗം 7-ാംനു ഉച്ചതിരിഞ്ഞു പള്ളിവക മൈതാനത്തുവച്ചു് ഡി. ജസ്റ്റിസ് ശ്രീ പി. ഡി. തൊമ്മൻ എം. എ. ബി. എൽ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. റവ. ഫാ. എസ്. തേർമഠം എം. ഒ. എൽ; ശ്രീമതി ഏ കെ. ട്രീസ എന്നിവർ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ വിവിധകലാപരിപാടികൾക്കുശേഷം "ലൂർദ്ദിലെ കന്യക" എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

**കൂടല്ലൂർ:** വിശുദ്ധ യൗസേപ്പു് പിതാവിൻെറ നാമത്തിലുള്ള പള്ളിപുതുതാക്കിപണിതതിൻെറ ആശീർവ്വാദകർമ്മം1954 ഡിസമ്പർ 18-ാംനു രാവിലെ 7 മണിക്കു മൈററു് റവ ഡോ സെബാസ്ത്യൻ വയലിൽ തിരുമേനി നിർവ്വഹിച്ചു. 8നു് പൊന്തിഫിക്കൽ കർബാനയും 9-30നു് മെത്രാനച്ചൻ തിരുമനസ്സിലെഅദ്ധ്യക്ഷതയിൽ പൊതുസമ്മേളനവും നടന്നു. റവ. ഡോ. എൽ. ജെ ചിററൂർ പ്രസംഗിച്ചു.

**പാവറട്ടി:** സ്ഥലം സെൻറ് വിൻസെൻറ്ഡിപോൾ സഖ്യത്തിൻെറയും മരിയൻസഖ്യത്തിൻെറയും സംയുക്തവാർഷികം ഡിസംബർ 19-ാംനു ഞായറാഴ്ച ഉച്ചതിരിഞ്ഞു4-30നു് സ്ഥലംപള്ളിമൈതാനത്തിൽ വെച്ചു റവ. ഫാ. അഡോൾഫസ് സി ഡി ബി എ. ബി. ററി അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. തദവസരത്തിൽ ശ്രീ എം. പി. ജോർജ്ജ് ബി. എസ്സ്. സി. അവർകൾ പ്രസംഗിച്ചു. യോഗാനന്തരം "കരയുന്ന ഇരുമ്പഴികൾ" എന്ന സംഗീതനാടകം തന്മയത്വത്തോടുകൂടി അഭിനയിച്ചു.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—I

ജീവിതത്തിൻെറ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണ്. ചൊടിയും ചുറുചുറുക്കമുള്ള ഒരു യുവാവു്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു് പ്രാപ്തനാണ്. സമ്പാദിക്കുന്നുമുണ്ടു്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണ് ശക്തി ക്ഷയിച്ചു് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്കു്. ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്കു് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു് നിങ്ങളെ സഹായിക്കുന്നതിനു്

ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ചു് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്കു് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടർന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ടു്.

വിശദവിവരങ്ങൾക്കു് :

ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, JANUARY 5 | No. 20


# ലോകസമാധാനം

സമാധാനം ഇന്നത്തെ ലോകത്തിൽ ഒരു ജീവൽപ്രശ്നമാണ്. സമാധാനമില്ലാത്ത മനുഷ്യജീവിതം ജീവിതയോഗ്യമല്ല എന്നുതന്നെ പറയാം. ജീവിതപ്രശ്നവുമായി അതിനുള്ള ഈ അഭേദ്യബന്ധംകൊണ്ടാണ് ഓരോ മനുഷ്യനും അവന്റെ ജീവിതത്തിൽ സമാധാനത്തെ അത്യധികം അഭിലഷിക്കുന്നതും യേനകേനപ്രകാരേണ അതു കരസ്ഥമാക്കുന്നതിനു സകല ശ്രമങ്ങളും ചെയ്യുന്നതും. പക്ഷേ അനുദിനം ഒരു വിരോധാഭാസംപോലെ പ്രത്യക്ഷപ്പെടുന്നു, ജനത ഒന്നൊന്നായി സമാധാനസ്ഥിതിയിൽനിന്ന് അകന്നകന്നു അസമാധാനത്തിലേക്കാണ്ടുപോകുന്നു. ഏതോ മൗലികമായ കുറവ് പാശ്ചാത്യ ഈ ലോകത്തിൽ വന്നുപോയിട്ടുണ്ട് എന്നാണ് ഇതിന്റെ അർത്ഥം. അല്ലാതെ മറ്റൊന്നാവാൻ വഴിയില്ല. ഒരു സമാധാനപ്രശ്നം ഇതു നമുക്കു വിശദമാക്കിത്തരുന്നുണ്ട്.

## സമാധാനത്തിന്റെ സ്വഭാവം

സമാധാനത്തെ തത്വശാസ്ത്രപണ്ഡിതന്മാർ നിർവ്വചിച്ചിട്ടുള്ളതിൽനിന്നു നമുക്കു മനസ്സിലാക്കാം, ക്രമപാലനത്തിൽനിന്നുളവാകുന്ന ഒരു വ്യവസ്ഥിതിയാണതെന്ന്. ക്രമം എന്നു പറയുന്നതു വിവിധഘടകങ്ങളുടെ അന്യോന്യമായ വ്യവസ്ഥിതിയുമാണ്. സൃഷ്ടവസ്തുക്കളുടെ ബാഹ്യമായ പ്രാപഞ്ചികപാരാവാരത്തിൽ ഇതിന്റെ കല്ലോലങ്ങൾ നാം കാണുന്നുണ്ട്. പ്രപഞ്ചത്തിന്റെ പ്രവൃത്തനങ്ങളിൽ അത്യത്ഭുതകരമായ ഒരു ക്രമപാലനമാണ് നിഴലിക്കുന്നത്. ഏതെങ്കിലും വിധത്തിൽ അതു ഭഞ്ജിക്കപ്പെട്ടുവെങ്കിൽ കഴിഞ്ഞു. അഥവാ അസമാധാനസ്ഥിതി ദൃശ്യമാവുക ക്രമപാലനത്തിൽ കഴിഞ്ഞുകൂടാ. സ്ഥാനമില്ല ലോകത്തിൽ നമുക്കു ചുറ്റും നാം കാണുന്ന ഈ സൃഷ്ടികളിലെല്ലാം തന്നെ നിശ്ചിതക്രമം പാലിക്കപ്പെട്ടുപോരുന്നുണ്ട്. കാരണങ്ങളുടെ പ്രസക്തിയനുസരിച്ചു കാര്യങ്ങൾ നിയന്ത്രിക്കപ്പെടുന്നു. കാര്യങ്ങൾ സ്വതന്ത്രമായ അതിന്റെ പ്രവർത്തനപഥത്തിൽ പുരോഗമിക്കുകയും ചെയ്യുന്നു എന്നാൽ മനുഷ്യരെ സംബന്ധിച്ചു മാത്രമാണ് ഒരപവാദമുള്ളത്. അതിനു കാരണമുണ്ട്. മനുഷ്യനിൽ കാര്യകാരണബന്ധം പൂർണ്ണമല്ല. അന്ധമായ ഒരു പ്രകൃതിനിയമത്തിന്റെ ശക്തികൊണ്ടുമാത്രമല്ല അവനിൽ സ്വാതന്ത്ര്യമായ ഒരു വിവേചനാശക്തി അതിനുള്ള പശ്ചാത്തലം സൃഷ്ടിക്കുകയാണ്. അതുകൊണ്ട് മനുഷ്യനെ സംബന്ധിച്ചിടത്തോളം ക്രമം എന്നതു പ്രകൃതിജന്യമായിട്ടല്ല ഉൾത്തിരിഞ്ഞു കാണുന്നത്. അതു സ്വയകൃതമായിട്ടാണ് സംഭവിക്കുന്നത്. ഇതിൽ നന്മതിന്മകൾ ഉൾക്കൊള്ളുന്ന മനുഷ്യക്രമത്തെ സ്വീകരിക്കാവുന്നതുമാണ്. മറു ചരാചരങ്ങളിൽനിന്നു വിഭിന്നമായി സ്വയകൃതമായ ഒരു ക്രമവ്യവസ്ഥിതി മനുഷ്യൻ അവന്റെ ജീവിതപരിതസ്ഥിതികളിൽ സംജാതമാക്കണമെന്നും മാത്രമേ അവനു സമാധാനം കൈവരുത്തുവാൻ സാധിക്കയുള്ളു. ഈ അടിസ്ഥാനത്തിൽ വേണം മാനവസമാധാനത്തെപ്പറ്റി പരിചിന്തിക്കുന്നതും, സമാധാനസ്ഥാപനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുന്നതും, അതിന്റെ സാഫല്യത്തിനുവേണ്ടി പ്രയത്നിക്കുന്നതും.

## ജീവിതാംശങ്ങൾ

ഒരു മനുഷ്യന്റെ വ്യക്തിത്വവും ഗാർഹികവും, സാമൂഹികവും, ആത്മീകവുമായ ജീവിതാംശങ്ങളും തന്നെ ഒരേ കാര്യം ചെയ്യുവാനുള്ളത് അവന്റെ വ്യക്തിത്വത്തിനു അധീനമായ ജീവിതപ്രവർത്തനങ്ങൾ എല്ലാ രംഗങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ പ്രസക്തിയുണ്ട്. ഒരു തടാകമദ്ധ്യത്തിൽ എറിയപ്പെടുന്ന കല്ല് ആ ജലപ്പരപ്പിൽ ഉളവാക്കുന്ന ചലനത്തിനു സദൃശമാണല്ലോ ഒരു മനുഷ്യന്റെ പ്രവർത്തനവും. ജനതതിയെ മുഴുവനും സ്പർശിക്കുന്നു. ഈ വീക്ഷണകോണത്തിൽ നിന്നു ദർശിക്കുമ്പോൾ ഓരോ മനുഷ്യന്റെയും പ്രവർത്തനം അവന്റെ വ്യക്തിത്വവും സമീപസ്ഥവുമായ ജനതതിയുടെ സമാധാനവ്യവസ്ഥിതിയെ മാത്രമല്ല സ്പർശിക്കുന്നതു; വ്യാപകമായി അതു ആഗോളസമാധാനത്തിനു നിദാനമായ ക്രമപാലനത്തെത്തന്നെയാണ് സ്പർശിക്കുന്നതെന്നു വ്യക്തമാകും. അതുകൊണ്ടാണ് ഓരോ മനുഷ്യവ്യക്തിക്കും ആഗോളസമാധാനസംസ്ഥാപനത്തിൽ ഒരു കൈയുണ്ട് എന്നു പറയുന്നത്. അതുപോലെതന്നെ മറിച്ച്, ലോകത്തിൽ അസമാധാനം നടമാടുന്നുവെങ്കിൽ ഏതൊരു വ്യക്തിയുടെയും പ്രവർത്തനത്തിലുള്ള പാകപ്പിഴ അതിൽ നിഴലിക്കുന്നുണ്ടാകണം. അതുകൊണ്ട് മനുഷ്യരാശി ഒന്നാകെ അസമാധാനത്തെപ്പറ്റി ആക്രോശിച്ചു ബഹളം വർദ്ധിപ്പിച്ചിട്ട് കാര്യമില്ല. ഓരോരുത്തനും സ്വയം പരിശോധിച്ചിട്ട് അവനവനിൽനിന്നുണ്ടാകുന്ന കാരണങ്ങളെ കണ്ടുപിടിച്ചു അതിനു നിവാരണം വരുത്തുക. ഒരു ഉറച്ച പക്ഷത്തിലെങ്കിലും ഇതിനു സാധിച്ചാൽ ക്രമമുണ്ടാകും. സമാധാനവ്യവസ്ഥ തിരിച്ചുവന്നേക്കും. അതിന്റെ വിജയത്തിൽ ലോകസമാധാനം കൈവരികയും ചെയ്യും.

## സംഘട്ടനകാരണങ്ങൾ

അസമാധാനത്തിന്റെ കാരണങ്ങളായി സാധാരണ ചൂണ്ടിക്കാണിക്കാറുള്ള വൈരുദ്ധ്യങ്ങളിൽ ചിലതാണ് മതവൈരങ്ങൾ, സാമൂഹികസ്ഥിതികൾ, ഭരണരംഗങ്ങൾ, പാർട്ടികൾ മുതലായവ. അതുകൊണ്ട് അവയെ ഓരോന്നും നമ്മുടെ സവിശേഷമായ ശ്രദ്ധയ്ക്കും പഠനത്തിനും വിധേയമാക്കേണ്ടതാവശ്യമാണ്. അവയിൽ അടങ്ങിയിട്ടുള്ള തത്വങ്ങളെ പരിശോധിച്ചുവരുമ്പോൾ വർജ്ജ്യങ്ങളായവയെ ഉപേക്ഷിക്കുകയും സ്വീകാര്യങ്ങളായവയെ കൊള്ളുകയും ചെയ്യുന്നതു പ്രശാന്തമായ പ്രശാന്തപൂർണ്ണമായ വിവേചനാശക്തിയോടെ ഈ രംഗത്തിൽ പ്രവർത്തിക്കുകയാണ്. ലോകത്തിലുള്ള വിവിധമതങ്ങൾ, ഒരു രാജ്യത്തിൽ തന്നെയുള്ള വിവിധ ദേശങ്ങളിലുള്ള ഇതരസമുദായങ്ങൾ, സംഘട്ടനത്തിനു കാരണമായിത്തീരാറുണ്ട്. ഏകമതസ്ഥരായ പൗരന്മാരുള്ള ഒരു രാജ്യത്തിന്റെ ആന്തരികമായ ഐക്യം ഉറപ്പിക്കുന്നതാണെന്ന് സംശയമില്ല. എന്നാൽ പല മതങ്ങളിൽ വിശ്വസിക്കുന്നതുകൊണ്ടു ജനങ്ങൾ തമ്മിൽ മല്ലടിക്കണമെന്നുമില്ല. അതുപോലെ അവിശ്വാസം പരമമായി മനസ്സാക്ഷിയുടെ പ്രചാരണത്തെ ഉൾക്കൊള്ളുന്ന മതത്തിന്റെ മൗലികതത്വങ്ങളെ അംഗീകരിക്കുന്നവർക്കു സൗഹൃദമായ സഹിഷ്ണുതാമനോഭാവം സാദ്ധ്യമാകുന്നു. ഭാരതത്തിൽ ഓരോ രാജ്യങ്ങളിലും വിവിധ മതങ്ങൾ നാം കാണുന്നുണ്ട്. അവരെല്ലാം ആദർശയോഗ്യമായ മതസൗഹൃദം പുലർത്തുന്നു. വിരളമായ ചില കലഹങ്ങൾ വിട്ടാൽ മതപ്പേരിൽ തമ്മിൽ തമ്മിൽ കലഹിക്കുകയും അസമാധാനത്തെ ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നതിൽ യാതൊരു ശാസ്ത്രീയ മതപരമായ പശ്ചാത്തലവും ഉണ്ടായിട്ടില്ല എന്നു കാണേണ്ടതാണ്.

## തിരുനാൾമംഗളം



കോഴിക്കോട്ട് മെത്രാൻ മൊറാ റവ. ഡോ. അൽദൂസ് പത്രോണി എസ്. ജെ. തിരുമേനി

തിരുനാൾ ജനുവരി 10

വിഷമമില്ല. ആധുനികകാലത്ത് ഭാരതത്തെ വെട്ടിമുറിച്ചതും മതാപല വിഭാഗീയതയുടെ പല പല നിയന്ത്രണങ്ങളെ തകർത്തും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതും പ്രത്യക്ഷത്തിൽ മതത്തിന്റെ പേരിലാണെങ്കിലും അങ്ങനെ മതങ്ങൾ അറിയിക്കുന്ന ആശയമായ സഹിഷ്ണുതാമനോഭാവമില്ലായ്മയാണെന്ന്. വിശദമായി കാണാവുന്നതാണ്. ഈ മനോഭാവം സമാധാനത്തിന്റെ കഴുത്തു ഞെക്കുന്നു മാത്രമല്ല, മതത്തിന്റെ പേരിൽ അതു പ്രചാരം ചെയ്യപ്പെടുന്നു എന്നുമത്രേ.

## സാമൂഹികവ്യത്യാസം

ഇന്നു പ്രധാനമാകുന്ന വരച്ചിട്ടയിൽ കാണുന്ന പൊതുവായ ഒരു പ്രശ്നമാണ് സാമൂഹികമായ സ്ഥിതിവിശേഷങ്ങൾ മൂലം വന്നുചേർന്നിട്ടുള്ള വർഗ്ഗസമരം. മുതലാളിമാരും തൊഴിലാളിവർഗ്ഗങ്ങളും തമ്മിൽ വിരോധം ചെയ്തു ചരിത്രം രചിച്ചുകൊണ്ട് എത്രയോ സംഭവിച്ചിട്ടുണ്ട്. അതുമൂലം അനാശാസ്യമായ ഒരു സാമൂഹികസ്ഥിതി സംജാതമായിക്കഴിഞ്ഞു. അതു സമാധാനത്തിനു ഒരു വലിയ പ്രശ്നമായി ഇന്നു നിലകൊള്ളുകയും ചെയ്യുന്നു. അതു പരിഹരിക്കപ്പെടണം. അതിനു മുതലാളികളും തൊഴിലാളികളും കടമപോലെ കർത്തവ്യബോധത്തോടെ അവരവരുടെ പങ്കു നിർവ്വഹിക്കണം. മുതലാളികൾ തൊഴിലാളികളെ തൊഴിലാളികൾ മുതലാളികളെ ജീവിതപരിതസ്ഥിതികളിൽ ശത്രുക്കളായിക്കാണാൻ സാദ്ധ്യമല്ല. മുതലാളിയും തൊഴിലാളിയും രണ്ടു വർഗ്ഗങ്ങളല്ല, മാനവകുടുംബത്തിലെ രണ്ടു അംഗങ്ങളാണെന്നു ധരിക്കുകയും മുതലാളികളുടെ മുതലും തൊഴിലാളികളുടെ തൊഴിലും മുതലാളിയുടെയും തൊഴിലാളിയുടെയും സമാധാനജീവിതത്തിനും സൗഭാഗ്യപ്രാപ്തിക്കും ഉപകരണങ്ങളായി മാത്രം നിലകൊള്ളണമെന്നും അറിയായി ധരിച്ചു പ്രവർത്തിച്ചാൽ ഈ സംഘട്ടനം ഒഴിച്ചുകൂടാവുന്ന ഒരു പ്രശ്നം മാത്രമാണെന്നു മനസ്സിലാക്കാം.

ഈ സംഘട്ടനത്തെ കാണിച്ചു മുതലെടുക്കുന്ന കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളും ഇവിടെ അനുസ്മരിക്കാതെ നിവൃത്തിയില്ല. ആധുനികലോകത്തിന്റെ ഒരു മഹാശാപമായിത്തീർന്നിരിക്കുന്ന കമ്മ്യൂണിസം സമാധാനം സ്ഥാപിക്കുന്ന ഉദ്ദേശ്യത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നു പറയുന്നുണ്ടെങ്കിലും അതിന്റെ ജീവസ്സത്ത വിപ്ലവമാണ്. അസമാധാനമെന്നത് ഒരു പക്ഷിയെപ്പോലെ വർഗ്ഗവിദ്വേഷത്തിൽ വളർന്നു വസിക്കുന്ന നിരീശ്വരപരമായ കമ്മ്യൂണിസത്തിനു ലോകത്തിലെ യഥാർത്ഥമായ ശാന്തിയുള്ള സുസ്ഥിതിയും സമാധാനവും കൈവരുത്താൻ സാദ്ധ്യമല്ല. മനുഷ്യന്റെ വിവേചനാശക്തിക്കു വിധേയമായ സ്വാതന്ത്ര്യബോധത്തെ ആദരിക്കാത്ത ഭൗതികവാദപരമായ അതു ആരുടെ ഭരണത്തിലായാലും സമാധാനജന്മമാകുന്നതല്ലല്ലോ. സർവ്വ സമാധാനത്തിന്റെയും ക്രമത്തിന്റെയും ഉൽപത്തിസ്ഥാനമായ ദൈവത്തെ പുറന്തള്ളുന്നതോടെ അതു സംബന്ധിച്ച അവസാന പ്രത്യാശയും നശിക്കുന്നു. അതുകൊണ്ടു കമ്മ്യൂണിസമെന്ന മായയായ നശീകരണ പ്രസ്ഥാനങ്ങൾ സമാധാനസ്ഥാപനത്തിനു വേണ്ടിയല്ല പ്രത്യുത അതിന്റെ നശീകരണത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്.

## പാർട്ടിവ്യത്യാസങ്ങൾ

ജനകീയഭരണവ്യവസ്ഥിതി വിരോധിക്കുന്ന എന്നമട്ടിൽ ആരോപിക്കപ്പെടുന്ന ഇന്നത്തെക്കാലത്ത് ആ വ്യവസ്ഥിതിയുടെ പ്രവർത്തനത്തിനു ആവശ്യമായ പാർട്ടിസമ്പ്രദായങ്ങൾ അത്യപേക്ഷണീയമാണ്. രാജ്യത്തിന്റെ പൊതുനന്മയും ജനതയുടെ സമാധാനത്തിനും ഏറ്റവും സഹായകമായിട്ടാണ് പാർട്ടികൾ പ്രവർത്തിക്കേണ്ടത്. അതിനു ശിക്ഷപ്പെട്ടിട്ടുള്ളതു ജനാധിപത്യങ്ങളാണ് പാർട്ടികളിൽ പ്രതിഫലിക്കേണ്ടത്. പക്ഷേ ഇന്നു ഓരോ രാജ്യത്തെയും സ്ഥിതിഗതികൾ പരിശോധിച്ചാൽ പാർട്ടിപ്രവർത്തനങ്ങൾ പൊതുനന്മയ്ക്കു നേതാക്കന്മാരുടെ സ്വാർത്ഥലാഭമോഹങ്ങൾ നേടുവാനുള്ള ഒരു ഉപകരണങ്ങളായിട്ടാണ് അധഃപ്പതിച്ചിരിക്കുന്നത്. മാത്രമല്ല. തന്നിമിത്തം സമാധാനത്തിനു ഉപദ്രവമുള്ള വാർത്തകളും കഴിഞ്ഞുകൂടുന്ന ജനങ്ങളുടെ ഇടയിൽ അനാവശ്യമായ വഴക്കുകളും, മത്സരങ്ങളും, തീരാത്ത വൈരാഗ്യവും സൃഷ്ടിക്കപ്പെടുന്നു. ധാർമ്മികമൂല്യങ്ങൾക്കു അംഗീകാരം കൊടുക്കുന്നില്ല എന്നു ഭാവിക്കുന്ന പാർട്ടികളിൽ നിന്നും വിനാശകരങ്ങളായ ഇത്തരം സംഘട്ടനങ്ങൾ ധാരാളമായി കാണാവുന്നതാണല്ലോ. മനുഷ്യന്റെ സമാധാനജീവിതത്തെ ചൂഷണം ചെയ്തു പിടിച്ചെടുക്കുന്ന രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന പാർട്ടികൾ പരമധർമ്മത്തിനുവേണ്ടി നിലകൊള്ളുന്നില്ലെങ്കിൽ ജനകീയഭരണം അപഥസഞ്ചാരണം ചെയ്യുകയാണ് അതിൽനിന്നു ക്രമസമാധാനങ്ങൾ പരമനന്മകൾ ലഭ്യമാവുകയില്ല.

## യഥാർത്ഥസമാധാനം

ഇങ്ങനെ ദൈവനിശ്ചിതമായ ക്രമത്തിൽ അടിയുറച്ചിട്ടുള്ളതും, മനുഷ്യന്റെ വിവേചനാശക്തിയെ വ്യതിചലിക്കാതെ ആ സനാതനനിയമത്തോടു ഒന്നിപ്പിച്ചുകൊണ്ടു പോകുന്നതുമായ വ്യവസ്ഥിതിക്കു മാത്രമേ ലോകസമാധാനത്തെ പ്രദാനം ചെയ്യുന്നതിനു സാദ്ധ്യമാവുകയുള്ളു. അതൊന്നാമതായി ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ സമാധാനം കൈവരുത്തുന്നു. ലോകജീവിതത്തിന്റെ ദുരന്തമായ പരിതസ്ഥിതികളിൽ പോലും അചഞ്ചലമായ പ്രശാന്തത അവനിൽ നിവസിക്കും. വ്യക്തിഗതമായ ഈ സമാധാനം കുടുംബാന്തരീക്ഷത്തിലും, സാമൂഹികപ്രവർത്തനങ്ങളിലേക്കും, പൊതുരംഗങ്ങളിലേക്കും സംക്രമിക്കുന്നു. വ്യക്തികൾ പ്രദാനം ചെയ്യുന്ന ഈ മൂല്യങ്ങളുടെ ആകത്തുകയാണ് ലോകസമാധാനം. അതുകൊണ്ടാണ് ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം എന്ന അർത്ഥഗർഭമായ ദേവദൂത ക്രിസ്തുപിറവിയുടെ വേളയിൽ ദൈവദൂതന്മാർ വഴി ലോകത്തിനു പ്രദാനം ചെയ്യപ്പെട്ടതു. സമാധാനത്തിനുവേണ്ടി ദാഹിക്കുന്ന ലോകം, സമാധാനരാഹിത്യത്തിൽ വേപഥുപൂണ്ടു കഴിയുന്ന ജനത യഥാർത്ഥസമാധാനത്തിനുള്ള ഈ മാർഗ്ഗത്തിൽ മുന്നേറാൻ തയ്യാറാകട്ടെ. ഓരോ മനുഷ്യവ്യക്തിയും ഈ കാര്യത്തിൽ അവനവനുള്ള ഉത്തരവാദപരമായ കർത്തവ്യത്തെ നിർവ്വഹിക്കുന്നതിനു തയ്യാറാവട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### മാർഷൽ ടിറ്റോയുടെ ഇന്ത്യാസന്ദർശനം

ഇന്ത്യയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന യൂഗോസ്ലാവിയായിലെ പ്രസിഡണ്ടായ മാർഷൽ ടിറ്റോ ഇന്ത്യയുടെ മാത്രമല്ല ഏഷ്യൻ രാജ്യങ്ങളുടെയും യൂറോപ്പിന്റെയും അമേരിക്കയുടെയും സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ സന്ദർശനത്തെപ്പറ്റി "ഡെമോക്രസി" എന്ന പത്രം പറയുന്നതു പ്രകാരമാണ്:- അദ്ദേഹം ഇന്ത്യയും ഭാരതവും ഔദ്യോഗികമായി സന്ദർശിക്കുന്ന ഒന്നാമത്തെ വിദേശരാജ്യത്തലവനാണ്. അതുകൊണ്ടു ലോകത്തിലുള്ള എല്ലാ രാജ്യതന്ത്രജ്ഞന്മാരും ഇന്ത്യൻ ഗവൺമെന്റിന്റെ ശ്രദ്ധ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. മാർഷൽ ടിറ്റോ സ്റ്റാലിനുമായി ഒരു ദീർഘപ്രശ്നമായിരുന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള രാജ്യതന്ത്രജ്ഞന്മാർക്കു അദ്ദേഹം ഒരു വിഷമപ്രശ്നമായിരുന്നു. അമേരിക്കാ സമൃദ്ധമായി ഉദാരമായി സാമ്പത്തികസഹായം ചെയ്തപ്പോൾ അദ്ദേഹം അതു സ്വീകരിക്കുന്നതിനു മടികാണിച്ചില്ല എന്നതു ശരിതന്നെ. അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റുബന്ധം പക്ഷേ അവിടെപ്പെട്ടുകിടക്കുന്നില്ല. എന്നാൽ മാർഷൽ ടിറ്റോയുടെ ഏറെ താഴ്ന്നപടിയിൽനിന്നു കമ്മ്യൂണിസത്തിനു നൽകുന്ന സംഭാവന ഏറ്റവും ഉന്നതമായ സ്ഥാനത്തിലേക്കുയർന്ന വിശ്വാസബന്ധമായ ഒരു ഭരണമാണദ്ദേഹം. അദ്ദേഹം സോഷ്യലിസത്തിന്റെ ഒരാരാധകനാണ്. രാഷ്ട്രീയരംഗ

ന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതി കൈവരിക്കേണ്ടി വരുമെന്ന് അദ്ദേഹം നിലകൊള്ളുന്നു. അതീതകാലങ്ങളിൽ സോവ്യറ്റ്റഷ്യ പ്രയോഗത്തിൽ വരുത്തിയിട്ടുള്ള ദുരുപയോഗങ്ങളായ പല പരിഷ്കാരങ്ങൾക്കും വളരെയധികം ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ട്. തന്റെ രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാതെ സോവ്യറ്റ് റഷ്യയോടു പറഞ്ഞിട്ടുള്ള ഒന്നാമത്തെയും ഏകനുമായ രാജ്യാധിപൻ മാർഷൽ ടിറ്റോയാണെന്നുള്ളതു പ്രത്യേകം ശ്രദ്ധാർഹമാണ്.

മാർഷൽ ടിറ്റോയുടെ ഇന്ത്യാസന്ദർശനം എന്തെല്ലാം ഫലങ്ങളാണ് പുറപ്പെടുവിക്കുക എന്നു കണ്ടറിയുവാനേ നിവൃത്തിയുള്ളൂ. "മഹാ പരമായ സഹവർത്തിത്വം" എന്ന ഇന്ത്യയുടെ ആദർശത്തോടു അദ്ദേഹത്തിനു പരിപൂർണ്ണമായ സഹതാപമുണ്ടെന്നു പ്രസ്താവിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഡൽഹിയിൽ തുടർന്നുവന്ന അയൽപക്കത്തെ വിദേശനയത്തെ ഇപ്പോഴത്തെ സോവ്യറ്റ് മേധാവികൾ അംഗീകരിക്കുകയാണെന്നും തന്മൂലം ലോകത്തിലെ ആകമാനമായ സ്ഥിതിയിൽ ഗണ്യമായ വ്യതിയാനം സംഭവിച്ചിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. കൊളോണിയൽ പ്രശ്നത്തെ അദ്ദേഹം നിശിതമായി വിമർശിച്ചു ഏഷ്യൻ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ കൊളോണിയലിസം അവസാനിപ്പിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം.

## അറിയിപ്പ്

1955-ാമാണ്ടിലേക്കുള്ള സത്യദീപം കലണ്ടർ അടുത്തലക്കത്തോടുകൂടി ഓരോ വരിക്കാർക്കും അയച്ചുതരുന്നതാണ്.

മാനേജർ


## ഇന്ത്യയെ പാട്ടിലാക്കാനാണോ?

മാർഷൽ ടിറ്റോയുടെ കമ്മ്യൂണിസ്റ്റ് രേഖ യുഗോസ്ലാവിയയിലെ മതമർദ്ദനനടപടികളും സ്റ്റാലിനെപ്പോലെ നിർദ്ദയം എതിരിട്ട അദ്ദേഹത്തിന്റെ ചങ്കൂറ്റവും. രാഷ്ട്രശക്തികളെ വരുതിയിലാക്കുന്നതിലും അരുതാത്തതായ സഹായങ്ങളെ സ്വീകരിക്കുന്നതിലും അദ്ദേഹത്തിനുള്ള നയപാടവങ്ങളും മനസ്സിൽ വച്ചുകൊണ്ടു ഇന്ത്യയുടെ സൗഹൃദത്തിനായി മനോഭാവം അദ്ദേഹം എങ്ങനെ വിനിയോഗിക്കുമെന്നു ചിന്തിക്കുന്നവർ പല്ലിറുമ്മിയുടെ പുള്ളി മാറ്റാൻ എളുപ്പമല്ലാത്തപോലെ ഒരു കമ്മ്യൂണിസ്റ്റു രാജ്യമായി നിലകൊള്ളുന്ന യുഗോസ്ലാവിയായുമായുള്ള ബന്ധം ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർക്ക് നുഴഞ്ഞുകയറാനുള്ള കളമൊരുക്കുകയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. യുഗോസ്ലാവിയാ സോവ്യറ്റ് റഷ്യയോടു എതിരിടുന്നതിന്റെ അർത്ഥം കമ്മ്യൂണിസവും എതിർവശവും തമ്മിലുള്ള സമരമാണെന്നു തെറ്റിദ്ധരിക്കേണ്ടതില്ല. രണ്ടു കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ തമ്മിൽ മേധാവിത്വത്തിനു വേണ്ടി വടംവലിക്കുന്നു എന്നു മാത്രമേ ഉള്ളൂ. സോവ്യറ്റ് റഷ്യ ഇപ്പോൾ മയപ്പെട്ടുവരുന്നു എന്നു അദ്ദേഹം പറയുന്നുണ്ടെങ്കിലും അതുകൊണ്ടു സഹവർത്തിത്വത്തിലും കൊളോണിയലിസത്തിലും സമ്പ്രദായത്തോടുള്ള എതിർപ്പില്ല. എല്ലാ കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും ഒന്നുപോലെ ലക്ഷ്യമാക്കുന്നതു ലോകമാകമാനം കണ്ടു ഭ്രമിച്ചു പോകുമായ കമ്മ്യൂണിസ്റ്റാദർശ പ്രചാരമാണ്...

## സി. അൽഫോൻസാമ്മയുടെ

### നാമകരണനടപടികൾക്കുള്ള അപേക്ഷ

1954 ഡിസംബർ 8-ാം തീയതി ബോംബെയിൽ സമ്മേളിച്ച ഇന്ത്യൻ മെത്രാന്മാരുടെ കാര്യക്ഷമണ്ഡലം സി. അൽഫോൻസാമ്മയുടെ പുണ്യപദപ്രഖ്യാപനത്തിനുള്ള കാനോനികനടപടികൾ പുനരാരംഭിക്കണമെന്നു പരിശുദ്ധ മാർപ്പാപ്പായ്ക്കു സമർപ്പിച്ചു കൊടുത്ത അപേക്ഷയുടെ പടമാണ് ഇവിടെ ചേർത്തിരിക്കുന്നത്. ഇന്ത്യയുടെ അന്നത്തെ സിസ്റ്റം വരെയുള്ള പ്രശസ്തി ... എല്ലാ മെത്രാപ്പോലീത്തന്മാരും മെത്രാന്മാരും അതിൽ ഒപ്പുവച്ചിട്ടുണ്ട്. 70-ൽ പരം ഒപ്പുകളാണ് അതിൽ ഉള്ളത്.



ത്യാസത്തെ മറന്നു ഇന്ത്യ അദ്ദേഹത്തിന്റെ മനക്കണ്ണിൽ ആയിരിക്കുമോ ഈ വിശാല അനുഭാവം എങ്കിൽ ഭാരതത്തെ നേരിടുന്ന അപകടം ഗൗരവമായ ഒരു വിനയായിരിക്കും.

● ● ●

### തങ്കൽ നിയമകാലവധി നീട്ടൽ

കേന്ദ്ര പാർലമെന്റിൽ തീവ്രമായ വാദപ്രതിവാദങ്ങൾക്കു വിധേയമായ ഒരു പുതിയ നിയമമാണ് പാർലമെന്റ് അംഗങ്ങൾ തടങ്കൽ നിയമത്തിന്റെ കാലാവധി നീട്ടുന്നതിനു അവർ അംഗീകാരം നൽകി. ഡോക്ടർ കട്ജു ബിൽ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷബെഞ്ചുകളിൽ നിന്നു ഇതു ജനകീയ

വിരുദ്ധമാണെന്നുള്ള കൂക്കിവിളികൾ ഉയർന്നു. ചെറുപാർട്ടികൾ ഉൾപ്പെടെ ബില്ലിനെ എതിർക്കുന്നതിൽ ... പ്രതിപക്ഷത്തിനു ... പ്രമാണങ്ങളെന്നും പ്രതിപക്ഷത്തിനു കഴിയുന്ന ഭാഗമുണ്ടായിരുന്നില്ല. ഇവ

രാജ്യത്തു അക്രമപ്രസക്തമായ വിപ്ലവകക്ഷികളുടെ നീറിപ്പുകച്ചിൽ ഉള്ള കാലം ഗവണ്മെന്റിനു നിരോധനനടപടികൾ നയമാക്കാതെ അഭ്യൂദയത്തെ പൊതുസമാധാനത്തെയും പരിരക്ഷിക്കുവാൻ സാദ്ധ്യമല്ല എന്നായിരുന്നു ഗവണ്മെന്റുപക്ഷത്തെ വാദഗതി. ഇന്ത്യയിൽ ചുറ്റുപാടുകളിൽ അക്രമപ്രസക്തമായ വർഗ്ഗീയതയും മതപരമായ ... ശക്തികളായ കമ്മ്യൂണിസവും പ്രബലമായ കക്ഷികളായിത്തീർന്നിട്ടുള്ളതിനാൽ ചില ഘട്ടങ്ങളിലെങ്കിലും പ്രവർത്തിക്കേണ്ടിയിരിക്കുന്നുള്ളൂ എന്ന് നിയമനിർമ്മാണ സമിതിയിലെ മിക്ക പ്രതിപക്ഷ അക്രമപ്രവർത്തനങ്ങളും ... ഉണ്ടെന്നുള്ള ഒരു വിപൽസന്ധിയായിരുന്നില്ലെന്നു ... അത്യാപത്കരമായ പ്രാധാന്യമുള്ള സംശയങ്ങൾ കൂടാതെ മുറുക്കിപ്പിടിക്കുന്നവർ ... ഡെമോക്രസിയുടെ പേരിൽ ... അവരുടെ ശ്രമങ്ങളെ ചെറുക്കുവാൻ ... ഡെമോക്രസിയുടെ നിലനില്പിനാവശ്യമാണ്.

> ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ.
>
> ജെ. എൻ. റാവു
>
> ഏജന്റ് "സത്യദീപം"
>
> ചെട്ടികാട്", ആലപ്പുഴ

* * *

### ദുഷിച്ച സിനിമാ നിരോധിക്കണം

"ഇന്ത്യയിൽ ഉണ്ടാക്കപ്പെട്ടതോ വിദേശങ്ങളിൽ നിന്നു ഇറക്കുമതി ചെയ്യപ്പെട്ടതോ ആയ എല്ലാ ദുഷിച്ച സിനിമാചിത്രങ്ങളുടെയും പ്രദർശനം നിരോധിക്കേണ്ടതാണ്" എന്നാണ് അനൗദ്യോഗികമായി പാർലമെന്റിൽ മതിപ്പെടുത്തപ്പെട്ട പ്രമേയങ്ങളിലുള്ള ഒരു വശം. ഗവൺമെന്റ് ... ദുഷിച്ച നിരോധിക്കപ്പെടണമെന്ന് അംഗങ്ങളിൽ ... ഗവണ്മെന്റ് ... അഭിപ്രായമുണ്ട്. ജനപ്രതിനിധികളായ മെമ്പർമാർ ഈ കാര്യത്തിൽ അഭിപ്രായപ്രകടനവും ഓരോ നിർദ്ദേശങ്ങളും ... സന്മാർഗ്ഗബോധവും ... മന്ത്രിമാരെല്ലാം ... ചലച്ചിത്രങ്ങൾ ... കാണിക്കുന്ന ... അധ്യാപകരെപ്പോലെ ... എതിർ ... ബിൽ ... നിയന്ത്രണവും ... വെട്ടി നിരോധിക്കുന്നതിനു പകരം ... സ്ഥാപനത്തിന്റെ ...

ത്തിൽ അഭിഷിക്തയായ ഒരു പുരോഹിതനെ പ്രതീക്ഷിക്കാൻ സാധിക്കയുള്ളൂ. കത്തോലിക്കർ തന്നെ അവരെ ... ഗവണ്മെന്റിന്റെ ... ഒരു ന്യൂനപക്ഷവും പ്രസ്തുത വിപത്തിൽനിന്നു രക്ഷിക്കപ്പെടണമെങ്കിൽ ഗവണ്മെന്റിൽനിന്നുതന്നെ അത്തരമുള്ള ചിത്രങ്ങൾ നിരോധിക്കുന്ന ശരിയായ ഈ മാർഗ്ഗത്തിൽ ഗവണ്മെന്റ് മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനു സർവ്വാത്മനാ പാസാക്കപ്പെട്ട ഈ പ്രമേയം സഹായകമായിരിക്കുമെന്നു പ്രതീക്ഷിക്കാം.

### കേപ്പാപ്പസ്ഥലസംഘത്തിൽ 1955 ജനുവരിമാസത്തെ പ്രതിനിധിയോഗം

"ജനപദങ്ങളിൽ ആഭ്യന്തര സമാധാനം ഉണ്ടാകുന്നതിനു"

### വരപ്രാപ്തനിയോഗം

"മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ ഐക്യത്തിനും വളർച്ചയ്ക്കും വേണ്ടി."

### അടുത്ത വാഴ്വുകൾ

ജനുവരി

6 വ്യാ: ദനഹാ മൂന്നുരാജാക്കൾ

7 വെ. വി. ലൂസിയാൻ

8 ശ: വി. അപ്പൊളിനാരിസ്

9 ഞാ: ദനഹാ 1 ഞായർ തിരുക്കുടുംബം

10 തി: വി. വില്യം

11 ചൊ: വി. ഹൈജീനസ് പാപ്പാ

12 ബു: വി. അർക്കാദിയൂസ്

### ഫാദർ പെയ്റ്റൻ എറണാകുളത്ത്

വിശ്വവിശ്രുത ജപമാലപ്പ്രേഷിതനായ വന്ദ്യ ഫാദർ പാട്രിക്ക് പെയ്റ്റൻ അവർകൾ ജനുവരി 2-ാം തീയതി വൈകീട്ടു 5.30-നു എറണാകുളം സെന്റ് ആൽബർട്ട്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ സമ്മേളിച്ച ഒരു മഹായോഗത്തിൽ ജപമാലഭക്തിയെപ്പറ്റി ഹൃദ്യമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയാണ് ഫാദർ പെയ്റ്റനെ സദസ്സിനു പരിചയപ്പെടുത്തിയതു. ജപമാലപ്രാർത്ഥന ആവശ്യം ഉന്നിച്ചുചൊല്ലി അവസാനത്തിൽ അമേരിക്കയിലെ ഹോളിവുഡ് നടന്മാരാൽ അഭിനയിക്കപ്പെട്ടിട്ടുള്ള കൊന്തയുടെ "മഹിമകളെ" പരിശുദ്ധമായി വിശദീകരിക്കുന്ന ഒരു സിനിമാപ്രദർശനവും ഉണ്ടായിരുന്നു.

### നിര്യാതനായി

കരളിയകമ്പനിതാമസിഷ് പന്ത്രണ്ടാംപടിയുടെ സേക്രഡ് ഹാർട്ട് സ്ട്രേറ്റിൽ താമസിച്ചിരുന്ന പെൻഷ്യൻ ഹെഡ്മാസ്റ്ററായിരുന്ന പെരിയ റവ. ഫാദർ പീറ്റർ തോമസ് ബി. എ. എൽ. ടി. അവർകൾ ജനുവരി 2-ാം തീയതി വൈകീട്ടു ആലുവാ കൊവേന്തയിൽ വച്ചു നിര്യാതനായിരിക്കുന്നു. ശവസംസ്കാരം തിങ്കളാഴ്ച വൈകീട്ടു 5 മണിക്കു നടത്തപ്പെട്ടു. R. I. P.


വി. പത്താം പീയൂസിന്റെ

അതിമനോഹരമായ ത്രിവർണ്ണചിത്രം

സൈസ് $13\frac{1}{2}$ ഇഞ്ച് × 9 ഇഞ്ച് —നല്ല ആർട്ടുപേപ്പർ—ഒന്നിനു 4 അണ—

10-ൽ കൂടുതലിനു $\frac{1}{4}$ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്

ബ്രോഡ്‌വേ, എറണാകുളം-1

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായോട് സ്നേഹപ്രകടനം

പരിശുദ്ധ പിതാവിന്റെ ആലസ്യത്തെ തുടന്ന് അവിടുത്തെ നേർക്കു ജനലക്ഷങ്ങൾക്കുള്ള സ്നേഹാദരങ്ങൾ ആദരവപൂർവ്വം പ്രകടിതമായിരിക്കുന്നു. ആത്മപരിത്യാഗസന്നദ്ധതയെ പ്രകാശിപ്പിക്കുന്ന നിരവധി കത്തുകൾ അനുദിനം വത്തിക്കാനിൽ എത്തിക്കൊണ്ടിരിക്കുന്നുണ്ട്. വത്തിക്കാൻ പത്രമായ ഒസ്സർവത്തോരെ റൊമാനോ ശ്രദ്ധാർഹമായ പല സംഭവങ്ങളും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഫ്രാൻസിൽ ലില്ലി എന്ന രൂപതയിലെ ഒരു യുവാവ് പരിശുദ്ധ പിതാവിനു ആരോഗ്യം ലഭിക്കുവാൻ അദ്ദേഹത്തിന്റെ ജീവൻ ബലിയപ്പിക്കുന്നതിനു ദൈവത്തോടു വാഗ്ദാനം ചെയ്തു. പോംതാഴ്‌വാരത്തിൽ ഒരു പട്ടണത്തിൽ താമസക്കാരായ 26 കുട്ടികൾകൂടി പരിശുദ്ധ മാർപ്പാപ്പായ്ക്കു ഒരു കത്തയച്ചു: "ഞങ്ങൾ അവിടുത്തെ ജീവിതം ദീർഘിപ്പിച്ചു തരുന്നതിനുവേണ്ടി ഞങ്ങളുടെ ജീവിതത്തിലെ ഓരോ വർഷം സന്തോഷത്തോടുകൂടി ദൈവതിരുസന്നിധിയിൽ ബലിയപ്പിക്കുന്നു" എന്നായിരുന്നു ഹൃദയാവർജ്ജകമായ പ്രസ്തുത കത്തിൽ നിഷ്കളങ്കമായും മനോഹരമായും അവർ വിവരിച്ചിരുന്നതു്. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി 3 ലക്ഷം കത്തുകളാണു് ഇതിനകം വത്തിക്കാനിൽ വന്നുചേർന്നിട്ടുള്ളതു്. "സാവധാനത്തിലാണെങ്കിലും ആരോഗ്യം പ്രാപിച്ചുവരുന്ന പരിശുദ്ധ പിതാവു 12-ാം പിയൂസ് മാർപ്പാപ്പാ അത്യഗാധമായ ആദരവിന്റെ ഈ പ്രകടനങ്ങൾ പ്രത്യേകിച്ചും സ്വാഗതാർഹങ്ങളാണു്. എല്ലാവരോടും അവിടുന്നു നന്ദിപ്രദർശിപ്പിക്കുന്നു" എന്നാണു് ഒസ്സർവത്തോരെ പ്രസ്താവന സമാപിപ്പിച്ചിരിക്കുന്നതു്.

## മരിയവത്സരത്തിലെ തീർത്ഥകവ്യൂഹം

ഇക്കഴിഞ്ഞ മരിയൻ ജൂബിലി വർഷത്തിൽ റോമാ സന്ദർശിച്ച തീർത്ഥകരുടെ സംഖ്യ 80 ലക്ഷം വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. 1950 ലെ ജൂബിലിവർഷത്തിൽ റോമാ സന്ദർശിച്ച തീർത്ഥകരുടെ സംഖ്യയുടെ ഏകദേശം ഇരട്ടിയാണു് ഈ സംഖ്യ. 35 ലക്ഷം തീർത്ഥകർ ഈ വർഷത്തിൽ ലൂർദ്ദ് സന്ദർശിച്ചു. അതിൽ 75000 പേരും ഫ്രാൻസിനു വെളിയിൽനിന്നായിരുന്നു. രോഗികളെ തീർത്ഥസ്ഥലത്തേക്കു കൊണ്ടുവരുന്നതിനു ഉദ്ദേശം 700 ആശുപത്രിതീവണ്ടികളും 900 കോച്ചുകളും ഉപയോഗിക്കപ്പെട്ടു. ശരാശരി 6,000 ദിവ്യകാരുണ്യസ്വീകരണങ്ങളാണു് അനുദിനം ഗ്രോട്ടോയിൽ നടത്തപ്പെട്ടിട്ടുള്ളതു്.

## വേദാദ്ധ്യാപക സംഘം

സൗമനസ്സ്യം കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതിനു ഫ്രാൻസിലുള്ള സന്നദ്ധഭടന്മാരുടെ സംഘടനയാണു് അവിടത്തെ വേദാദ്ധ്യാപകസംഘം. പാരിസ് രൂപതയിൽ ഏഴുപതുകൊല്ലങ്ങൾക്കു മുമ്പു രണ്ടു അൽമായ ഉപദേശികളാണു അതു സമാരംഭിച്ചതു്. അന്നു 200 കുട്ടികൾക്കാണു് അവർ വേദപാഠങ്ങൾ നൽകിക്കൊണ്ടിരുന്നതു്. ഇന്നു അതേ രൂപതയിൽ 8000 ത്തിലധികം ഉപദേശികളുണ്ടു്. അവർ 160000 കുട്ടികളേയും 2000 പ്രായംചെന്നവരേയും വേദപാഠങ്ങൾ പഠിപ്പിക്കുന്നു. അവിടെത്തന്നെ ഇനിയും മതബോധനം സിദ്ധിക്കാത്ത ഒട്ടുവളരെ കുട്ടികളുള്ളതുകൊണ്ടു് സംഘം കൂടുതൽ സേവനസന്നദ്ധരായ ഉപദേശികളെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

## 9-ാം പീയൂസിന്റെ നാമകരണ നടപടികൾ

ഭാഗ്യസ്മരണാർഹനായ 9-ാം പീയൂസ് മാർപ്പാപ്പായെ ധന്യനെന്നു പേരുവിളിക്കുന്നതിനു വേണ്ട നടപടികൾ വത്തിക്കാനിൽ സമാരംഭിക്കുന്നതിനുള്ള അനുമതി ഡിസമ്പർ 7-ാം തീയതി 12-ാം പീയൂസ് മാർപ്പാപ്പാ അവിടുത്തെ രോഗശയ്യയിൽ നിന്നു കല്പിച്ചുനൽകിയിരിക്കുന്നു. അതിനുമുമ്പായി റീത്തുകളുടെ തിരുസംഘം ചേരുകയും നടപടികൾ സമാരംഭിക്കുന്ന കാര്യം ഏകയോഗമായി അംഗീകരിക്കുകയും ചെയ്തിരുന്നു. 9-ാം പീയൂസ് മാർപ്പാപ്പാ അമലോത്ഭവസത്യം പ്രഖ്യാപനം ചെയ്തതിന്റെ ശതവർഷപൂർത്തിദിനത്തിന്റെ തലേനാളിലാണു് ഏവംവിധം ഈ ഡിക്രി പാസ്സായതു്. ഈ ഡിക്രി റോമിലുള്ള എല്ലാ ദൈവാലയങ്ങളിലും പരസ്യപ്പെടുത്തുന്നതിനു മാർപ്പാപ്പാ ആജ്ഞാപിച്ചിട്ടുണ്ടു്. 9-ാം പീയൂസു മാർപ്പാപ്പാ ചരമമടഞ്ഞതു് 1878 ലാണു്. മാർപ്പാപ്പാമാരിൽ ഏററവും കൂടുതൽ കാലം ഭരണം നടത്തിയിട്ടുള്ളതും അവിടുന്നാണു്.

## കുട്ടികൾക്കു ശിക്ഷണം ആവശ്യമാണ്

കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ചു ലങ്കാസ്റ്ററിലെ സഹായമെത്രാനായ ബിഷപ്പ് പിയേഴ്‌സൻ തിരുമേനി ഉൽബോധിപ്പിച്ച തിരുമേനി ഒരു മാംസ്കൂളിൽ സമ്മാനദാനകർമ്മം നിർവ്വഹിക്കുകയായിരുന്നു. ഇക്കാലങ്ങളിൽ ഏതെങ്കിലും ഒരു കുട്ടി സ്കൂളിൽ ശിക്ഷിക്കപ്പെട്ടാൽ അവന്റെ മാതാപിതാക്കന്മാർ കോടതികളിലേക്കു ഓടിപ്പോകുന്നതു കാണാം. ഇതു വലിയ കഷ്ടമാണു്. കുട്ടികൾക്കു അവരുടെ ഗുരുക്കന്മാരെ അനുസരിക്കുന്നതിനും അവർക്കു നൽകപ്പെടുന്ന ശിക്ഷ ശിഷ്യത്വത്തിന്റെ ഒരു ഭാഗമായി കണക്കാക്കുന്നതിനും സന്നദ്ധതയുണ്ടാകേണം, എന്നാണു് അദ്ദേഹം ഗ്രഹിപ്പിച്ചതു്.

ക്ലീഫാട്ടൻ എന്ന സ്ഥലത്തെ റഡർഫോർ മെത്രാൻ ഉറപ്പായി പറഞ്ഞതു്, വിദ്യാഭ്യാസം സ്റ്റേറ്റിന്റെയും ദേശീയസംഘടനകളുടെയും അധീനതയിലാകുന്ന തോതനുസരിച്ചു ശിക്ഷണരാഹിത്യം വർദ്ധിച്ചുകൊണ്ടിരിക്കുമെന്നാണു്. "കുട്ടികളെ ശിക്ഷിക്കുന്നതിനു തുനിഞ്ഞ അദ്ധ്യാപകന്മാരെ പ്രോസിക്യൂട്ടു ചെയ്തതിനു ഈ അടുത്ത ആഴ്ചകളിൽ തന്നെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്" എന്നദ്ദേഹം ചൂണ്ടിക്കാണിച്ചു. കുട്ടികളോടു ക്രൂരമായിട്ടോ വിവേചനയില്ലാതെയോ പ്രവർത്തിക്കുന്നതിനെ ആരും പിന്താങ്ങുന്നതല്ല. എന്നാൽ അവർ വേണ്ടവിധത്തിൽ വളർത്തപ്പെടണമെങ്കിൽ ദയാപൂരസ്കരവും സ്നേഹജന്യവും അവരുടെ നന്മയ്ക്കുനിവാര്യവുമായ ശിക്ഷ നൽകാതെ തരമില്ല. കുട്ടികളെ നന്നായി പഠിപ്പിച്ചാൽ മാത്രം പോരാ; അവർ ശരിയായി പരിശീലിപ്പിക്കപ്പെടണം. പരിശീലനം ശിക്ഷകൂടാതെ നടക്കുന്നതുമല്ല.

## മാതാപിതാക്കന്മാരുടെ അവകാശത്തെപ്പററി മാർപ്പാപ്പാ

കത്തോലിക്കാ കുട്ടികൾക്കു കത്തോലിക്കാ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനു കത്തോലിക്കാ മാതാപിതാക്കന്മാർക്കുള്ള അവകാശത്തെ ജർമ്മനിയുടെ ചില ഭാഗങ്ങളിൽ നിഷേധിക്കുന്നതിനെപ്പററി പരിശുദ്ധ മാർപ്പാപ്പാ ജർമ്മനിയിലെ മെത്രാന്മാർക്കുള്ള ഒരെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇപ്പോഴും അംഗീകരിക്കപ്പെട്ടുപോരുന്ന ഉടമ്പടികളിൽ ജർമ്മനിയിലെ സ്കൂളുകളിൽ ഈ നിയമം പാലിച്ചുകൊള്ളാമെന്നു വ്യവസ്ഥകളുള്ളപ്പോൾ ഈ നിരാകരണം പ്രത്യേകിച്ചും ഖേദകരമായിരിക്കുന്നുവെന്നാണു് അവിടുന്നു പ്രസ്താവിച്ചതു്. ഈ അവകാശത്തെ സംരക്ഷിക്കുന്നതിനുള്ള മെത്രാന്മാരുടെ സംയുക്തശ്രമത്തിൽ അയവുവരുത്തരുതെന്നു മാർപ്പാപ്പാ അവരെ അനുസ്മരിപ്പിച്ചു. കൂടാതെ ജർമ്മനിയിൽ അഭയാർത്ഥികളെ സംബന്ധിച്ചു നിർവ്വഹിക്കപ്പെടുന്ന പ്രേഷിതകൃത്യങ്ങളെ അവിടുന്നു പ്രശംസിക്കുകയും പ്രത്യേകിച്ചും "സഞ്ചാരകപ്പേള"കളെപ്പററി പ്രസ്താവിക്കുകയുംചെയ്തു. സ്വന്ത വീട്ടിൽനിന്നു നിർഭാഗ്യകരമായ വിധത്തിൽ രക്ഷപെട്ടുപോരേണ്ടിവന്നിട്ടുള്ള ഒരൊററ കുഞ്ഞുപോലും അരക്ഷിതനായോ മതത്തിന്റെ സാന്ത്വനമേല്ക്കാത്തവനായോ ഉണ്ടാകാതിരിക്കട്ടെ. അങ്ങനെയുള്ള വിഷമംപിടിച്ച ഒരു ചുററുപാടിൽ വിശ്വാസം മിക്കവാറും നഷ്ടപ്പെട്ടേക്കാവുന്ന അപകടമാണെള്ളതു് എന്നദ്ദേഹം പറഞ്ഞു.

## ബൽജിയത്തിൽ മതവിരുദ്ധവിദ്യാഭ്യാസത്തെ എതിർക്കുന്നു

ബൽജിയൻ ഗവമ്മെൻറിന്റെ കത്തോലിക്കാ മതവിരുദ്ധമായ വിദ്യാഭ്യാസമനോഭാവത്തെ എതിർക്കുന്നതിനു ബ്രസ്സൽസിൽ "സ്വാതന്ത്ര്യത്തിനും ജനകീയതത്തിനും വേണ്ടിയുള്ള കമ്മിററി" എന്ന പേരിൽ ഒരു സംഘടന പ്രവർത്തനം നടത്തിപ്പോരുന്നു. ബൽജിയം കോൻഗോയിൽ ഇതയിടെ മിഷൻ സ്കൂളുകൾക്കു നൽകിപ്പോന്നിരുന്ന സഹായത്തിൽ ഒരു വെട്ടിക്കുറവു വരുത്തുകയുണ്ടായി. പ്രസ്തുത സംഘടന ഈ ഉത്തരവിനെതിരായി ഒരു തുറന്നകത്തു കൊളോനിയൽ മന്ത്രിക്കയക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അചിരേണ ഗവമ്മെൻറുവകയായി 900 സ്കൂളുകൾ സ്ഥാപിക്കുന്നതിനാണത്രേ ഗവമ്മെൻറുദ്ദേശിക്കുന്നതു്. ഗവമ്മെൻറു് സ്കൂളുകളിൽ മതപഠനം പാടെ നിരോധിക്കുന്നതിനും ഉദ്ദേശിക്കുന്നുവത്രെ. "യാതൊരു മതബോധനവും കൂടാതെയുള്ള വിദ്യാഭ്യാസം കോംഗോയെ നിരീശ്വരകമ്മ്യൂണിസത്തിലേക്കു വഴിതെളിക്കുകയാണു്" എന്നത്രെ "ലാലിബ്രെ ബെൽജിക്കെ" എന്ന ദിനപത്രം അഭിപ്രായപ്പെട്ടിട്ടുള്ളതു്. ഗവമ്മെൻറു് മതവിരുദ്ധമായ ഈ നയം തുടരുകയാണെങ്കിൽ വിനാശകരമായ പല പ്രക്ഷോഭണങ്ങളും അവിടെ നടമാടുന്നതിനുള്ള അടയാളങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു.

## അഭയാർത്ഥികൾ പള്ളിമണികൾ കൊണ്ടുപോകുന്നു

ഇൻഡോചൈനായിൽ കമ്മ്യൂണിസ്റ്റു് ഉത്തരവിഭാഗത്തിൽപെട്ട കെഡാത്തു് എന്ന സ്ഥലത്തുനിന്നു 7000 ആളുകൾ ദക്ഷിണമേഖലയിലേക്കു കടന്നുപോയി അവർ സ്ഥലംവിട്ടപ്പോൾ അവരുടെ ഭാരമുള്ള പള്ളിമണികളാണു് വളരെ ശ്രദ്ധിച്ചു എടുത്തുകൊണ്ടു പോയതു്. അവർ ബിൻഹോവാ എന്ന സ്ഥലത്തു കുടിയേറിത്താമസിക്കുകയും അവിടെ ഒരു പള്ളി പണിയുന്നതിനു ശ്രമിച്ചുവരികയും ചെയ്യുന്നു. അവർ പരമദരിദ്രരായിതീർന്നെങ്കിലും തങ്ങളുടെ പഴയ ഇടവകപ്പള്ളിപോലെ ഒരെണ്ണം അവിടെ പണിയണമെന്നാണു് അവരുടെ മോഹം. അവർക്കു സ്വന്തം വീടുകൾ ഇനിയും പണുതിട്ടില്ലെങ്കിലും അതിലവർ അസ്വസ്ഥത പ്രദർശിപ്പിക്കുന്നില്ല. ദൈവവിശ്വാസമുള്ള അവർക്കു മതകാര്യങ്ങളെപ്പററിയുള്ള ശ്രദ്ധയാണു് പരമപ്രധാനം. ദൈവപരിപാലനത്തിലും പരിശ്രമത്തിലും അവരുടെ ഭാവിയെ അവർ നിക്ഷേപിച്ചിരിക്കുന്നു.

## ജാപ്പനീസ് കത്തോലിക്കന്റെ തീർത്ഥാടനം

57 വയസ്സ് പ്രായമുള്ള മി. ഫ്രാൻസിസ് ഓഹാറ എന്ന ജപ്പാൻകാരൻ 1954 ഫെബ്രുവരി ആദ്യത്തിൽ സമാരംഭിച്ച തീർത്ഥാടനം പൂർത്തിയാക്കിയിരിക്കുന്നു. ജപ്പാനിലുള്ള എല്ലാ കത്തോലിക്കാ ദേവാലയങ്ങളും അദ്ദേഹം സന്ദർശിച്ചു. അദ്ദേഹത്തിനു കത്തോലിക്കാസഭയിൽ ചേരുന്നതിനുള്ള അനുഗ്രഹം ലഭിച്ചതിനു കൃതജ്ഞതയായും മരിയൻവത്സരത്തിന്റെ ഒരു ഭക്തപരിപാടിയായുമാണു് അദ്ദേഹം ഈ തീർത്ഥാടനത്തിനുദ്യുക്തനായതു്.

## 1955ലെ കലണ്ടറുകൾ കൈപ്പററി

"യുണൈററഡ് സ്റ്റേററ്സ് ഇൻഫോർമേഷൻ സർവ്വീസ്" മദ്രാസ്, വക ആർട്ടുപേപ്പറിൽ മനോഹരമായി അച്ചടിച്ചു തയ്യാറാക്കിയിട്ടുള്ള കലണ്ടർ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. ഓരോമാസത്തിന്റെ ഷീററിലും ചേർത്തിട്ടുള്ള വിശ്വവിഖ്യാതമായ സ്ഥാപനങ്ങളുടെ ചിത്രങ്ങൾ സമാകർഷകമായിട്ടുണ്ടു്.

"സി. കെ. ലോനപ്പൻ ആൻറ് ബ്രദേഴ്സ് ജ്വല്ലേഴ്സ് ആൻറ് ബുള്ളിയൻ മച്ചെൻറ്സ് എറണാകുളം-1"

"കെ. സി അന്തോണി ജനറൽ മച്ചെൻറ് ആൻറ് മിൽഓണർ ആൻറണീസ് ഓയിൽ ആൻറ് ഫ്ളവർ മിൽസ് പൂണിത്തുറ, തൃപ്പൂണിത്തുറ"

"കെ. എ തോമസ് ടിമ്പർ മച്ചെൻറ്, എറണാകുളം-1"

"സി. കെ. പോൾ ആൻറ് കോ. മാനുഫാക്ചറിങ്ങ് ജ്വല്ലേഴ്സ് ആൻറ് ബുള്ളിയൻ മച്ചെൻറ്സ് ബ്രോഡ്‌വേ, എറണാകുളം"

എന്നിവരുടെ കലണ്ടറുകൾ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## ചരമവാർത്തകൾ

പള്ളിപ്പുറം: ഈ ഇടവക പതിയാമൂലയിൽ മി: ജോണിന്റെ പ്രഥമ പുത്രിയും കണ്ണാടിപാദവാപുരം ക്ലാരമഠത്തിലെ ഒരു സഹോദരിയുമായ റവ: സി: ക്ലെയോപ്പാസ് ഡിസംബർ 26 ാം നു സ്വഭവനത്തിൽവച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം പരേതയുടെ പിതൃസഹോദരൻ റവ: ഫാ: ഗീവർഗ്ഗീസ് പതിയാമൂലയുടെ പ്രധാന കാർമ്മികത്വത്തിലും, മററു് വൈദികർ, കന്യാസ്ത്രീകൾ മുതലായവരുടെ സഹകരണത്തിലും, ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ: ഫാ: ജോർജ്ജ് കൊച്ചുപറമ്പിൽ ചരമപ്രഭാഷണം നടത്തി. നാലഞ്ചുവർഷമായി പരേത ഉദരസംബന്ധമായ രോഗം ബാധിച്ചു ചികിത്സയ്ക്കായി പ്രത്യേകാനുവാദപ്രകാരം സ്വഗൃഹത്തിൽ താമസിക്കുകയായിരുന്നു.

വരാപ്പുഴ: ആംഗ്ലോ ഇൻഡ്യൻ അസ്സോസിയേഷന്റെ പ്രസിഡണ്ടായിരുന്ന എൽ. എം. ഫെരേര അവർകൾ 64-ാമത്തെ വയസ്സിൽ രക്തസമ്മർദ്ദം മൂലം നിര്യാതനായിരിക്കുന്നു. പിറേറദിവസം നടന്ന ശവസംസ്കാരചടങ്ങിൽ റവ: ഫാദർ ജറോം ഒ. സി. ഡി. എം. പ്രധാന കാർമ്മികത്വം വഹിക്കുകയും 26ൽ പരം വൈദികരും വിവിധദേശനസമൂഹങ്ങളും നാനാജാതിമതസ്ഥരായ വലിയ ഒരു ജനക്കൂട്ടവും സംസ്കാരയാത്രയിൽ പങ്കെടുക്കുകയും ചെയ്തു. അനേകം സാധുക്കൾക്കു അന്നദാനവും പണവും നൽകുകയുണ്ടായി. കർമ്മലീത്താ ഒന്നാംസഭയുടെ പ്രൊവിൻഷ്യൽ ജനറലും സംസ്കാരചടങ്ങിൽ സംബന്ധിച്ചിരുന്നു.

R. I. P.



തിരുസഭാചരിത്രം 56

# വേദഗ്രന്ഥവിശാരദനായ വി. ജറോം

## (St. Jerome, the Doctor of Sacred Scripture)

(പ്രൊഫസർ പി. ടി. തോമസ് എം. എ)

വിശുദ്ധലിഖിതങ്ങളെ ഭാഷാന്തരം ചെയ്യുന്നതിനും അവയിൽ അവഗാഹം സമ്പാദിക്കുന്നതിനും വേണ്ടി ജീവിതം ഉഴിഞ്ഞു വച്ച ഒരു സന്യാസവര്യനായിരുന്നു വി. ജറോം. പഠനവും ഗവേഷണവുമാണു് അദ്ദേഹത്തിനു് ആജീവനാന്തം ആവേശം നൽകിയിരുന്നതു്. എല്ലാ കാലങ്ങളിലെയും ഏററം പ്രമുഖരായ ക്രൈസ്തവഗ്രന്ഥകാരന്മാരുടെ ഗണത്തിൽ സമുന്നതമായ ഒരു സ്ഥാനം അദ്ദേഹം അലങ്കരിക്കുന്നു.

ഡാൽമേഷ്യ (Dalmatia) യിലെ സ്റ്റ്റിഡോൺ (Stridon) എന്ന സ്ഥലത്തുവച്ചു് ഏ. ഡി. 330 നും 340 നും മദ്ധ്യേ നല്ല ധനസ്ഥിതിയുള്ള ക്രൈസ്തവമാതാപിതാക്കന്മാരിൽനിന്നും ജറോം ജാതനായി. ഏ. ഡി. 354ൽ റോമയിലെ പ്രശസ്തന്മാരായ പണ്ഡിതന്മാരുടെ കീഴിൽ സാഹിത്യം, ഭാഷാശാസ്ത്രം, തത്വശാസ്ത്രം മുതലായ വിഷയങ്ങൾ പഠിക്കുന്നതിൽ അദ്ദേഹം ഏർപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. റോമയിലെ അഭിഭാഷകപ്രമുഖന്മാർ ഫോറത്തിൽ വച്ചു നടത്തിയിരുന്ന വാദപ്രതിവാദങ്ങളെയും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഞായറാഴ്ചകൾതോറും നഗരത്തിലെ ഭൂഗർഭ ശ്മശാനങ്ങളും (Catacombs) ക്രൈസ്തവദേവാലയങ്ങളും സന്ദർശിക്കുകയായിരുന്നു പതിവു്. കുറേകാലത്തേക്കു് അദ്ദേഹം നഗരത്തിന്റെ പാപകരമായ പ്രലോഭനങ്ങൾക്കു് വഴിപ്പെട്ടു് സമവയസ്കരായ യുവാക്കന്മാരോടു ചേർന്നു അനാശാസ്യമായി ജീവിതം നയിച്ചതായും കാണുന്നു. എന്നാൽ ഈ അപഥസഞ്ചാരണം അധികനാൾ നീണ്ടുനിന്നില്ല. ഒടുവിൽ ഈ ജീവിതരീതിയോടു വെറുപ്പുതോന്നുകയും ജ്ഞാനസ്നാനത്തിനുള്ള ഒരുക്കമായി മതപഠനം ആരംഭിക്കയും ചെയ്തു. ഏ. ഡി. 360-മാണ്ടോടടുത്തു ലിബേരിയസ് മാർപ്പാപ്പായിൽനിന്നു് ഇരുപത്തഞ്ചാമത്തെ വയസ്സിൽ ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്തു.


വിദ്യാർത്ഥി ജീവിതം കഴിഞ്ഞു ജറോം സ്വദേശമായ സ്റ്റ്റിഡോണിലേക്കു മടങ്ങി. എന്നാൽ അധികനാൾ അവിടെ താമസിച്ചില്ല. 366 മുതൽ 370 വരെ അദ്ദേഹം ഗാൾ (Gaul) പ്രദേശങ്ങളിൽകൂടി ഒരു പര്യടനം നടത്തി. ട്രിവ്സിൽ (Treves) വച്ചാണു് സന്യാസാന്തസ്സിൽ പ്രവേശിക്കണമെന്നുള്ള തീരുമാനം അദ്ദേഹം ചെയ്തതു്. തദനന്തരം അദ്ദേഹം അക്വിലിയാ (Aquileia) എന്ന സ്ഥലത്തേക്കു പോവുകയും അവിടെയുണ്ടായിരുന്ന ഒരു സന്യാസസമൂഹത്തിൽ ചേരുകയും ചെയ്തു. എന്നാൽ പാശ്ചാത്യമുറയനുസരിച്ചുള്ള സന്യാസജീവിതം അദ്ദേഹത്തിനു തൃപ്തികരമായിത്തോന്നിയില്ല. ആകയാൽ സന്യാസവ്രതത്തിന്റെ ഉത്ഭവസ്ഥാനമായ പൗരസ്ത്യദിക്കിലേക്കു് അദ്ദേഹം പോയി. അന്ത്യോക്യയിൽവച്ചു അദ്ദേഹത്തിനു കലശലായ രോഗം പിടിപെടുകയും മേലിൽ ദൈവത്തിൽനിന്നു തന്നെ അകററുന്ന എല്ലാററിനെയും ഉപേക്ഷിക്കുന്നതാണെന്നു് ദൃഢനിശ്ചയം ചെയ്യുകയും ചെയ്തു.

ജറോമിനു് പുരാതന ഗ്രീക്കു് ഗ്രന്ഥങ്ങളോടു ആവേശകരമായ പ്രതിപത്തി തോന്നിയിരുന്നു. അതേസമയംതന്നെ വിശുദ്ധ ലിഖിതങ്ങളുടെ പ്രാകൃതമായ ഭാഷാരീതിയോടു് അദ്ദേഹത്തിനു് വലിയ വെറുപ്പുമായിരുന്നു. അങ്ങിനെയിരിക്കെ ഒരു രാത്രി അദ്ദേഹത്തിനു് ഒരു സ്വപ്നമുണ്ടായി അതിന്റെ വിശദമായ വിവരണം ജറോം തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. സ്വപ്നത്തിൽ ക്രിസ്തു കർക്കശനായ ഒരു വിധിയാളന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും "ഒരു നല്ല ക്രിസ്ത്യാനിയാകുന്നതിനെക്കാൾ കൂടുതലായി സിസെറോയുടെ ആരാധകനാകുവാൻ നീ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹത്തെ ശകാരിക്കയും നിർദ്ദയമായി പ്രഹരിക്കയും ചെയ്തു. സ്വപ്നത്തിന്റെ സൂചന ജറോം നല്ലവണ്ണം ഗ്രഹിച്ചു. ഉണർന്നെഴുന്നേററ ഉടനെ മേലിൽ തന്റെ ബുദ്ധിയുടെ കഴിവുകളെല്ലാം വിശുദ്ധ ലിഖിതങ്ങൾ പഠിക്കുന്നതിനായി വിനിയോഗിക്കുന്നതാണെന്നു അദ്ദേഹം ശപഥം ചെയ്തു.

അടുത്ത അഞ്ചുവർഷക്കാലം അദ്ദേഹം സിറിയായിലെ മണലാരണ്യത്തിൽ കഠിനതപശ്ചര്യകൾ അനുഷ്ഠിച്ചുകൊണ്ടു ജീവിച്ചു വൃദ്ധനായ ഒരു സന്യാസിയുടെ സഹായത്തോടുകൂടി ഹിബ്രൂഭാഷ വശമാക്കുവാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. എന്നാൽ അതു് ഏററം വിഷമം പിടിച്ച ഒരു കാര്യമായിട്ടാണു് അനുഭവപ്പെട്ടതു്. പലപ്പോഴും നിരാശാഭരിതനായി അദ്ദേഹം പാഠപ്പുസ്തകങ്ങൾ ദൂരെ എറിഞ്ഞുകളയും. വീണ്ടും തീവ്രമായ അഭിനിവേശത്തോടുകൂടി അവയെ കൈയിലെടുത്തു പഠനം തുടരും. അങ്ങിനെ നിസ്തന്ദ്രമായി പരിശ്രമിച്ചതിന്റെ ഫലമായി "കയ്പുനിറഞ്ഞ ആ വിനയിൽനിന്നും ഏററം മാധുര്യമേറിയ ഫലങ്ങൾ ഞാൻ കൊയ്തെടുത്തു" എന്നു അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

ഒടുവിൽ അദ്ദേഹത്തിന്റെ ആരോഗ്യം ശിഥിലമായി. 379ൽ വീണ്ടും അന്ത്യോക്യയിൽ എത്തി. അവിടെ വച്ചു് പൗലീനസ് (Paulinus) മെത്രാന്റെ സമ്മർദ്ദപ്രേരണകൾക്കു വശംവദനായി അദ്ദേഹം പൗരോഹിത്യം സ്വീകരിച്ചു അടുത്തവർഷം നസിയാൻസസ്സിലെ വി. ഗ്രിഗരിയുടെ പ്രസംഗം ശ്രവിക്കണമെന്നുള്ള ആഗ്രഹം സാധിക്കുന്നതിനുവേണ്ടി ജറോം കോൺസ്റ്റാന്റിനോപ്പിളിലേക്കു പോയി. അവിടെവച്ചു് 381ൽകൂടിയ സാർവ്വത്രികസൂനഹദോസിൽ സംബന്ധിച്ചശേഷം ദമാസ്സസ് (Damasus) മാർപ്പാപ്പായുടെ ക്ഷണമനുസരിച്ചു് അദ്ദേഹം റോമയിലേക്കു പോയി. അചിരേണ അദ്ദേഹം മാർപ്പാപ്പായുടെ ഉററ മിത്രവും പ്രൈവററു് സെക്രട്ടറിയുമായിത്തീർന്നു. ദമാസ്സസ് മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരമാണു് ജറോം വിശുദ്ധ ഗ്രന്ഥത്തിന്റെ ഇററാലിയൻ ഭാഷയിലുള്ള പഴയ തർജ്ജമയെ പരിഷ്കരിക്കുന്നതിനു ഉദ്യമിച്ചതു്. പഴയ ഭാഷാന്തരത്തിനു് പല കുറവുകളുമുണ്ടായിരുന്നു. മാർപ്പാപ്പായുടെ മരണത്തിനു മുൻപുതന്നെ പുതിയ നിയമത്തിന്റെ പരിഷ്കരിച്ച പതിപ്പും സങ്കീർത്തനങ്ങളുടെ തർജ്ജമയും പ്രസിദ്ധം ചെയ്യുവാൻ ജറോമിനു സാധിച്ചു.

ഇക്കാലത്തു് ഗ്രന്ഥരചനയിൽ മാത്രമല്ല ജറോം വ്യാപൃതനായിരുന്നതു്. മാർസെല്ലാ (Marcella) എന്നും പോളാ (Paulo) എന്നും പേരായ ഉൽകൃഷ്ടകുലജാതരായ രണ്ടു റോമൻസ്ത്രീകൾ പോളായുടെ നാലു പുത്രിമാരോടുകൂടി ഒരു ഭക്തസമൂഹം രൂപവല്ക്കരിച്ചിരുന്നു. മാർസെല്ലായുടെ വിശാലമായ സദനമായിരുന്നു അവരുടെ ആശ്രമം. ഈ ഭക്തസംഘത്തിന്റെ അഭ്യർത്ഥനയനുസരിച്ചു് ജറോം അവരുടെ ആത്മീയോപദേഷ്ടാവായിരിക്കാൻ സമ്മതിച്ചു. അദ്ദേഹം അവരെ സന്യാസജീവിതത്തിന്റെ മുറകൾ അഭ്യസിപ്പിക്കുകയും, വിശുദ്ധ ഗ്രന്ഥങ്ങൾ അവർക്കു വ്യാഖ്യാനിച്ചുകൊടുക്കയും ചെയ്തു. അവരെ ഹിബ്രൂഭാഷ പഠിപ്പിക്കുന്നതിനുപോലും അദ്ദേഹം ഉദ്യമിച്ചു. എന്നാൽ ഒടുവിൽ ജറോമിന്റെ നേരേ ജനരോഷം പൊട്ടിപ്പുറപ്പെടുവാൻ ഇടയാക്കിയ ഒരു സംഭവമുണ്ടായി. സന്യാസസംഘത്തിലെ അംഗമായിരുന്ന ബ്ളസില്ലാ (Blesilla)—പോളായുടെ പുത്രി—അവിടെവച്ചു് രോഗം പിടിപെട്ടു മരിച്ചു ദീർഘമായ ഉപവാസം മൂലമാണു് അവൾ മരിക്കാൻ ഇടയായതെന്നു് ഒരു കിംവദന്തി എങ്ങിനെയോ പ്രചരിച്ചു. ഇതുകേട്ടു് ക്ഷോഭിച്ചു ജനങ്ങൾ ജറോമിനെ ഭത്സിക്കുവാനും വിമർശിക്കുവാനും തുടങ്ങി. പരസ്യവും രഹസ്യവുമായ എതിർപ്പുകൊണ്ടു് ജറോം അസ്വസ്ഥനായിത്തീർന്നു. ഒടുവിൽ റോമാനഗരത്തെ എന്നേക്കുമായി വിട്ടുപേക്ഷിക്കുവാനും, തന്റെ ശേഷിച്ച ജീവിതകാലം പലസ്തീനായിൽ കഴിച്ചുകൂട്ടുവാനും അദ്ദേഹം നിശ്ചയിച്ചു. സ്വസഹോദരനായ പൗലീനിയനോടും (Paulinian)

For favours received. Excuse delay

Antony Thosanaplakal, Manimala








For favours received

and to be Received



by

Mrs. & Mr. A. A· Paulose

Palamattath house

Elavoor



ക്യാമ്പ് പ്രോഗ്രാം No. 3

കാളൻ വൈദ്യൻ

("കാളൻ" പ്രൊപ്രൈറററർ കെ. പി. ഔസേപ്പ് വൈദ്യൻ) താഴെ പറയുന്ന സ്ഥലങ്ങളിൽവെച്ചു് രോഗികളെ സൗജന്യമായി പരിശോധിക്കുന്നതാണു്.

കോട്ടയം:- ജനുവരി 10-ംനു- തിങ്കളാഴ്ച കാലത്തു് 8 മുതൽ വൈകുന്നേരം 5 മണിവരെ ബെസ്റ്റോട്ടലിൽ (മുൻപു് സെൻട്രൽ തിയേറററായിരുന്ന സ്ഥലം)

ആലപ്പുഴ:- ജനുവരി 11-ംനു- ചൊവ്വാഴ്ച കാലത്തു് 9 മുതൽ വൈകുന്നേരം 6 മണിവരെ മുൻസിപ്പൽ സത്രത്തിൽ (ജില്ലാ കോടതിക്കു മുൻവശം)

എറണാകുളം:— ജനുവരി 12-ംനു- ബുധനാഴ്ച കാലത്തു് 9 മുതൽ വൈകുന്നേരം 5 മണിവരെ മാരുതിവിലാസം ഹോട്ടലിൽ (ബോട്ടുജെട്ടിക്കു നേരെയുള്ള റോഡ്)

കോഴിക്കോട്:-ജനുവരി 19-ം, 20-ം തീയതികളിൽ (ബുധൻ, വ്യാഴം) കാലത്തു് 8 മുതൽ വൈകുന്നേരം 5 മണിവരെ ശാന്തഭവൻ ലോഡ്ജിൽ.

N. B. ക്യാമ്പിൽ വരുന്നവരുടെ (പ്രത്യേകിച്ചു് സ്ത്രീകളുടെ) സൗകര്യത്തെ മുൻനിറുത്തി സ്ഥലസൗകര്യങ്ങൾ ഓരോ ക്യാമ്പിലും പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ടു്. ക്യാമ്പ് പ്രോഗ്രാം No. 4 വഴിയെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കാളൻ, നെല്ലായി

വിൻസെൻറ് എന്നപേരായ ഒരു വൈദികനോടുംകൂടി അദ്ദേഹം യാത്ര പുറപ്പെട്ടു. സന്യാസിനിമാരായ പോളായും അവളുടെമകൾ പുത്രീഷ്യം അന്ത്യോക്യയിൽവച്ച് അദ്ദേഹത്തോടുചേർന്നു. എല്ലാവരുംകൂടി ഈജിപ്റ്റിലെ വലിയ സന്യാസാശ്രമങ്ങൾ സന്ദർശിക്കുകയും, നാലുമാസക്കാലം അലക്സാണ്ട്റിയായിലെ പ്രശസ്തമായ വേദശാസ്ത്രവിദ്യാലയത്തിലെ പ്രസംഗങ്ങൾ ശ്രവിക്കുകയും, ഒടുവിൽ എ. ഡി. 386ൽ ബെത്ലഹമിൽ എത്തി താമസമുറപ്പിക്കയും ചെയ്തു.

## കമ്മ്യൂണിസ്റ്റ് കാർമേഘം

(11-ാം പേജ് തുടർച്ച)

കളിൽ ഏർപ്പെടാതെ സമാധാനം പുലർത്തുന്നതിനുമുള്ള കടമ തൊഴിലാളികൾക്കുമുണ്ടായിരിക്കുന്നു. "Religion teaches the labouring man and the workman to carry out honestly and well all equitable agreements freely made; never to injure Capital nor to outrage the person of an employer; never to employ violence in representing his own cause, nor to engage in riot and disorder; and to have nothing to do with men of evil principles, who work upon the people with artful promises, and raise foolish hopes which usually end in disaster and in repentance when too late." എന്നത്രെ ഭാഗ്യസ്മരണാർഹനായ പ. പിതാവ് 13-ാം ലെയോൻ തിരുമനസ്സുകൊണ്ടു പറഞ്ഞിട്ടുള്ളതു്.

പക്ഷെ ഇന്നത്തെ നിലപാടു അങ്ങനെയൊന്നുമല്ല. കമ്മ്യൂണിസ്റ്റ് കങ്കാണിമാരുടെ കീഴിൽ അണിനിരന്നു, കൂട്ടത്തോടെ പണിമുടക്കിയും സകലവിധ അക്രമങ്ങൾ പ്രവർത്തിച്ചും കൂലികൂട്ടുന്നതിനും ജോലിസമയം ചുരുക്കുന്നതിനും സമരം ശ്രമിച്ചുവരുന്നതല്ലാതെ, നീതിയായി ജോലിചെയ്തു ന്യായമായ കൂലി സമ്പാദിച്ചു മാനമായി ജീവിക്കുന്നതിനു ഇന്നത്തെ തൊഴിലാളികൾ മനസ്സുവയ്ക്കാറില്ല. അതേ സമയംതന്നെ, തൊഴിലാളികളുടെ ഏതുതരത്തിലുള്ള അനീതിപരവും അക്രമവുമായ അവകാശവാദങ്ങളും വകവച്ചുകൊടുത്തു അവരുടെ വോട്ടു സമ്പാദിക്കുന്നതിനാണു രാഷ്ട്രീയനേതാക്കന്മാർ വെമ്പൽകൊള്ളുന്നതു്. അങ്ങനെ, അതിലേക്കുള്ള പരസ്പരമത്സരത്തിൽ ഈ നേതാക്കന്മാരെല്ലാവരും കാലക്രമേണ കമ്മ്യൂണിസത്തിന്റെ പരമലക്ഷ്യത്തിൽ ചെന്നുചേരുന്നു. അതോടുകൂടി നാട്ടിലെ വാണിജ്യവ്യവസായങ്ങൾ നശിപ്പിച്ചും ധനോല്പാദനം ക്ഷയിപ്പിച്ചും ജനങ്ങളുടെയിടയിൽ ദാരിദ്ര്യം വർദ്ധിപ്പിച്ചു് അങ്ങനെയും കമ്മ്യൂണിസത്തിന്റെ മുന്നേററം ത്വരിതപ്പെടുത്തുന്നു. താല്ക്കാലികങ്ങളായ കക്ഷിതാല്പര്യങ്ങളും വ്യക്തിസ്വാർത്ഥങ്ങളും മുൻനിറുത്തി, ദീർഘവീക്ഷണം കൂടാതെ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഈ ദുർഗ്ഗതി വന്നുനേരിടുന്നതു്. നേതൃസ്ഥാനം പണയംവച്ചുപോലും ജനങ്ങളെ ധീരധീരം നേർവഴിക്കു തെളിക്കുന്നവനാണു സാക്ഷാൽ നേതാവ്. എന്നാൽ നമ്മുടെ നേതാക്കന്മാർ, "ആട്ടിയ വഴിക്കുപോയില്ലെങ്കിൽ പോയവഴിക്കു ആട്ടുക," എന്ന സുഖനയം സ്വീകരിച്ചു് എപ്പോഴും നേതൃപദത്തിലും വെള്ളിവെളിച്ചത്തിലും വിരാജിക്കുന്നതിനു മോഹിക്കുന്നവരാണു്. അങ്ങനെ, അവർ നാടിനേയും നാട്ടാരേയും അവരെത്തന്നെയും നാശഗർത്തത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു. ഭാവി ഭയാനകംതന്നെ.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ത്രേസ്യാമ്മ ജോർജ്ജ്, കളത്തിൽ
ചങ്ങനാശ്ശേരി

രക്തദൂഷ്യം
രക്തവാതം
രക്തസ്രാവം
രക്തസമ്മർദ്ദം
(ബ്ളഡ് പ്രഷർ)
നെഞ്ചിടിപ്പ്
(അമിതമായ ഹൃദയസ്പന്ദനം)
ഋതുകാലങ്ങളിലെ
വയറുവേദന
തലവേദന
നെഞ്ചുവേദന
പള്ളവേദന
ഛർദ്ദി
തലചുറ്റൽ
വാതം
ഈ രോഗങ്ങൾക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെകാണുന്ന വിലാസത്തിലെഴുതുക:
കാളൻ, നെല്ലായി

### സന്ദർശന പ്രതിസന്ദർശനങ്ങൾ

റഷ്യയും ഇന്ത്യയും ചൈനയും തമ്മിലുള്ള മൈത്രീബന്ധത്തേയും പരസ്പരസന്ദർശനപ്രതിസന്ദർശനങ്ങളേയും പററി ഫാ. എ. നെവററ് പറയുന്നതിപ്രകാരമാണ്: "Cultural Missions, Business Missions, Goodwill Missions, Sports Missions and Peace Missions between India, China and Russia have begun to assume something of the nature of shuttle trains; no sooner has one terminus been reached than arrangements are made for a return visit. Every Mission to China or Russia or the latest "Peace" Congress, brings back its quota of propagandists, sportsmen, politicians, businessmen, film stars and poets, who having seen and heard exactly what they were intended to see and hear and no more, return full of enthusiasm for Russia, China and their satellites. The influence of these returned propagandists is very great, specially if they are known as cultured persons and not openly Communists." ഈ പരമ്പരയിൽ ഒടുവിലത്തേതു ശ്രീ നെഹ്റു ശ്രീമതി ഇന്ദിരാഗാന്ധിയോടൊരുമിച്ചു നടത്തിയ ചൈനാസന്ദർശനമാണു്. അടുത്തുതന്നെ നെഹ്റു റഷ്യ സന്ദർശിക്കുന്നതാണത്രെ. ഇംഗ്ലണ്ടിൽനിന്നു ചൈനാസന്ദർശനത്തിനു പോയ മുൻപ്രധാനമന്ത്രി മി. ആററ്ലിയെപോലും ചൈനാഗവണ്മെൻറു മേൽപറഞ്ഞതരത്തിൽ "കടിഞ്ഞാണിട്ടു" കൃത്രിമസന്ദർശനം കഴിപ്പിച്ചു കബളിപ്പിച്ചാണു വിട്ടതെന്നു റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടു്. എന്നിട്ടും സന്ദർശകന്മാർക്കു ഒരു കുറവുമില്ലാത്തതാണത്ഭുതം. പക്ഷെ സംസ്ഥാനാതിഥികളായി സർവ്വവിധ സുഖസൗകര്യങ്ങളോടുകൂടി, മുൻകൂട്ടി ഒരുക്കിവയ്ക്കപ്പെട്ട നല്ലനല്ല കാഴ്ചകൾ കണ്ടുകണ്ടു നടക്കുന്നതിലുമുണ്ടല്ലോ ഒരു സുഖം! എന്നാൽ ശ്രീ നെഹ്റുവാകട്ടെ, മററു സന്ദർശകന്മാരെ അപേക്ഷിച്ചു, ചുവപ്പുചൈനയെപ്പററി കൂടുതൽ പരമാർത്ഥങ്ങൾ നമ്മെ ധരിപ്പിക്കയുണ്ടായി എന്നു നന്ദിപൂർവ്വം സമ്മതിക്കണം. അദ്ദേഹത്തിന്റെ റഷ്യാസന്ദർശനം, "ഇരുമ്പുമറ"യ്ക്കുള്ളിൽ നടക്കുന്ന പരമരഹസ്യങ്ങളുടെ പരമാർത്ഥങ്ങളെയെല്ലാമെങ്കിലും നമുക്കു വെളിവാക്കിത്തരുമെന്നു പ്രതീക്ഷിക്കാം. പക്ഷെ അധികമൊന്നും മി. മലങ്കോവു വിട്ടുകൊടുക്കുമെന്നു തോന്നുന്നില്ല. മററുള്ളവരെ തെററിദ്ധരിപ്പിച്ചു് കാര്യംകാണലാണല്ലോ കമ്മ്യൂണിസ്റ്റ് പ്രചാരണനയത്തിന്റെ നാരായവേരു്. അതു വെട്ടിമുറിച്ചാൽ കമ്മ്യൂണിസ്റ്റ് വിഷവൃക്ഷം ഉടനടി നിലംപതിക്കുമെന്നുള്ളതു നിസ്തർക്കമത്രെ.

### അക്രമപ്രസക്തമായ ദേശീയബോധം

കുറെ കൊല്ലങ്ങളായി കമ്മ്യൂണിസ്റ്റുകാർ, സയാം, ബർമ്മ, ഇൻഡോനേഷ്യ മതലായ രാജ്യങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന നുഴഞ്ഞുകയററവും അടുത്തകാലത്തു ഇൻഡോചൈനയിൽ അവർക്കുണ്ടായ വിജയവും തന്മൂലം ജനീവാ കോൺഫറൻസിൽ സിദ്ധിച്ച നേട്ടങ്ങളുമെല്ലാം തെക്കുകിഴക്കെ ഏഷ്യയിലെ ചുവപ്പുപ്രസ്ഥാനത്തിന്റെ, എന്നപോലെതന്നെ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും ശക്തി വളരെ വർദ്ധിപ്പിച്ചിട്ടുണ്ടു്. അതോടുകൂടി, ചെങ്കൊടിയുടെ കീഴിൽ ഒരു തെക്കുകിഴക്കൻ ഏഷ്യാററിക്കു് രാഷ്ട്രീയസംഘടന കെട്ടിപ്പടുക്കുന്നതിനുള്ള സാദ്ധ്യതയും വർദ്ധിച്ചിട്ടുണ്ടു്. ഈ വമ്പിച്ച സംരംഭത്തിന്റെ പശ്ചാത്തലമായി കമ്മ്യൂണിസ്റ്റുകൾ സാമർത്ഥ്യപൂർവ്വം എടുത്തുകാട്ടുന്നതു് "ദേശീയബോധത്തെ"യാണു്. ഈ ദേശീയബോധം കഴിഞ്ഞ നൂററാണ്ടിൽ പാശ്ചാത്യർ ഇവിടെ ഇറക്കുമതി ചെയ്തതാണെങ്കിലും ഇന്നതു അവർക്കെതിരായി ചതുരംഗപ്പോരു നീക്കുന്നതിനുള്ള ഒരു കരുത്തേറിയ കരുവായിത്തീർന്നിരിക്കുന്നു. പൗരസ്ത്യരാജ്യങ്ങളിലെ ദേശീയപുനരുത്ഥാനം എന്നാണു അതിനെ അഭിസംബോധനം ചെയ്യുന്നതു്. പാശ്ചാത്യപൗരസ്ത്യസംഘട്ടനം എന്നൊരു സമരരൂപം (തൽക്കാലത്തേക്കു ഒരു "ശീതസമര"നയപരിപാടി) സൃഷ്ടിച്ചു്, അതിൽനിന്നു കഴിയുന്നത്ര മുതലെടുക്കുക, എന്നുള്ളതാണു് ഈ കുതന്ത്രപ്രയോഗംകൊണ്ടു കമ്മ്യൂണിസം ഉദ്ദേശിക്കുന്ന ലക്ഷ്യം. ഈ "സമര"ത്തിൽ പാശ്ചാത്യരാണു അക്രമകക്ഷി എന്നു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു പരത്തുക; അമേരിക്ക കിഴക്കൻ രാജ്യങ്ങൾക്കു നൽകിവരുന്ന സാമ്പത്തികാനുകൂല്യങ്ങൾ "ഡോളർ സാമ്രാജ്യത്വ"മായി ദുർവ്യാഖ്യാനംചെയ്തു താറടിക്കുക; പൗരസ്ത്യരാജ്യങ്ങൾ സംഘടിക്കണമെന്നു ആഹ്വാനം പുറപ്പെടുവിക്കുക; സാധാരണക്കാരന്റെ ജീവിതത്തോതുയർത്തുന്നതിനും സർവ്വവിധ ഉച്ചനീചത്വങ്ങളും ഇല്ലായ്മചെയ്യുന്നതിനുമുള്ള വ്യഗ്രത പ്രദർശിപ്പിക്കുക; ഇവയെല്ലാം സാധിക്കുന്നതിനു കഴിവും സന്നദ്ധതയുമുള്ള ഏകശക്തി കമ്മ്യൂണിസമാണെന്നു ഉൽഘോഷിക്കുക; ഇതത്രെ കമ്മ്യൂണിസ്റ്റുകൾ അതിവസാമർത്ഥ്യത്തോടുകൂടി പ്രയോഗിക്കുന്ന നയതന്ത്രം. പാശ്ചാത്യപൗരസ്ത്യമത്സരപ്രവണത, അമേരിക്കയോടുള്ള അവജ്ഞ, സാധാരണക്കാരനോടുള്ള അനുകമ്പ, സാമൂഹ്യസമീകരണവാഞ്ഛ, അക്രമപ്രസക്തമായ ദേശീയബോധം എന്നിങ്ങനെ വല്ലാത്തതും കൊള്ളരുതാത്തതും അധാർമ്മികവുമായ വികാരവിക്ഷേപങ്ങൾ, ഇല്ലാത്തതും നടപ്പില്ലാത്തതുമായ ആദർശാഭിലാഷങ്ങൾ ഇവയെല്ലാം കൂട്ടിച്ചേർത്തു്, അജ്ഞരും ദരിദ്രരുമായ തെക്കുകിഴക്കൻ ജനവൃന്ദങ്ങളെ വ്യാമോഹിപ്പിച്ചു് കമ്മ്യൂണിസത്തിനു അടിയറ വയ്ക്കുക, എന്നുള്ളതാണു് ഈ കുടിലനയത്തിന്റെ കാതൽ. തീർച്ചയായും ഇതു കമ്മ്യൂണിസത്തിന്റെ ഒരു തുറുപ്പുശീട്ടാണു്, പോരാ, ഒരു സുദർശനചക്രമാണു്. അതിന്റെ നിശിതമായ പ്രയോഗത്തിൽ അടിപെട്ടുപോകാതിരിക്കണമെങ്കിൽ നാമും വളരെ ബുദ്ധിപൂർവ്വം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

കലക്കവെള്ളത്തിൽ മീൻപിടിക്കുക, എന്ന നയത്തിന്റെ ഒരു മകുടോദാഹരണവുംകൂടിയാണു മേൽകാണിച്ച പ്ലാൻ. ചൈനാ, കൊറിയ, ഇൻഡോ-ചൈന, മലയ, ഇൻഡോനേഷ്യ ആദിയായ പല രാജ്യങ്ങളിലും ഈ പയററു പരീക്ഷിച്ചുനോക്കി. ചൈനയിലാണു് വലുതായ നേട്ടം സിദ്ധിച്ചതു്; മററു രാജ്യങ്ങളിലും കുറെയൊക്കെ ഫലിച്ചു. ഇന്ത്യയിലും ഇതേ പരീക്ഷണംതന്നെയാണു് തെലിങ്കാന, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽ നടത്തിയതു് അവിടങ്ങളിലെ കലക്കൽ ഇനിയും തെളിഞ്ഞിട്ടില്ല; എന്നുതന്നെയല്ല, ആന്ധ്രാമന്ത്രിസഭയുടെ തകിടംമറിച്ചിലും പട്ടംകാബിനററിന്റെ ഉലച്ചിലും പ്രസ്തുത കലക്കലിനെ ഒന്നുകൂടി കറക്കിവിടുന്നമട്ടാണു കാണുന്നതും.

ഇതേവരെ പയററിയ "കലക്കൽവിദ്യ" മിക്കവാറും ആഭ്യന്തരരംഗങ്ങളിലായിരുന്നു. എന്നാൽ ഇപ്പോഴത്തെ തെക്കുകിഴക്കൻ സംഘടനാസംരംഭമാകട്ടെ, ഒരുപടികൂടി കടന്നു് അന്താരാഷ്ട്രീയനിലവാരത്തിലെത്തിയിരിക്കുന്നു. അതിന്റെ ശിരസ്സ് റഷ്യയും വലംകൈ ചൈനയുമാണു്. ഭാരതത്തിലേയും ബർമ്മായിലേയും കമ്മ്യൂണിസ്റ്റുനേതാക്കന്മാർ ഉത്സാഹത്തോടും അനുഭാവത്തോടും പ്രതീക്ഷകളോടുംകൂടി അതിനെ വീക്ഷിച്ചു് പ്രോത്സാഹിപ്പിച്ചും കൊണ്ടിരിക്കുന്നു.

(തുടരും)

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു മാറിയതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ടി. ടി. സേവ്യർ, വട്ടതല

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

III

### ഒരുക്കം

തന്റെ മകനു് അനുരൂപയായ ഒരു ഭാര്യയെ കണ്ടെത്തണം, അല്ലെങ്കിൽ തന്റെ മകളെ ഉത്തമനായ ഭർത്താവിനെ ഏല്പിച്ചുകൊടുക്കണം, ഏതൊരു പിതാവിന്റേയും മാതാവിന്റേയും അനിഷേദ്ധ്യമായ കടമയാണിതു്. എന്നാൽ മാതാപിതാക്കന്മാരേക്കാൾ കൂടുതലായി ഈ വിഷയത്തിൽ ഓരോ യുവാവും യുവതിയും ചിന്തിക്കേണ്ടതാണു്. തനിക്കു പററിയ ഭാര്യയെ യുവാവും തനിക്കനുരൂപനായ ഭർത്താവിനെ യുവതിയും തെരഞ്ഞെടുക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിക്കേണ്ടതുണ്ടു്. ഇണയെ തെരഞ്ഞെടുക്കുന്ന കാലത്തെ വേണമെങ്കിൽ നമുക്കു് വിവാഹാഭ്യർത്ഥനകാലം എന്നുവിളിക്കാം. വിവാഹത്തിനുള്ള ഒരുക്കം തന്നെയാണിതു്. പാശ്ചാത്യരാജ്യങ്ങളിൽ ഇതിനുള്ള പേരു് Courtship എന്നാണു്. ഈ കാലസന്ധി ആനന്ദത്തിന്റെ സമയമാണു്. ദൈവസ്നേഹത്താൽ പ്രചോദിതരായി രണ്ടു യുവഹൃദയങ്ങൾ വിവാഹമെന്ന കൂദാശയുടെ പ്രസാദവരശക്തിയാൽ ഒന്നായിത്തീരുന്നതിനു ആവശ്യം വേണ്ട പരിശുദ്ധവും പരിപാവനവുമായ സ്നേഹത്തെ അളന്നുനോക്കുന്നതിനുള്ള അവസരമാണിതു്. വിവാഹാഭ്യർത്ഥന വിവാഹത്തിനുള്ള സ്വാഭാവികമായ ഒരു സാമീപ്യമാണെങ്കിലും, മരണംവരെയുള്ള ജീവിതത്തെ സ്പർശിക്കുന്ന ഗൗരവമേറിയ കാര്യമതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു് ദൈവാനുഗ്രഹം അതിനാവശ്യമാണു്. തന്മൂലം യുവജനങ്ങൾ ഈ അവസരത്തെ പ്രാർത്ഥനയിലും വിവേകത്തിലും സൂക്ഷ്മത്തിലും ചിലവഴിക്കേണ്ടിയിരിക്കുന്നു. സഭയുടെ നിയമങ്ങളെ വേണ്ടത്ര ഗൗരവത്തോടെ വീക്ഷിച്ചു പാലിക്കുന്നതിനുള്ള സന്നദ്ധതയും ഈ കാലസന്ധിയിൽ പ്രകടമാക്കണം. വിവാഹാഭ്യർത്ഥനകാലത്താണു് തന്റെ തുണയായിത്തീരുവാനുള്ള ആളിന്റെ ജ്ഞാനവും, സ്നേഹവും, സ്വഭാവഗുണവും ഒരുവൻ പരിക്ഷിക്കുന്നതു്. ഈ കാലസന്ധിയുടെ ദൈർഘ്യം അനാവശ്യമായി വർദ്ധിപ്പിക്കുന്നതു് ബുദ്ധിശൂന്യമെന്നു മാത്രമല്ല അപകടകരവും ആപൽഭൂയിഷ്ഠവുമായിരിക്കും. യഥാർത്ഥമായ സ്നേഹമുണ്ടെങ്കിൽ വിവാഹാഭ്യർത്ഥനയുടെ കാലം നീളുകയില്ല. കുറഞ്ഞ സമയത്തിനുള്ളിൽ പരസ്പരം ശരിയായി പഠിക്കുന്നതിനാണു് ശ്രമിക്കേണ്ടതു്. അല്ലാതെ കിട്ടിയ അവസരം ബാഹ്യമായ ആസ്വാദനത്തിനായി മാത്രം വിനിയോഗിക്കരുതു്. അതു പക്ഷെ പാപത്തിനു വഴി തെളിച്ചെന്നുംവരാം.

വയോവൃദ്ധരായ രണ്ടു ദമ്പതിമാർ തങ്ങളുടെ വിവാഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ച അവസരത്തിൽ വൃദ്ധപിതാവു് തന്റെ പൗത്രിപൗത്രന്മാരോടായി ചെയ്ത ഒരുപദേശം ഇത്തരുണത്തിൽ ശ്രദ്ധേയമാണു്, "മക്കളേ, നിങ്ങൾ വിവാഹത്തിനുമുമ്പു് നിങ്ങളുടെ രണ്ടു കണ്ണുകളും ശരിയായി തുറക്കണം. എന്നാൽ വിവാഹത്തിനുശേഷം ഒന്നു് പരിപൂർണ്ണമായി അടയ്ക്കണം, മറേറതു്, പകുതിമാത്രമേ തുറക്കാവൂ." അതായതു് വിവാഹത്തിനുമുമ്പു് വിവാഹാഭ്യർത്ഥനാകാലത്തു് ദമ്പതിമാരാകുവാനുള്ളവർ പരസ്പരം പഠിക്കണം, തെററുകളും കുററങ്ങളും ശരിയായി മനസ്സിലാക്കണം, തെററിദ്ധരിപ്പിക്കപ്പെട്ടു് വിവാഹിതരാകാതിരിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്, എന്നു ചുരുക്കം. വിവാഹത്തിനുശേഷം പരസ്പരം കാണുന്ന തെററുകളും വീഴ്ചകളും ഇരുകൂട്ടരും ക്ഷമിക്കണം. അവയെ അത്രകാര്യമായി ഗണിക്കരുതു്: അതുകൊണ്ടാണു് വിവാഹാനന്തരം ഒരു കണ്ണടയ്ക്കണമെന്നും ഒന്നു് പകുതിമാത്രമേ തുറക്കാവൂ എന്നും വൃദ്ധപിതാവു് ഉപദേശിച്ചതു്.

(ശേഷം 4-ാം പേജിൽ)

ചെറുകഥ

# അവിവാഹിതകളുടെ സംഘടന

(ചാരുമ്മൂട്)

(തുടർച്ച)

IV

എൻെറ ഒരു പഴയസ്നേഹിതൻ. പട്ടണത്തിൻെറ മദ്ധ്യത്തിൽവച്ചു ഞങ്ങൾ തമ്മിൽ കണ്ടു വല്ലവിധവും വിട്ടുപോരാൻ ഞാൻ വ്യഗ്രതപ്പെട്ടു. അത്യാവശ്യം പ്രമാണിച്ചു ഞാൻ പോയ്‌വരികയായിരുന്നു. അദ്ദേഹം എൻെറ കൈപിടിച്ചു. ചിരിച്ചു. കുശലപ്രശ്നം ചെയ്തു. "ശരി, നമുക്കാ റെസ്റ്റോറൻറിൽ പോയിരുന്നു സംസാരിക്കാം," അദ്ദേഹം പറഞ്ഞു ഒരു കപ്പു നല്ലകാപ്പി കുടിച്ചാൽ! എത്ര നാളായി! ഞാൻ വിചാരിച്ചു രണ്ടണ! എൻെറ കുഞ്ഞുങ്ങളുടെ ആവശ്യങ്ങൾ! ഞാനെങ്ങനെ ചെലവുചെയ്യും? പെട്ടെന്നദ്ദേഹം പറഞ്ഞു: "എന്താണു്, ഏതോ വലിയ ചിന്തയിൽ? വരണം!" ഞാൻ ചിന്തയിൽനിന്നുണർന്നു റെസ്റ്റോറൻറിൽ കയറി. ആ കാപ്പി! അതിൻെറ വാസന! പലഹാരങ്ങൾ! ഞങ്ങൾ കാപ്പികുടിച്ചു. അദ്ദേഹം പറഞ്ഞുതുടങ്ങി: "ഓർക്കുന്നുണ്ടോ, അന്നത്തെ പ്രസംഗം! എന്താ, ഈയിടെ പ്രസംഗങ്ങളൊന്നും ഇല്ലേ? കവിതകളൊന്നും കാണുന്നില്ലല്ലോ! പുസ്തകങ്ങളൊന്നും ഈയിടെ പ്രസിദ്ധപ്പെടുത്താറില്ലേ? എന്താണു ചെറുകഥകളും കാണാറില്ലല്ലോ? പോരാ, പുറകോട്ടു പോകരുതു്!......."

ഞാനെന്തു പറയട്ടെ! "തിണ്ണം പാരം വിശക്കുന്നവനുണ്ടോ, അന്നമെന്നിയെ മറെറാന്നിൽ കൗതുകം?" കൂട്ടത്തിൽ അദ്ദേഹം പറയുകയാണു്: "പിന്നേയ്, നമുക്കൊരു പെൺകുട്ടിയെ വേണം. കണ്ടാൽ നന്നായിരിക്കണം. സ്ത്രീധനം കുറെ കുറഞ്ഞാലും വേണ്ടില്ല." എൻെറ മനോവീഥിയിലൂടെ തീവണ്ടികളോട്ടം തുടങ്ങി. ഞാൻ പറഞ്ഞു: "എനിക്കു മററു പെൺകുട്ടികളെക്കുറിച്ചൊന്നും അറിഞ്ഞുകൂടാ. എനിക്കൊരു മകളുണ്ടു്." അയാൾ പറഞ്ഞു: "അതിപ്പോൾ ഞങ്ങളാലോചിച്ചാലൊക്കുമോ?" പാവം! എന്നെക്കുറിച്ചുള്ള അയാളുടെ ധാരണ! ഞാനവരുടെ നാട്ടിൽ പണ്ടെങ്ങാണ്ടൊരു മിററിംഗിനുപോയി. തുടർന്നതാണ്ടൊക്കെ എന്നെക്കുറിച്ചറിയാം. ഞാൻ പറഞ്ഞു: "അതൊന്നും സാരമില്ല. ഒന്നു വരണം! പെൺകുട്ടിയെ നിങ്ങൾക്കിഷ്ടപ്പെട്ടാൽ, എൻെറ സൗകര്യങ്ങൾക്കു നിങ്ങൾ വഴിപ്പെട്ടുമെങ്കിൽ! ഞാനും ചെറുക്കനെ ഒന്നു കാണട്ടെ!" "ശരി," അയാൾ പറഞ്ഞു, "ഞങ്ങൾ ഏററവും അടുത്ത ഒരു സന്ദർഭത്തിലങ്ങോട്ടു വരാം. ഞാനും ചെറുക്കനും."

V

അവർ വന്നു. അന്യോന്യം ഇഷ്ടപ്പെട്ടു. ഉഭയുടെ കാര്യം! പണമെല്ലാം ഉടനെ സൗകര്യപ്പെടുകയില്ല. സമ്മതിച്ചു.

കല്യാണം നടക്കണം! കുറെ പണംവേണം. ഒരു ചിട്ടിചേർന്നു. പിടിച്ചു. പണംകിട്ടി. കല്യാണം നടന്നു. വർഷം അഞ്ചുകഴിഞ്ഞു. മകൾക്കൊരു കുട്ടിയുമുണ്ടായി. ബാക്കി പണം കൊടുത്തില്ല. ചിട്ടി മുടങ്ങി. ചിട്ടിമുന്നാളൻ വസ്തു ജപ്തിചെയ്തിരിക്കയാണു്. എന്താ ചെയ്ക? ഈ സന്ദർഭത്തിലാണു്, ഒരു കുഞ്ഞിനെയും തള്ളയേയുംകൂടി, സ്ത്രീധനത്തിൻെറ ബാക്കിതുകയ്ക്കു കൊണ്ടുവന്നു തള്ളിയിരിക്കുന്നതു്!

അന്നുരാത്രി ഉറക്കമുണ്ടായെങ്കിൽ അതതിശയമല്ലേ? രാവിലെ പത്തും ആലോചിച്ചുകൊണ്ടു്, രാത്രിയിൽ ഉറങ്ങാത്ത ക്ഷീണത്തോടുകൂടി വെളിയിലേക്കിറങ്ങി. കൂടിയ അത്യാവശ്യം നേരിട്ടാൽ നാലോ, അഞ്ചോ വല്ലപ്പോഴും കടംതരുന്ന ഒരു മിത്രം— അയാൾ നേരെവരുന്നു. ഞങ്ങൾ രണ്ടുപേരും വഴിയിൽനിന്നു ഞാൻ പറഞ്ഞു: "വസ്തു വില്ലാൻപോകയാണു്" ഒന്നുകിൽ പിടിച്ചുകൊള്ളണം. അല്ലെങ്കിലതിനാളുണ്ടാക്കി വേണ്ടതുപോലെയെല്ലാം ചെയ്യതാണം." അയാളുടെ അനുകമ്പാവചനങ്ങൾ ഇങ്ങനെ മൊഴിഞ്ഞു: "നാലഞ്ചാറു കുഞ്ഞുങ്ങളില്ലേ? അവരുമായിട്ടെങ്ങോട്ടു പോകാമെന്നാണു്?" ഞാൻ കഥമുഴുവൻ ധരിപ്പിച്ചു അയാൾ എൻെറ വിഷമാവസ്ഥ വേണ്ടപോലെ ഗ്രഹിച്ചു. "ശരി, ആ പെൺകുട്ടിയെങ്കിലും സമാധാനമായി കഴിയണം." അയാൾ അല്പനേരത്തെ മൗനത്തിനുശേഷം പറഞ്ഞു: "രണ്ടു ദിവസിക്കകം നമുക്കൊരു തീരുമാനത്തിലെത്താം." ഞങ്ങൾ പിരിഞ്ഞു.

VI

വസ്തുവിൻെറ കച്ചവടം. ആലോചന ധൃതഗതിയിൽ നടന്നു. വസ്തു വില്ക്കാനാലോചന നടക്കുന്ന സാഹചര്യം. വസ്തുവിനു വിലയിടിവിനു കാരണമായി. ആയിടയ്ക്കൊരുദിവസം മരുമകൻ വീട്ടിൽവന്നു. അല്പനേരം അവിടെ കഴിഞ്ഞുകൂടി. എങ്കിലും പഴയ ആ പ്രസന്നത അവിടെ കളിയാടിയില്ല. ഒരു മൂകത. കുഞ്ഞു അയാളെ സമീപിച്ചു. ആ പിതാവിൻെറ ഹൃദയം വാത്സല്യാർദ്രമായി. എങ്കിലും ബാക്കിപണം! അയാളുടെ ഹൃദയം കാഠിന്യം കൊണ്ടു. അയാൾ കുഞ്ഞിനെ എടുത്തുകൊണ്ടു യാത്രയായി. മുലകുടിക്കുന്ന കുഞ്ഞു! മാതാവിനെ പിരിഞ്ഞാൽ ആ കുഞ്ഞിൻെറ അവസ്ഥ! കുഞ്ഞിനെക്കുറിച്ചുള്ള ചിന്തയിൽ ചുട്ടുപിടിക്കാവുന്ന മാതാവിൻെറ സ്ഥിതി! തള്ളയുടേയും പിള്ളയുടേയും വിരഹംമൂലം സംജാതമാകാവുന്ന അവസ്ഥാന്തരങ്ങൾ! എന്തുചെയ്യാം? അയാൾ കുഞ്ഞിനേയുംകൊണ്ടു യാത്രയായി. ആ തള്ള!—എൻെറ മകൾ!—ശയ്യാവലംബിയായി. ഊണും ഉറക്കവും വെടിഞ്ഞുള്ള രണ്ടു ദിവസം! ആ രണ്ടുദിവസത്തിൻെറ ചൂടും ദൈർഘ്യവും!!

ഏതു വിലയ്ക്കും വസ്തു വിററു മതിയാവൂ. വസ്തുവിലയിൽ സംഭവിക്കാവുന്ന നഷ്ടം! തള്ളപിള്ളകളുടെ വിരഹവേദനമൂലം സംഭവിക്കാവുന്ന നഷ്ടം! രണ്ടും താരതമ്യം ചെയ്തു. ധനനഷ്ടം സഹിച്ചും രണ്ടാത്മാക്കളുടെ ആശ്വാസം വീണ്ടെടുക്കുവാൻതന്നെ നിശ്ചയിച്ചു. വില സമ്മതിച്ചു. അടുത്തദിവസം വിലയാധാരം രജിസ്ട്രാക്കുക. തീർച്ചപ്പെടുത്തി. വിവരം മരുമകനെ അറിയിച്ചു. "കുഞ്ഞുമായി ഉടനെ എത്തുക. പണവുമായി തിരികെപ്പോകാം."

രണ്ടുദിവസത്തെ വേർപാടിനുശേഷം ആ മാതാവും ശിശുവും അന്യോന്യം കണ്ടു. ആ രംഗം! ആ രണ്ടു ദിവസവും ആ കുഞ്ഞും അമ്മയും അനുഭവിച്ച വേദന എത്ര വലുതായിരുന്നുവെന്നു് ആ രംഗം ദർശിച്ചവർക്കറിയാം. മാതൃസന്നിധിയിലേക്കു ചിറകുവിരിച്ചു—കൈയാഞ്ഞു—പറന്നു് ആ വക്ഷസ്സിൽ അഭയം പ്രാപിക്കയായിരുന്നു ആ കുഞ്ഞു്. ആ പൂമ്പൈതൽ മേനി അമ്മയുടെ മാറിൽ അമർന്നുചേർന്നു. അവളുടെ ഹൃദയത്തിൻെറ താപം ഒട്ടൊട്ടകന്നു. അവളുടെ ഉണങ്ങിയിട്ടില്ലാത്ത നയനങ്ങൾ കണ്ണീർപൊഴിച്ചു. ആനന്ദാശ്രുക്കൾ. പണമില്ലാത്ത പിതാവിൻെറ മകളുടെ അനുഭവം! ആ കാഴ്ച കണ്ടുനില്ക്കുന്ന മാതാപിതാക്കൾ! അവളുടെ പിതാവിൻെറ ചിന്തകൾ!

വസ്തു വിററു സ്ത്രീധനബാക്കി കൊടുത്തു. ചിട്ടിക്കടം തീർത്തു കിടപ്പാടം? ചുരുണ്ടുകിടക്കാനല്പം ഭൂമിവേണ്ടേ? അതിലൊരു കൂര വേണ്ടേ? കല്യാണപ്രായമായി ഇനിയുള്ളതിനെ കെട്ടിക്കണ്ടേ? ഉത്തരമില്ലാത്ത പ്രശ്നങ്ങൾ!

സംഘടനവേണം! — സംഘടന. കന്യകകളുടെ.

# ഭാരതിയാന്തരീക്ഷത്തിലെ കമ്മ്യൂണിസ്റ്റ് കാർമേഘം

(ഷെവലിയർ ജോസഫ് പെട്ട)

(തുടർച്ച)

## കമ്മ്യൂണിസ്റ്റനുഭാവികളായ നേതാക്കന്മാർ

അടുത്തകാലത്തുണ്ടായ ചുവപ്പു ചൈനയുടെ ആവിർഭാവം, റഷ്യയുടേയും ചൈനയുടേയും പേരിൽ ഭാരതിയർക്കുള്ള എന്തെന്നില്ലാത്ത മതിപ്പു. അതിനു ശക്തികൂട്ടുന്നതിലേക്കു ചില നേതാക്കന്മാർ ചെയ്തുവരുന്ന പരിശ്രമം, റഷ്യയിലേയും ചൈനയിലേയും ഇന്ത്യയിലേയും ഭരണകൂടങ്ങൾ തമ്മിലുള്ള അധികരിച്ച മൈത്രി, ഇവയെല്ലാംതന്നെ ഇവിടത്തെ കമ്മ്യൂണിസത്തിൻെറ വളർച്ചയ്ക്കു വളംവയ്ക്കുന്ന പരിതസ്ഥിതികളത്രെ. നമ്മുടെ വൻകിടനേതാക്കന്മാരിൽ പലരും കമ്മ്യൂണിസ്റ്റു് അനുഭാവികളാണെന്നു പറഞ്ഞാൽ അതൊരു പരമാർത്ഥം മാത്രമായിരിക്കും. അവരുടെ ഓരോ പ്രസംഗത്തിലും റഷ്യയെപ്പററിയുള്ള സ്തുതിഗീതമായിരിക്കും അത്യുച്ചത്തിൽ മുഴങ്ങുന്നതു്. പാശ്ചാത്യരാജ്യങ്ങളുടെ കൊളോണിയലിസത്തെ മുക്തകണ്ഠം അപലപിക്കുന്ന ഇക്കൂട്ടർ, അതിലും പതിന്മടങ്ങു കഠിനതരമായ റഷ്യൻ കൊളോണിയലിസത്തിനെതിരായി ഒരു വാക്കുപോലും ശബ്ദിക്കാറില്ല. ഇന്ത്യാ, ആഫ്രിക്കാ, അമേരിക്കാ മുതലായ രാജ്യങ്ങളിലെ പക്ഷപാതനയത്തിനും സ്വാതന്ത്ര്യക്കുറവിനും എതിരായി കല്പിതുള്ളി കണ്ഠക്ഷോഭം ചെയ്യുന്നതിനു അവർക്കു വലിയ ഉത്സാഹമാണു്. പക്ഷെ സോവിയററു് റഷ്യയിലും അവരുടെ ഭീകരമായ സൈനികാനുശാസനത്തിനൊതുങ്ങി കഴിയുന്ന ഉപഗ്രഹരാജ്യങ്ങളിലും നടമാടുന്ന ഭയങ്കരചൂഷണമർദ്ദനങ്ങളുടെനേർക്കു അവർ കണ്ണടച്ചുകളയുന്നു. നമ്മുടെ ആദരണീയ പുരുഷനും അഭിവന്ദ്യനേതാവുമായ ശ്രീ നെഹ്റുവിൻെറ അഭിമതങ്ങളും ഭാരതത്തിലെ കമ്മ്യൂണിസ്റ്റ് പ്രചാരണത്തെ ഒട്ടുവളരെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നു പറയാതെ ഗത്യന്തരമില്ല. അക്രമപരിപാടികൾ ഒഴിച്ചാൽ. കമ്മ്യൂണിസത്തിൻെറ ആദർശങ്ങളോടു ലക്ഷ്യത്തോടും തനിക്കു പൂർണ്ണയോജിപ്പാണുള്ളതെന്നു ഭാരതസ്വാതന്ത്ര്യലബ്ധിക്കുശേഷം ഒന്നിലധികം പ്രാവശ്യം അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ടു്. ഇക്കഴിഞ്ഞ നവമ്പർ 9-ാംനു- നാഷനൽ ഡെവലപ്പ്മെൻറു് കൗൺസിൽ യോഗത്തിൽവച്ചു അദ്ദേഹം പറഞ്ഞതു കേട്ടാലും: "ഇന്ത്യക്കു ഞാൻ വിഭാവനംചെയ്യുന്ന ഭാവി തീർച്ചയായും അസന്ദിഗ്ദ്ധമായും ഒരു സോഷ്യലിസ്റ്റ് സാമൂഹികവ്യവസ്ഥിതിയാണു്." പ്രധാന ഉല്പാദനോപകരണങ്ങളെല്ലാം പൊതുഉടമയിലായുള്ളതാണു് ആ വ്യവസ്ഥിതിയെന്നും അദ്ദേഹം വിശദമാക്കി ഇതും കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന പൊതുഉടമയും തമ്മിൽ കാതലായ അന്തരമൊന്നുമില്ലെന്നും ഒരു പടികൂടി കടന്നാൽ തനി കമ്മ്യൂണിസത്തിൽ ചെന്നവസാനിക്കുമെന്നും പ്രസ്പഷ്ടമാണല്ലോ. പോരെങ്കിൽ, നെഹ്റുവിൻെറ വിശ്വസ്താലോചനക്കാരനും ഐക്യരാഷ്ട്രസംഘടനയിലെ ഇന്ത്യൻ പ്രതിനിധിസംഘത്തിൻെറ നേതാവുമായ ശ്രീ വി. കെ. കെ. മേനോൻ ഒരു മൂർച്ഛയേറിയ കമ്മ്യൂണിസ്റ്റാണെന്നുള്ള ലണ്ടൻ ടൈംസിൻെറ അഭിപ്രായവും, കഴിഞ്ഞ നവമ്പർമാസത്തിൽ, ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേന്ദ്രപ്രവർത്തകസമിതിയിലെ പ്രബലകക്ഷിയായ "ജോഷിയൈററ്സ്" (Joshi-ites) ശ്രീ നെഹ്റുവിനു പരിപൂർണ്ണപിൻതുണ വാഗ്ദാനം ചെയ്തുകൊണ്ടു ഒരു നിശ്ചയം പാസ്സാക്കുകയുണ്ടായി എന്നുള്ള വസ്തുതയും, നെഹ്റുവിൻെറ ചിന്താഗതി ശരിയായി മനസ്സിലാക്കുന്നതിനു നമ്മെ സഹായിക്കുന്നു. കൂടാതെ ഭിന്നരുചിക്കാരായ ഭാരതനേതാക്കന്മാരുടെ സോഷ്യലിസ്റ്റ് വിഭാവനകൾ പടിപടിയായി നീല കൊള്ളുന്നവയാണെങ്കിലും, അവയെല്ലാംതന്നെ ചെന്നു കലാശിക്കുന്നതു കമ്മ്യൂണിസത്തിലായിരിക്കുമെന്നും നാം ഓർത്തിരിക്കേണ്ടതാണു്.

> **അസ്ഥിസ്രാവം, വാതം മൂലക്കുരു, ഗ്യാസ്ട്രബിൾ രക്തക്ഷയം, ഏങ്ങൽ നീരിറക്കം, രക്തദുഷ്യം**
> മുതലായ രോഗങ്ങളാൽ നിരാശരായി കഴിയുന്നവർ കാളൻ കൊച്ചുവറീത് പാവുണ്ണി വൈദ്യൻ, നെല്ലായി എന്ന വിലാസത്തിൽ എഴുതുക.
> മാനേജർ
> കാളൻ ആയുർവ്വേദ ഔഷധശാല

മററു ചില സംഗതികളുംകൂടിയുണ്ടു്. ഭാരതത്തിലെ ഗവമ്മെൻറുകൾക്കു്, കോടതികളുടെ തീർപ്പിനു വിധേയപ്പെടാതെ, തങ്ങൾക്കു യുക്തമെന്നു തോന്നുന്ന പ്രതിഫലത്തിന്മേൽ വ്യക്തികളുടെ വസ്തുവകകൾ കൈവശപ്പെടുത്തുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കത്തക്കവിധത്തിൽ ഇന്ത്യൻ ഭരണഘടനയുടെ 31-ാം വകുപ്പു ഭേദപ്പെടുത്തണമെന്നു്, കോൺഗ്രസ്സ് വ കമ്മിററി നിയമിച്ച സബ്കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു. ഇപ്പോഴാണെങ്കിൽ നമ്മുടെ അവകാശസംരക്ഷണത്തിനു നിദാനമായി നില്ക്കുന്നതു നീതിന്യായക്കോടതികളാണു്. അവയുടെ അധികാരസീമയിൽ നിന്നു തെററിമാറുന്നതിനു ഗവമ്മെൻറുകൾ കാണിക്കുന്ന വ്യഗ്രത തികച്ചും പ്രതിലോമപരമായ സ്വേച്ഛാപ്രഭുത്വത്തിൻെറ പ്രത്യക്ഷലക്ഷണമല്ലയോ? ധനികരുടെ നേർക്കു പ്രയോഗിക്കുന്നതിനുള്ള ഒരു ആയുധം മാത്രമാണു ഈ ഭേദഗതി എന്നു തെററിദ്ധരിച്ചു കമ്മ്യൂണിസ്റ്റനുഭാവികളായ പല പാർലിമെൻററി മെമ്പർമാരും അതിനെ പിൻതാങ്ങി എന്നു വരാം; സാമാന്യ ജനപദങ്ങൾ പ്രതിഷേധിച്ചില്ലെന്നും വരാം. പക്ഷെ, ന്യായാസനമാകുന്ന രക്ഷാവലയം ധനികനും ദരിദ്രനും ഒരുപോലെ ആവശ്യമാണെന്നും അതിനു കോട്ടംതട്ടിയാൽ പൗരസഞ്ചയം ഉദഗ്രശവ്യന്ദത്തിൻെറ അടിമത്തത്തിൽ പെട്ടുപോകുമെന്നും അനീതി, അഴിമതി, പക്ഷപാതമാദിയായവയുടെ പ്രളയകവാടങ്ങൾ തള്ളിത്തുറക്കപ്പെടുമെന്നും നാം മനസ്സിലാക്കേണ്ടതുണ്ടു്. എന്നാൽ ഈ വിഷയത്തിൽ ബിഹാർ മന്ത്രിസഭ ഒരു പടികൂടി കയററിച്ചവിട്ടിയിരിക്കയാണു്. പ്രതിഫലം കൊടുത്തോ കൊടുക്കാതെയോ വ്യക്തികളുടെ "അധികഭൂമി" കയ്യേററി എടുക്കുന്നതിനും, അതുപോലെതന്നെ പ്രതിഫലം കൊടുത്തോ കൊടുക്കാതെയോ ഏതെങ്കിലും വ്യവസായമോ കമ്പനിയോ ഫാക്ടറിയോ കൈവശപ്പെടുത്തുന്നതിനും സംസ്ഥാന ഗവമ്മെൻറുകൾക്കു അധികാരമുണ്ടായിരിക്കണമെന്നാണു് അവരുടെ അഭിപ്രായം. ഇതൊക്കെ സ്വാതന്ത്ര്യഭാരതത്തിൻെറ പോക്കു ഏതു വഴിക്കാണെന്നു് സ്പഷ്ടമാക്കുന്നില്ലയോ?

## വോട്ടിനെ ലക്ഷ്യം വച്ചുള്ള ഭരണനയം

ഈ ഗതിവിശേഷത്തെ കുറെക്കൂടി വിശദമാക്കുന്ന മറെറാരു സംഗതികൂടി ചൂണ്ടിക്കാണിക്കാം. "പ്രായപൂർത്തി വോട്ടു്" നടപ്പിൽ വന്നതോടുകൂടി, ഭരണകൂടപ്രവർത്തനത്തിൽ തൊഴിലാളികൾക്കുള്ള പങ്കു വളരെ വർദ്ധിച്ചിരിക്കയാണല്ലോ. ആകയാൽ അവരെ പ്രീണിപ്പിച്ചു വോട്ടു കരസ്ഥമാക്കുന്നതിനു വിവിധ കക്ഷിനേതാക്കന്മാർ പരസ്പരം മത്സരിച്ചു നയപരിപാടികൾ സൃഷ്ടിക്കേണ്ടിവന്നിരിക്കുന്നു. തൊഴിലാളികൾക്കു ജീവനക്കൂലിയും ന്യായമായ മററു ആനുകൂല്യങ്ങളും നൽകി അവരുടെ ജീവിതത്തോതു ഉയർത്തേണ്ടതു അവശ്യാവശ്യമാണു്. അവരുടെ സാമൂഹ്യബഹിഷ്കരണ പരിഗണിച്ചു ഗവമ്മെൻറുകൾ അവരെ പ്രത്യേകം സഹായിക്കേണ്ടതുമാണു്. അവർക്കും കഴിയുന്നത്ര ഐഹികസുഖസൗഭാഗ്യങ്ങൾ അനുഭവിക്കുന്നതിനു അവകാശമുണ്ടു്. അതിനുള്ള ശട്ടക്കെട്ടുകൾ സാമൂഹ്യവ്യവസ്ഥിതിയിൽ ഉണ്ടായിരിക്കുകയും വേണം. ആധുനികഭാരതത്തിൽ അത്തരം ശട്ടക്കെട്ടുകൾ പോരാതെയാണിരിക്കുന്നതു്. മാത്രമല്ല, പല വ്യവസായഉടമകളും തങ്ങളുടെ കീഴിലുള്ള തൊഴിലാളികളോടു വേണ്ടിടത്തോളം സഹാനുഭൂതിയോടുകൂടി പെരുമാറുന്നുമില്ല. ഈ ന്യൂനതകൾ അതിവേഗത്തിൽ പരിഹരിക്കേണ്ടിയിരിക്കുന്നു. അക്കാര്യത്തിൽ മുതലാളികൾ കണ്ണുതുറന്നു കാലേക്കൂട്ടി വേണ്ടതു പ്രവർത്തിച്ചില്ലെങ്കിൽ, അവരും കമ്മ്യൂണിസത്തിലേക്കുള്ള ജനപ്രവാഹം ത്വരിതപ്പെടുത്തി തങ്ങൾക്കുതന്നെ നാശം വരുത്തിക്കൂട്ടുമെന്നുള്ളതു തീർച്ചയാണു്. എന്നാൽ അതേസമയംതന്നെ തൊഴിലാളികൾക്കും, മററുള്ളവരെപ്പോലെ, ചില ചുമതലകളും ഉത്തരവാദങ്ങളുമുണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ. സത്യസന്ധതയോടും പ്രാപ്തിക്കൊത്തപോലെയും ജോലിചെയ്യുന്നതിനും, മുതൽ നാശംവരുത്താതെ സൂക്ഷ്മതയോടുകൂടി പെരുമാറുന്നതിനും, അക്രമപ്രസക്തമായ പരിപാടി

(ശേഷം 10-ാംപേജിൽ)

Reg. M. No. 2793

# Sathya Deepam

Vol. 28 Ernakulam, January 5, 1955 No. 20

"ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

ഈ ശില്പിയെ അറിയുമോ?

(വല്ല്യേട്ടൻ)



## മുൻചരിത്രം

ഗുണ്ടഫർരാജാവിന്റെ മുമ്പിൽ ഹാബ്ബാൻ ശില്പിയെ ഹാജരാക്കി. രാജാവു അദ്ദേഹത്തിനു കൊട്ടാരം പണിയാൻ സ്ഥലം കാണിച്ചുകൊടുക്കുകയും വേണ്ട ധനം ഏല്പിക്കുകയും ചെയ്തുകൊണ്ടു ഒരു പര്യടനത്തിനുപോയി. ധനമെല്ലാം സാധുക്കളുടെ ഇടയിൽ വിതരണം ചെയ്ത തോമാശ്ലീഹാ സുവിശേഷം എല്ലാവരോടും പ്രസംഗിച്ചുനടന്നു പണം പിന്നേയും പിന്നേയും വന്നുകൊണ്ടിരുന്നു. വേദപ്രചാരവും സാധുസംരക്ഷണവും മുറയ്ക്കു നടന്നു. രാജകൊട്ടാരത്തിനു ഒരു കല്ലുപോലും പണുതുമി ല്ല. അങ്ങനെ കൊല്ലം കഴിഞ്ഞു. രാജാവു മടങ്ങിയെത്താറായി.




## 3–ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

മൂന്നാംനമ്പ്ര് പ്രശ്നം ഒരു കവിതയും കണക്കും ചേർന്നതാണെന്നും എല്ലാവരും ശ്ലോകം വായിച്ചു അർത്ഥം ശരിയായി മനസ്സിലാക്കി ഉത്തരം കണ്ടുപിടിക്കണമെന്നും സൂചിപ്പിച്ചിരുന്നല്ലോ. ഈ പരിശ്രമത്തിൽ എത്രപേർ വിജയിച്ചുവെന്നു താഴെ കൊടുക്കുന്ന ഉത്തരംനോക്കി തീരുമാനിക്കുക.

പദ്യത്തിന്റെ അർത്ഥം—105 വാര അകലെ ഇരിക്കുന്ന ഒരു മുയലിനെ പിടിക്കുവാൻ ഒരു സിംഹം ഉന്നിഞ്ഞു. മാൻ ഏഴര വാര അകലത്തിലും സിംഹം പത്തുവാര അകലത്തിലും ചാടുന്നു. എന്നാൽ സിംഹം മാനിനെ പിടിക്കുന്നതിനുമുമ്പു മാൻ എത്ര ചാടി കൂട്ടുകാരേ?

കണക്ക

മാനും സിംഹവും തമ്മിലുള്ള

ദൂരം $= 105$ വാര

മാനിന്റെ ഒരു ചാട്ടത്തിന്റെ

ദൂരം $= 7\frac{1}{2}$ വാര

സിംഹത്തിന്റെ „ $= 10$ വാര

ഒരു ചാട്ടംകൊണ്ടു മാനിനു കാവുവരുന്ന അകലം $= 10 - 7\frac{1}{2}$

$= 2\frac{1}{2}$ വാര

$\therefore$ 105 വാരനഷ്ടപ്പെടുന്നതിനിടയിൽ ചാടുന്ന ചാട്ടം $= 105 \div 2\frac{1}{2}$

$= 42$

ഉത്തരം—മാൻ 42 ചാട്ടം ചാടുന്നതിനിടയിൽ സിംഹം അതിന്മേൽ ചാടിവീണു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

നവവത്സരപ്രശ്നമായ 3–ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം കണ്ടുപിടിക്കുന്നതിൽ എല്ലാവരും വിജയിച്ചിരിക്കുമെന്നു വല്യേട്ടൻ വിശ്വസിക്കുന്നു. മിടുമിടുക്കന്മാരായ ഒരു ബാലഗണമല്ലേ അണിയിൽ നില്ക്കുന്നതു്? എല്ലാവർക്കും നവവത്സരത്തിന്റെ ആശംസകൾ ഉണ്ണിയിശോ നിങ്ങളോരോരുത്തരുടേയും പിരിയാത്ത കൂട്ടുകാരനായിരിക്കട്ടെ.


ഈ ആശംസയിൽ വളരെ അർത്ഥമുണ്ടു്. നിങ്ങളുടെ യാതൊരു പ്രവൃത്തിയും ആ സ്നേഹഈശോയ്ക്കു ഇഷ്ടമില്ലാത്തതാവരുതു്. നിങ്ങളുടെ നല്ല ഹൃദയങ്ങളിൽ എഴുന്നെള്ളിയിരുന്നു, നിങ്ങളുടെ ഓരോരുത്തരുടേയും ഓരോ വിചാരവും വികാരവും, നോക്കും വാക്കും, ഉത്സാഹവും അലസതയും ചുരുക്കത്തിൽ ഓരോ പ്രവൃത്തിയും ആ നല്ല കുഞ്ഞുസ്നേഹിതൻ ഹൃദയാഭിലാഷത്തോടുകൂടി നോക്കിക്കൊണ്ടിരിക്കുകയാണു്. നമ്മുടെ നിരന്തരവിജയമാണു് അവിടുത്തെ ലക്ഷ്യം. നമ്മുടെ തോൽവി അവിടുത്തെ വേദനിപ്പിക്കും. അതുകൊണ്ടു് ഈ പുതിയ വത്സരം—1955—തുടർച്ചയായ വിജയങ്ങളുടെ ഒരു നീണ്ട ശൃംഖലയായിത്തീരുന്നതിനും, അങ്ങനെ അതു ഉണ്ണിയീശോയ്ക്കു പ്രിയംകരവും, ഓരോരുത്തർക്കും ഫലപ്രദവുമായിരിക്കുന്നതിനും വല്യേട്ടൻ ആശംസിക്കുകയാണു്. ജയ് ക്രിസ്തുരാജ്!

## പ്രശ്നം നമ്പർ 4

ക്രിസ്തുമസ് പ്രമാണിച്ചു ഞാൻ അങ്ങാടിയിൽപോയി കുറെ മധുരനാരങ്ങ വാങ്ങിച്ചു. വീട്ടിലെത്തുന്നതിനുമുമ്പു് ഒഴിക്കാൻ പാടില്ലാത്ത സ്വന്തക്കാരും സ്നേഹിതരുമായി 5 പേർ എന്നെ പിടികൂടി. ആദ്യം കണ്ടയാൾ വളരെ നിർബന്ധസ്വഭാവക്കാരനാണു്. അയാൾക്കു എന്റെ നാരങ്ങക്കൂട്ടത്തിന്റെ പകുതിവേണം, കൂടിയേ കഴിയൂ. അയാൾ പകുതി എണ്ണിയെടുത്തു. എങ്കിലും ഒരെണ്ണം എനിക്കു മടക്കിത്തന്നു. പുറകേ പുറകേ കണ്ട കൂട്ടുകാർക്കും ഇതുതന്നെ നിർബന്ധം ഒപ്പമൊപ്പം പങ്കുവയ്ക്കണം. പക്ഷേ, പിരിയുന്നതിനുമുമ്പു ഒന്നുകിൽ ഒരെണ്ണം കൂടുതൽ അവരെനിക്കു തരും. അല്ലെങ്കിൽ ഞാൻ ചോദിച്ചുവാങ്ങിക്കും. പല കടമ്പുകടന്നു അവസാനം ഞാൻ വീട്ടിലെത്തി. എന്റെ കുഞ്ഞുമക്കൾ ബേബിയും ജോളിയും ഓടിവന്നു. എന്റെ കൈയിൽ ശേഷിച്ച രണ്ടു നാരങ്ങയിൽ ഓരോന്നു അവർക്കു കൊടുത്തു ക്രിസ്തുമസിന്റെ സന്തോഷത്തിൽ അവരെ ആനന്ദിപ്പിക്കാൻ കഴിഞ്ഞു. സ്നേഹിതന്മാരെക്കൊണ്ടുള്ള പൊല്ലാപ്പുകേട്ടു്! ഈശോരക്ഷിച്ചു! ആകട്ടെ, ഞാനെത്ര നാരങ്ങ വാങ്ങിച്ചുവെന്നു കൂട്ടിപ്പറയുക? (ശരിയുത്തരം അടുത്തതിൽ)

സ്വന്തം വല്യേട്ടൻ

## വിനോദവീഥി



"പൊന്നുമോനെ കൊല്ലം ഒന്നാമനായി ജയിച്ചല്ലോ. നമ്മുടെ ഭാഗ്യം!"

"ഞാൻ ജയിച്ചതു പന്തുതട്ടാൻ മാത്രമാണപ്പച്ചാ. പരീക്ഷയ്ക്കും മറുകുമെഴുതാൻ സമയം ഉണ്ടായിരുന്നില്ല."

* * *

ആ വീട്ടിൽ അന്നൊരു സുദിനമായിരുന്നു ആ സൗഭാഗ്യരായ ദമ്പതികൾക്കു ആദ്യശിശു ജനിച്ച ദിവസം!

ഒരാഴ്ച കഴിഞ്ഞു. ഭർത്താവു ഭാര്യയെ സമീപിച്ചു ചോദിച്ചു:–"നമ്മുടെ ഓമനക്കുഞ്ഞിനു പേരു വേണമല്ലോ; എന്താണു നിന്റെ ഇഷ്ടം?"

ഭാര്യ:– അവളുടെ പേരു കൊച്ചുത്രേസ്യാ എന്നിടാം. ലിസി എന്നു വിളിക്കുന്നതു നല്ല ചേർച്ചയാ. ഭർത്താവു ശാന്തശീലനായെങ്കിലും ഒരു സൂത്രം പ്രയോഗിച്ചു:– "എനിക്കും അതു വലിയ ഇഷ്ടമാണു്. എന്റെ വിവാഹത്തിനു ആദ്യം ആലോചിച്ച സ്ത്രീയുടെ പേരു അതായിരുന്നു. അവളുടെ ഓർമ്മ അതുവഴി നിലനിൽക്കും."

ഭാര്യ:–(ആലോചിച്ചിട്ടു്) "അല്ലെങ്കിൽ വേണ്ട. നമ്മുടെ സ്നേഹമുള്ള അമ്മയുടെ പേരല്ലേ ആദ്യത്തെ ശിശുവിനിടേണ്ടതു്? അവളുടെ പേരു അന്നമ്മ എന്നുതന്നെ ആവട്ടെ."

ഭർത്താവു:– കൊള്ളാം. നിന്റെ ഇഷ്ടം!